
# സത്യദൂതൻ

2022 മെയ് | ലക്കം 05 വില ₹ 30



## സമാധാനത്തിന്റെ ദീപസ്തംഭം

## കമ്മ്യൂണിസം മുതലാളിത്തം ഇസ്‌ലാം: സാമ്പത്തിക തത്വങ്ങളുടെ അന്തരങ്ങൾ

## കടംവാങ്ങി മുടിഞ്ഞ ശ്രീലങ്ക

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




### Quran
Read the Holy Quran in easy
Yassarnal Quran Font




### Conditions of Bai'at
A pocket reference of
Shara't-e-Bai'at in 7 languages



### Sermons
Huzoor's Friday Sermons
In 15 languages




### MTA
Watch MTA Live, view
Schedule and much more



### Ahmadiyya News
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below







The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2022 മെയ്
ഹി.ശ.1402- ഹിജറത്ത്
1443 റംസാൻ - ശവ്വാൽ
പുസ്തകം 94 ലക്കം 05
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

പ്രഭാഷണം

**സമാധാനത്തിന്റെ ദീപസ്തംഭം**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ ആഗോള അദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ തിരുമനസ്സ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു) 2018 ഒക്ടോബർ 19ന് അമേരിക്കയിലെ ഫിലാഡെൽഫിയയിൽ നിർമ്മിച്ച മസ്ജിദ് ബൈത്തുൽ ആഫിയത്തിന്റെ (സുരക്ഷിതത്വത്തിന്റെ ഗേഹം) ഉത്ഘാടനവേളയിൽ നടത്തിയ പ്രഭാഷണം. വിവ: സഫ്‌വാൻ വാഴക്കാല

**12**

**കമ്മ്യൂണിസം മുതലാളിത്തം ഇസ്‌ലാം സാമ്പത്തിക തത്വങ്ങളുടെ അന്തരങ്ങൾ**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**16**

**ആഗോള യുദ്ധ സാഹചര്യവും സമാധാനത്തിലേക്കുള്ള പാതയും**

എ.എം. മുഹമ്മദ് സലീം

**21**

**ആത്മീയാനുഭൂതി ഉണർത്തുന്ന പിതൃസ്മരണകൾ**

അഹ്മദ് ഇസ്മായിൽ

**25**

**ആദ്**
**മരുകാറ്റിൽ തിരോഭവിച്ച അറേബ്യൻ ജനത – 4**

എ.എം. മുഹമ്മദ് സലീം

**29**

**ഇബ്നുബത്തൂത്ത: മഹാനായ സഞ്ചാരി**

ആരിഫ് മുനവ്വർ

**33**

ഭാഗം - 27

**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**

(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

ഇബ്നു വഫാ ബേപ്പൂർ

**39**

കുറിപ്പുകൾ

**കംഗാളി മുടിഞ്ഞ ശ്രീലങ്ക**

മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരിൽ നിന്നും പല വിഭാഗക്കാർക്കും നാം ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുത്തതിന് നേരെ നീ കണ്ണുകളുയർത്തരുത്.(20:131) ഏതൊന്ന് കൊണ്ട് അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നുവോ അത് നിങ്ങൾ കൊതിക്കരുത് (4:33)





## നബിവചനം

അബുദർദാഅ് (റ) നിവേദനം: റസൂൽ തിരുമേനി ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: നിങ്ങൾ എന്നെ ദുർബലരുടെയും ദരിദ്രരുടെയും ഇടയിൽ അന്വേഷിക്കുക. തീർച്ചയായും നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുന്നതും നിങ്ങൾക്ക് സഹായം നൽക്കപ്പെടുന്നതും നിങ്ങളുടെ ഇടയിലുള്ള ബലഹീനർ നിമിത്തമാണ്. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ദൈവത്തിന്റെ സ്നേഹം

സുകൃതവാന്മാരായ ദാസരെയല്ലാതെ അല്ലാഹു ആരെയും ഗണ്യമാക്കാറില്ല. നിങ്ങൾ പരസ്പരം സൗഭ്രാത്രവും സ്നേഹവും പുലർത്തുവീൻ. എല്ലാതരത്തിലുള്ള കളിയാക്കലുകളിൽ നിന്നും പരിഹാസോക്തികളിൽ നിന്നും നിങ്ങൾ പൂർണ്ണമായും അകന്നുകൊള്ളുവീൻ. പരിഹാസം മനുഷ്യന്റെ ഹൃദയത്തെ സത്യത്തിൽ നിന്നും അകറ്റിക്കളയുകയും എങ്ങോ കൊണ്ടെത്തിക്കികയും ചെയ്യും. നിങ്ങൾ പരസ്പരം ആദരവോടെ പെരുമാറുവീൻ ഒരുത്തരും തന്റെ സുഖാശ്വാസത്തേക്കാൾ തന്റെ സഹോദരന്റെ സുഖാശ്വാസത്തെ മുന്തിക്കട്ടെ അല്ലാഹുവുമായി സത്യസന്ധമായ സന്ധിയുണ്ടാക്കുക. അവന്റെ അനുസരണത്തിലേക്ക് മടങ്ങുവിൻ. അല്ലാഹുവിന്റെ ക്രോധം ഭൂമിയിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു. പൂർണ്ണ നിലയിൽ തന്റെ കുറ്റങ്ങളിൽ നിന്നും പശ്ചാത്തപിച്ചു അവന്റെ സവിധത്തിൽ ഹാജരാവുന്നവൻ മാത്രമേ അതിൽ നിന്ന് രക്ഷപ്പെടുകയുള്ളൂ. (മൽഫൂസാത്ത്)



എഡിറ്റോറിയൽ

# വ്യാപാരം സക്രിയമാണ് പലിശ നാശകാരിയും


**'പലിശമുതൽ ഭക്ഷിക്കുന്നവൻ, ഭ്രാന്താകുന്ന പിശാച് ശക്തമായ ആഘാതമേൽപ്പിച്ച ഒരുവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുന്നതല്ല. അതിനു കാരണം വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന വ്യാപാരം പലിശക്ക് പണം കടംകൊടുക്കുന്നത് പോലെ തന്നെയാണെന്ന് അവർ പറയുന്നുവെന്നുള്ളത് കൊണ്ടത്രെ. എന്നാൽ അല്ലാഹു വ്യാപാരം അനുവദിക്കുകയും പലിശ നിരോധിക്കുകയും ചെയ്തിരിക്കുന്നു.'(2: 276)**

ഇസ്‌ലാം ജീവിത തിരസ്ക്കാരത്തിന്റേയോ ഭൗതിക നിഷേധങ്ങളുടെയോ മതമല്ല. ആത്മീയതയുടെ പേരിലുള്ള ജീവിത വിരക്തി ഇസ്‌ലാം അനുവദിക്കുന്നില്ല. ജീവിതം ആസ്വദിക്കാനും അനുഭവിക്കാനും നീതിപൂർവ്വം ഭൗതിക വ്യവഹാരങ്ങളിൽ ഏർപ്പെടാൻ ഇസ്‌ലാം വിശ്വാസികളെ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വ്യാപാരം ഇസ്‌ലാം അനുവദിക്കുകയും പലിശയിലധിഷ്ഠിതമായ ബാങ്കിംങ്ങ് നിരോധിക്കുകയുമാണ് ചെയ്തത്. മാനവകുലോത്തമനായ ഇസ്‌ലാമിന്റെ സ്ഥാപകൻ മുഹമ്മദ് നബി (സ) തന്നെ ഉത്തമനായൊരു വ്യാപാരിയായിരുന്നു.

കച്ചവടം എന്നത് പങ്കെടുക്കുന്നവർക്കെല്ലാം മിക്കവാറും ക്ഷേമം പ്രദാനം ചെയ്യുന്ന സക്രിയമായ ഒരു സാമ്പത്തിക പ്രവർത്തനമാണ്. ഡിമാന്റും സപ്ലൈയും മറ്റു കമ്പോള ശക്തികളുമാണ് ചരക്കുകളുടെയും സേവനങ്ങളുടെയും വിലയും വ്യാപാരവും നിയന്ത്രിക്കുന്നത്. വ്യാപാര സംരഭകൻ കമ്പോള ശക്തികളുടെ സൂക്ഷ്മമായ ചലനങ്ങളെ ജാഗ്രതയോടെ നിരീക്ഷിച്ച് നഷ്ടസാദ്ധ്യതകളെ തരണം ചെയ്ത് ചരക്കുകൾ വിനിമയം ചെയ്യുന്നതാണ് വ്യാപാരം. വ്യാപാരത്തിൽ സ്വാഭാവികമായുണ്ടാവുന്ന ലാഭവും നഷ്ടവും അതിൽ പങ്കുകൊള്ളുന്നവർ അനുഭവിക്കുന്നു. കച്ചവടത്തിലൂടെ സമ്പത്തിന്റെ കുന്നുകൂടൽ സക്കാത്ത് മുഖേന ഇസ്‌ലാം തടയുന്നു. സക്കാത്ത് ലാഭത്തിനോ വരുമാനത്തിനോ ചുമത്തുന്ന നികുതിയല്ല. മൂലധനത്തിലാണ് സക്കാത്ത് ചുമത്തുന്നത്. അതായത് മുതലാളിത്തത്തിന്റെ ദൂഷ്യം ചെറുക്കുന്ന പാവങ്ങൾക്ക് വേണ്ടിയുള്ള ഏറ്റവും ശക്തിമത്തായ സാമ്പത്തിക സമീകരണ സംവിധാനമാണ് സക്കാത്ത്.

പലിശ എന്നത് മൂലധനമുപയോഗിച്ചുള്ള കടുത്ത ചൂഷണമാണ്. വ്യാപാരവും പലിശയും തമ്മിലുള്ള വ്യത്യാസം സാമ്പത്തിക-ധാർമിക തത്വങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾ വകതിരിവോടെ മനസ്സിലാക്കുന്നില്ല എന്നതാണ് ആധുനിക ലോകത്തെ ഏറ്റവും വലിയ ദുരന്തം.

സമൂഹത്തെ സേവിക്കാൻ മനുഷ്യൻ കണ്ടെത്തിയ മാദ്ധ്യമമാണ് പണം. സാധനത്തിന് പകരം സാധനം വിനിമയം ചെയ്യപ്പെട്ടിരുന്ന പുരാതനകാലത്തെ ബാർട്ടർ സമ്പ്രദായത്തിൽ നിന്നും മനുഷ്യൻ പുരോഗതിയിലേക്ക് കുതിച്ചുയർന്നത് പണത്തിന്റെ കണ്ടുപിടുത്തത്തോടെയാണ്. മനുഷ്യസമൂഹത്തെ സേവിക്കുക എന്ന ഒരു സാമൂഹിക ധർമ്മമാണ് പണത്തിന്നുള്ളത്. സമൂഹമാണ് പണത്തിന് ആ മൂല്യവും ഗുണവും നൽകിയത്. ചരക്കുകളുടെ പ്രതീകം മാത്രമാണ് പണം. അതിന് സ്വന്തമായി മൂല്യമില്ല. പണത്തിന്റെ മേന്മ അത് കൂട്ടിവെക്കാനും ശേഖരിച്ച് വെക്കാനും കഴിയും എന്നതാണ്. സമൂഹം പണത്തിന് നൽകിയ ഈ ഗുണമാണ് കൂട്ടിസൂക്ഷിച്ച് പണമില്ലാത്തവനെ ചൂഷണം ചെയ്യാൻ പലിശക്കാരൻ ഉപയോഗിക്കുന്നത്. അതും ധനമായി അധമർണന് നൽകുന്ന പലിശപണം സമയം കഴിയുന്തോറും പലിശയായും കൂട്ടുപലിശയായും വർദ്ധിക്കുന്ന അത്യന്തം ചൂഷണാത്മകമായ വ്യവസ്ഥയോടെയാണ് പലിശക്കാരനോ ബാങ്കോ പണം നൽകുന്നത്. സമയം എന്നത് മനുഷ്യന്റെ നിയന്ത്രണത്തിലുള്ളതോ ചരക്കിലോ സേവനത്തിലോ എന്തെങ്കിലും മൂല്യം വർദ്ധിപ്പിക്കുന്നതോ അല്ല. അങ്ങനെയുള്ള സമയമാണ് പലിശ വർദ്ധിപ്പിക്കുന്ന ഘടകം. ചുരുക്കത്തിൽ അധമർണൻ കടം വാങ്ങിയ പലിശപണം തിരിച്ചടക്കാതെ വരുമ്പോൾ വ്യക്തിയും രാജ്യവും കടക്കെണിയിൽ പെട്ട് തകരുന്നു. അതാണ് അല്ലാഹു പറഞ്ഞത് **'വല്ലവനും (പലിശയിലേക്ക്) മടങ്ങുകയാണെങ്കിൽ അവർ നരകാവകാശികളത്രെ. അവർ അതിൽ വസിച്ചുകൊണ്ടേ പോകും. അല്ലാഹു പലിശയെ മായ്ച്ച് കളയുകയും ദാനധർമ്മങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കടുത്ത അവിശ്വാസിയും മഹാപാപിയുമായ ഒരുവനേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല' (2:277-278)**



ഹദ്റത്ത് അഹ്മദ് (അ)

# സകലതും ദുനിയാവ് തന്നെയെന്ന് കരുതരുത്

ശ്രദ്ധിച്ചു കേൾക്കുക. നിങ്ങൾ അന്യസമുദായങ്ങളെ കണ്ട് അവർ ഭൗതികമായ പദ്ധതികളിൽ അഭിവൃദ്ധിപ്പെട്ടിരിക്കുന്നുവെന്നും അതുകൊണ്ട് വരിക നമുക്കും അവരുടെ ചവിട്ടടികളിലൂടെ നടക്കാമെന്നും ആശിച്ചുപോകരുത്. കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുവീൻ. നിങ്ങളെ തന്നിലേക്ക് വിളിക്കുന്ന ദൈവത്തിൽ നിന്നും അവർ അങ്ങേയറ്റം അപരിചിതരും അശ്രദ്ധരുമാണ്. അവരുടെ ദൈവം എന്ത് വസ്തുവാണ്? കേവലം ദുർബലനായ ഒരു മനുഷ്യൻ! ഇത്കൊണ്ട് അവർ അശ്രദ്ധയിൽ തള്ളപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങൾ സകലതും ദുൻയാവിലെ സമ്പത്തിൽ നിന്നും തൊഴിലെടുക്കുന്നതിൽ നിന്നും തടയുന്നില്ല. എന്നാൽ നിങ്ങൾ സകലതും ദുനിയാവു തന്നെ എന്ന് കരുതുന്നവരുടെ അനുയായികളായി തീരരുത്. നിങ്ങൾ എല്ലാ ഒരോ പ്രവർത്തിയിലും അത് ഭൗതികമോ മതപരമോ ആയിക്കൊള്ളട്ടെ അല്ലാഹുവിനോട് കഴിവും കരുത്തും തേടികൊണ്ടിരിക്കേണ്ടതാണ്. എന്നാൽ വെറും വരണ്ടുണങ്ങിയ ചുണ്ടുകളാലല്ല മറിച്ച് എല്ലാ ഓരോ അനുഗ്രഹങ്ങളും ഉപരിലോകത്ത് നിന്ന് മാത്രമാണിറങ്ങുന്നതെന്ന യഥാർത്ഥ വിശ്വാസം നിങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്. ഒരോ പ്രവർത്തന വേളയിലും ഓരോ വിഷമസന്ധിയിലും നിങ്ങൾ എന്തെങ്കിലും പ്രയത്നിക്കുന്നതിന് മുമ്പേ നിങ്ങൾ വാതിൽ അടക്കുകയും അല്ലാഹുവിന്റെ തിരുസന്നിദ്ധിയിൽ വീഴുകയും ഞങ്ങൾക്ക് ഈ പ്രയാസം നേരിട്ടി രിക്കുന്നു. നിന്റെ അനുഗ്രഹവും കൊണ്ട് അകറ്റിത്തരേണമേ എന്ന് അർത്ഥിക്കുകയും ചെയ്യുന്നവരേപ്പോലെ ആകുമ്പോൾ മാത്രമെ നിങ്ങൾ സത്യാവാന്മാരാകുന്നുള്ളൂ. അപ്പോൾ പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കുകയും അദൃശ്യത്തിൽ നിന്ന് എന്തെങ്കിലും വഴി നിങ്ങൾക്ക് തുറക്കുകയും ചെയ്യുന്നതായിരിക്കും. നിങ്ങളുടെ ജീവനോട് കരുണ കാണിക്കുക. അല്ലാഹുവുമായുള്ള ബന്ധം തികച്ചും വിഛേദിക്കുകയും പൂർണ്ണമായും ഭൗതികമായ വഴിയിൽ വീഴുകയും ശക്തി ചോദിച്ചു വാങ്ങുന്നതായി വായ കൊണ്ട് ഇൻശാ അല്ലാഹ് എന്ന് പോലും പറയാതിരിക്കുകയും ചെയ്യുന്നവരുടെ അനുയായികൾ ആകാതിരിക്കുക. ...... നിങ്ങൾ അവനോട് സഹായം ചോദിക്കാതിരിക്കുകയും പ്രവർത്തിക്കാനുള്ള ശക്തി അവനോട് ചോദിക്കുന്നത് ഒരു ശീലമാക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾക്കൊരു വിജയവും ലഭിക്കുകയില്ല. അവസാനം വലിയ നിരാശയോടെ മരിക്കുകയും ചെയ്യും.

ആത്മീയകാര്യങ്ങളെ പറ്റി അറിവില്ലാത്ത മനുഷ്യാ! ഉണരുക, ഈ ജാലകം തുറന്നിടുകയും ചെയ്യുക. അപ്പോൾ സൂര്യൻ തന്നത്താൻ നിന്റെയുള്ളിൽ പ്രവേശിക്കുന്നതാണ്. അല്ലാഹു ഇക്കാലത്ത് ഭൗതിക സമൃദ്ധിയുടെ വഴികൾ അടച്ചിടാതെ വർദ്ധിപ്പിച്ചുവെന്ന് വരുമ്പോൾ നിങ്ങൾക്കേറ്റവും ആവശ്യമായിട്ടുള്ള ആത്മീയ സമൃദ്ധികളുടെ വഴികൾ അടച്ചു കളഞ്ഞുവെന്ന് നിങ്ങൾ ധരിക്കുന്നുവോ? അങ്ങനെ ഒരിക്കലുമില്ല. പ്രത്യുത കൂടുതൽ തെളിമയാർന്ന രീതിയിൽ ആ വാതിൽ തുറക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്.

***(കിശ്തിയെ നൂഹ്)***

അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ ആഗോള അദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ തിരുമനസ്സ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു) 2018 ഒക്ടോബർ 19ന് അമേരിക്കയിലെ ഫിലാഡെൽഫിയയിൽ നിർമ്മിച്ച മസ്ജിദ് ബൈത്തുൽ ആഫിയത്തിന്റെ (സുരക്ഷിതത്വത്തിന്റെ ഗേഹം) ഉത്ഘാടനവേളയിൽ നടത്തിയ പ്രഭാഷണം. **വിവ: സഫ്‌വാൻ വാഴക്കാല**

# സമാധാനത്തിന്റെ ദീപസ്തംഭം




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ബഹുമാന്യ അതിഥികളെ,

അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തഹു - നിങ്ങളുടെ മേൽ അല്ലാഹുവിൽ നിന്നുള്ള ശാന്തിയും സമാധാനവും അനുഗ്രഹങ്ങളും വർഷിക്കപ്പെട്ടു മാറാകട്ടെ..

ഞാനാദ്യമായി, നഗരത്തിലെ ഞങ്ങളുടെ ഈ പുതിയ പ്രാർത്ഥനാലയത്തിന്റെ ഉത്ഘാടനമെന്ന വിശിഷ്ടവും ആഹ്ലാദകരവുമായ ചടങ്ങിലേക്ക് ഞങ്ങളുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് എത്തിച്ചേർന്നിട്ടുള്ള എല്ലാ മാന്യ അതിഥികൾക്കും ഹൃദയാത്മനാ നന്ദി പറയുകയാണ്.

മനുഷ്യർക്ക് സാമൂഹികമായ ഇടപെടലുകളില്ലാതെ, സഹജീവികളുമായി പരസ്പര ബന്ധമുണ്ടാക്കാതെ അതിജീവനം സാധ്യമല്ലയെന്നത് ഒരു ജീവിത യാഥാർത്ഥ്യമാണ്. വർണ്ണ-വർക്ഷ- മത- സാമൂഹിക പശ്ചാത്തല വ്യത്യാസങ്ങളെ മാറ്റിനിറുത്തിയാൽ മനുഷ്യരെന്ന നിലയിൽ നാമെല്ലാം ഒന്നാണ്. അതിനാൽ, സ്വയമൊരു ദ്വീപായി ഒറ്റപ്പെട്ടു കഴിയാതെ, തങ്ങളുടെ പ്രത്യേക സമുദായംഗങ്ങളുമായി മാത്രം ഇടകലർന്ന് ജീവിക്കാതെ, മറ്റെല്ലാ മനുഷ്യരോടും സാമൂഹികമായ ഇടപെടലുകൾ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

എല്ലാ നിലയ്ക്കും വളരെയധികം പ്രാധാന്യമുള്ളതാണ് പരസ്പരമുള്ള ആശയവിനിമയം. അത് അതിരുകളെ ഭേദിക്കുന്നതിനും സഹജീവികളെക്കുറിച്ചുള്ള അറിവും ധാരണയും വിപുലപ്പെടുത്തുന്നതിനും സഹായിക്കുന്നു. ജനങ്ങൾ തമ്മിലും വ്യത്യസ്ത സമുദായങ്ങൾ തമ്മിലും ആദരവോടുകൂടിയ സംവാദങ്ങളും സംഭാഷണങ്ങളും നടക്കേണ്ടത് സമൂഹത്തിന്റെ വികാസ-പരിണാമത്തിനും കൂട്ടായ്മയുടെയും സമാധാനത്തിന്റെയുമന്തരീക്ഷം വളർത്തിയെടുക്കുന്നതിനും അനിവാര്യമാണ്. അതുകൊണ്ട് തന്നെ, ഇന്നിവിടെ ഈ ചടങ്ങിൽ പങ്കെടുക്കാൻ ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ നിന്നും സമയം കണ്ടെത്തിയ

നിങ്ങളെല്ലാവരോടും എനിക്ക് വലിയ ബഹുമാനമാണ്. ഒരു മുസ്‌ലിം പള്ളി പ്രാർത്ഥനയ്ക്കായി തുറന്നു കൊടുക്കപ്പെടുന്ന, തികച്ചും മതപരമായ ചടങ്ങിൽ, നിങ്ങളിലധികം പേരും ഇസ്‌ലാം മത വിശ്വാസികളല്ലാഞ്ഞിട്ടുപോലും, ഞങ്ങളുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് പങ്കെടുക്കുകയുണ്ടായി. നിങ്ങളുടെ ഈ ഉന്നതമായ സഹിഷ്ണുതയെയും സഹജീവികളോടുള്ള ആദരവിനെയും കുറിച്ച് എത്രമാത്രം പുകഴ്ത്തിയാലും മതിയാവുകയില്ല.

ഈ പരിപാടിയിലെ നിങ്ങളുടെ പങ്കാളിത്തം വ്യക്തിപരമായ നിലയിൽ നിങ്ങൾ അഹ്മദികളുമായുള്ള ബന്ധം ദൃഢപ്പെടുത്താൻ ആഗ്രഹിക്കുന്നുവെന്നതിനുള്ള തെളിവാണ്. അതിനോടൊപ്പം, ഞങ്ങളുടെ മതത്തെക്കുറിച്ച് കൂടുതലായി അറിയാനുള്ള നിങ്ങളുടെ ജിജ്ഞാസയെയും അത് സൂചിപ്പിക്കുന്നു. മാത്രമല്ല നിങ്ങൾ കേട്ടുകേൾവികളും കിംവദന്തികളും അന്ധമായി വിശ്വസിക്കാൻ തയ്യാറാകാത്തവരാണെന്നും കൂടി ഇത് തെളിയിക്കുന്നു.

അപൂർണ്ണവും കൃത്യതയില്ലാത്തതുമായ നിരവധി റിപ്പോർട്ടുകൾ പുറത്തു വരുന്ന ഇക്കാലത്ത് ഇസ്ലാമിന്റെ സത്യത തേടിയുള്ള നിങ്ങളുടെ അന്വേഷണം അഭിനന്ദനാർഹമാണ്. മുസ്ലിങ്ങളെക്കുറിച്ച് മാധ്യമങ്ങൾ പറയുന്നതോ ഇസ്ലാമിക വിരുദ്ധ ശക്തികൾ ചിത്രീകരിക്കുന്നതോ അപ്പാടെ വിഴുങ്ങാതെ എന്താണ് ഇസ്ലാമെന്നും അതെന്തിനെ പ്രതിനിധാനം ചെയ്യുന്നുവെന്നും മനസ്സിലാക്കാൻ നിങ്ങൾ നേരിട്ട് ഇവിടെ വന്നിരിക്കുന്നു. ഞാനതിന് നിങ്ങളെ അഭിനന്ദിക്കുകയും ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്നതാണ് അഹ്മദിയ്യാ മുസ്ലിം സമൂഹത്തിന്റെ മുദ്രാവാക്യമെന്ന് നിങ്ങൾക്ക് നല്ലപോലെ അറിവുള്ളതാണല്ലോ. ഇത് പുതിയതോ, ഞങ്ങൾ പെട്ടെന്ന് ചിട്ടപ്പെടുത്തിയതോ അല്ല. മറിച്ച് ഈ മുദ്രാവാക്യം ഇസ്ലാമിന്റെ വിശുദ്ധ ഗ്രന്ഥമായ പരിശുദ്ധ ഖുർആന്റെയും ഇസ്ലാമിന്റെ സ്ഥാപകർ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബിയുടെയും അധ്യാപനങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്.

പരസ്പര ബഹുമാനവും സഹിഷ്ണുതയും അടിസ്ഥാന മാനുഷിക മൂല്യങ്ങളാണെന്ന് തുടക്കം മുതലേ ഇസ്ലാം പഠിപ്പിച്ചുപോരുന്നതാണ്. ഉദാഹരണത്തിന് വിശ്വാസ വൃത്തത്തിലുൾപ്പെടാത്ത ജനസമൂഹത്തിന്റെ ആരാധനാവിഗ്രഹങ്ങളെ നിങ്ങൾ മോശമായി സംബോധന ചെയ്യരുതെന്നും അങ്ങനെ ചെയ്താൽ സർവ്വശക്തനായ അല്ലാഹുവിനെ അധിക്ഷേപിക്കാൻ അവർ പ്രേരിപ്പിക്കപ്പെടുമെന്ന് വിശുദ്ധ ഖുർആനിലെ 6-ാം അധ്യായത്തിലെ 109-ാം വചനത്തിൽ പ്രസ്താവിക്കപ്പെടുന്നു. ഇപ്രകാരം സാമൂഹിക സംഘർഷങ്ങൾ ആളികത്തിക്കപ്പെടുന്നില്ലയെന്ന് ഉറപ്പുവരുത്തുന്നതിനും വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും ചാക്രികമായ ആവൃത്തിയിൽ നിന്നും സമൂഹത്തെ സംരക്ഷിക്കുന്നതിനും എല്ലാ സമയത്തും ക്ഷമയും സംയമനവും കൈക്കൊള്ളുവാൻ മുസ്ലിങ്ങൾ ബോധനം ചെയ്യപ്പെട്ടിരിക്കുന്നു.

ഇതര മതങ്ങളെയും അവരുടെ ഗുരുക്കന്മാരെയും മുസ്ലിങ്ങൾ ആദരിക്കുന്നില്ലെന്ന ആരോപണം സത്യത്തിൽനിന്നും എത്രയോ കാതം അകലെയാണ്. യഥാർത്ഥത്തിൽ, എല്ലാ ദേശങ്ങളിലേക്കും സമൂഹങ്ങളിലേക്കും അവരെ മാർഗദർശനം ചെയ്യുന്നതിനും പരിഷ്കരിക്കുന്നതിനുമായി ദൈവത്തിന്റെ പ്രവാചകന്മാർ അയക്കപ്പെട്ടിട്ടുണ്ടെന്നാണ് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളെ അടിസ്ഥാനപ്പെടുത്തി മുസ്ലിങ്ങൾ വിശ്വസിക്കുന്നത്. എല്ലാ പ്രവാചകന്മാരുടെയും സത്യതയിൽ ഞങ്ങൾക്ക് അചഞ്ചല വിശ്വാസമാണുള്ളത്. മനുഷ്യനെ ദൈവത്തിലേക്ക് അടുപ്പിക്കുന്നതിനും ധാർമ്മികത പഠിപ്പിക്കുന്നതിനും മനസാക്ഷി, സ്വാതന്ത്ര്യം, നീതി, സഹാനുഭൂതി തുടങ്ങിയ സാർവത്രിക മാനുഷികമൂല്യങ്ങളെ സമൂഹത്തിൽ നടപ്പിൽ വരുത്തുന്നതിനുമായിരുന്നു അവരെല്ലാം നിയോഗിക്കപ്പെട്ടതെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഈ അധ്യാപനമിരിക്കെ, ഇതര മതങ്ങളെയും അവയുടെ അനുയായികളെയും അവഹേളിക്കാനും അനാദരിക്കാനും ഞങ്ങൾക്കെങ്ങനെ സാധ്യമാകും?

അതുകൊണ്ട് തന്നെ, ആരെയും വെറുക്കുന്നില്ലയെന്ന, ഞങ്ങൾ, അഹ്മദി മുസ്ലിങ്ങളുടെ വാദം ആത്മാർത്ഥവും നിഷ്കപടവുമാണ്. അതിലുപരിയായി എല്ലാ മനുഷ്യരോടും കലർപ്പില്ലാത്ത സ്നേഹമാണു ഞങ്ങൾക്കുള്ളത്. മറ്റുള്ളവരുടെ നേരെ സൗഹൃദ ഹസ്തം നീട്ടാൻ ഞങ്ങൾ സദാ തയ്യാറുമാണ്. ഇതിനൊരു ചെറിയ ഉദാഹരണം പറയാം. കഴിഞ്ഞ വർഷം, ഇവിടെ, ഫിലാഡെൽഫിയയിലെ പ്രാദേശിക ജൂത സെമിത്തേരി ആക്രമിക്കപ്പെടുകയും സ്മാരകശിലകൾ അലങ്കോലപ്പെടുത്തുകയും ചെയ്തപ്പോൾ, ഈ നികൃഷ്ടമായ കുറ്റകൃത്യത്തിനെതിരെ അവിടെ താമസിക്കുന്ന അഹ്മദികൾ ജൂത സമുഹത്തിനു തങ്ങളുടെ പിന്തുണയും ഐക്യദാർഢ്യവും വാഗ്ദാനം ചെയ്യുകയുണ്ടായി. ഇത്തരം ചെയ്തികൾക്ക് ഒരു തരത്തിലുള്ള കൃതജ്ഞതയും ബഹുമതിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഇതര വിശ്വാസ സമൂഹങ്ങൾ ദുരിതങ്ങളിലും വിപത്തുകളിലുപ്പെട്ടുഴലുമ്പോൾ അവരുടെ തോളോടുതോൾ ചേർന്നു നിൽക്കുക എന്ന് ഞങ്ങളുടെ മതം പഠിപ്പിച്ചു തന്നത് പിന്തുടരുക മാത്രമെ ഞങ്ങൾ ചെയ്യ്തുള്ളു. എല്ലാവിധത്തിലുമുള്ള മുൻവിധികളിൽ നിന്നും വിവേചനങ്ങളിൽ നിന്നും

സ്വതന്ത്രരായി തങ്ങളുടെ ജീവിതം ജീവിക്കാനുള്ള ജനങ്ങളുടെ അവകാശത്തിനുവേണ്ടി നിലകൊള്ളുന്നവരാണ് ഞങ്ങൾ.

ആരെങ്കിലും വസ്തുനിഷ്ഠമായി, സത്യസന്ധതയോടെ ഇസ്ലാമിക ചരിത്രം പരിശോധിക്കുകയാണെങ്കിൽ സാർവത്രിക വിശ്വാസ സ്വാതന്ത്ര്യമെന്നത് ഇസ്ലാമിന്റെ അടിസ്ഥാന കാതൽ ആണെന്നു മനസ്സിലാക്കാൻ കഴിയും. വർഷങ്ങോളം മക്കയിൽവെച്ച് അഭിമുഖീകരിച്ച പീഢാനുവങ്ങളെത്തുടർന്ന് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് നബിയും അനുചരരും പലായനം ചെയ്ത് എത്തിച്ചേർന്ന അറേബ്യൻ നഗരമായ മദീനയിൽ അന്നു സ്ഥാപിതമായ ഭരണകൂടം, തീർച്ചയായും ബഹുസ്വരതയുടെയും, വിശാല വീക്ഷണത്തിന്റെയും മഹത്തായ ആവിഷ്ക്കാരം തന്നെയായിരുന്നു. ഇസ്ലാമിന്റെ പ്രവാചകൻ മറ്റിതര മതങ്ങളുടെയും സമുദായങ്ങളുടെയും നേതാക്കന്മാരുമായി ഒരു ഉടമ്പടി ഉണ്ടാക്കുകയും, അത് വ്യത്യസ്തതകളും വൈവിധ്യങ്ങളും നിലനിന്നിരുന്ന ആ നഗരത്തിന്റെ ഭരണനിർവഹണത്തിനു അടിസ്ഥാനമാകുകയും ചെയ്തു. സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും സമാധാനത്തിലും ശാന്തിയിലും ജീവിച്ചുകൊണ്ട്, അടിച്ചമർത്തലുകളിൽ നിന്നു വിമോചിതരായി തങ്ങളുടെ മതവിശ്വാസം ആചരിക്കാനുള്ള സ്വാതന്ത്ര്യം അത് ഉറപ്പ് വരുത്തി. കൂടാതെ, അക്കാലത്തെ സമ്പ്രദായമനുസരിച്ച് ഓരോ സമുദായവും അവരവരുടെ മത നിയമങ്ങളോ ഗോത്രാചാരങ്ങളോ അനുസരിക്കാൻ ബാധ്യസ്ഥരായിരുന്നു. അങ്ങനെ മുസ്ലിങ്ങൾ ഇസ്ലാമിക ശരിഅത്ത് നിയമത്തെയും ജൂതന്മാർ തൗറാത്തിലെ നിയമങ്ങളെയും മറ്റ് സമുദായങ്ങൾ അവരവരുടെ ആചാര വിശ്വാസാനുഷ്ഠാനങ്ങളനുസരിച്ചുള്ള നിയമങ്ങളെയും പിന്തുടർന്നു.

അതേ സമയം തന്നെ, രാഷ്ട്രത്തിലെ സമാധാനവസ്ഥക്ക് കോട്ടം തട്ടാതെ അത് ഉയർത്തിപ്പിടിക്കുകയെന്നതും മറ്റുള്ളവരുമായുള്ള വ്യവഹാരങ്ങളിൽ മാന്യതയും ബഹുമാനവും പാലിക്കുകയെന്നതും മുഴുവൻ ജനങ്ങളുടെയും കൂടി ഉത്തരവാദിത്വമായിരുന്നു, അവരേതു മതവിശ്വാസം പിന്തുടരുന്നവരായാലും ശരി. പ്രവാചകൻ ഉണ്ടാകിയ ഈ ഉടമ്പടി സമൂഹത്തിൽ സമാധാന അന്തരീക്ഷത്തെ വർധിപ്പിക്കുകയും അങ്ങനെ ഒരു സഹിഷ്ണുതാമനോഭാവമുള്ള ഒരു സമൂഹത്തിന്റെ നിലനിൽപ്പ് ഉറപ്പിക്കുകയും ചെയ്തു. ഇപ്രകാരം 1400 വർഷങ്ങൾക്കു മുന്നേ തന്നെ മദീനയിൽ വ്യത്യസ്ത സാംസ്കാരിക ധാരകൾ ഉൾക്കൊള്ളുന്ന ഒരു സമൂഹത്തെ ശരിയായ നിലയിൽ മിശ്രണം ചെയ്തുകൊണ്ട് വിജയകരമായി ഭരണം നിർവഹിച്ചു. ഞാൻ പറഞ്ഞുവരുന്നത് ഇന്നത്തെ ലോകത്ത് ഒരേക സമൂഹത്തിൽ കഴിയുന്ന വിവിധ സമുദായങ്ങൾക്ക് അവരവരുടേതായ അനവധി വ്യത്യസ്ത നിയമങ്ങൾ വേണമെന്നല്ല. മറിച്ച് ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുന്നത് സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ധാർമ്മികതയും നീതിയും നടപ്പിലാക്കിക്കൊണ്ട്, സാർവത്രിക മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിചുകൊണ്ട് സമൂഹത്തിൽ ശാന്തിയും സമാധാനവും ഉറപ്പു വരുത്തുകയെന്നതായിരിക്കണം നമ്മുടെ പ്രഥമ പരിഗണനയെന്നാണ്. ഇതിനെ വിശദീകരിച്ചുകൊണ്ട് മതപരമായ കാര്യങ്ങളിൽ യാതൊരു വിധത്തിലുള്ള ബലപ്രയോഗവുമില്ലെന്ന് വിശുദ്ധ ഖുർആനും പരിശുദ്ധ പ്രവാചകനും സുവ്യക്തമാക്കിയിട്ടുണ്ട്. ഓരോ വ്യക്തിക്കും അവരവർക്കിഷ്ടമുള്ള വഴി തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ട്. വിശ്വാസമെന്നത് ഹൃദയവുമായി ബന്ധപ്പെട്ടതാകുന്നു. അത് എല്ലായ്പ്പോഴും അങ്ങനത്തന്നെയായിരിക്കുകയും വേണം.

അതേസമയം, മതപരവും വിശ്വാസപരവുമായ വൈജാത്യങ്ങളെ കണക്കിലെടുക്കാതെ, സമൂഹത്തിന്റെ സുസ്ഥിതിക്ക് ഭീഷണിയാകുന്ന ഒരു വിധത്തിലുള്ള പ്രവർത്തനങ്ങളും തങ്ങളിൽ നിന്നുണ്ടാവില്ലെന്നു ഉറപ്പുവരുത്തുകയും കലഹങ്ങളിൽ നിന്നും അകന്നുനിന്നുകൊണ്ട് സമാധാനം കൈക്കൊള്ളേണ്ട ഉത്തരവാദിത്വം ഓരോ പൗരനുമുണ്ടെന്നും ഇസ്ലാം പഠിപ്പിക്കുന്നു. രാജ്യത്തിന്റെ പുരോഗതിയ്ക്കും വികസനത്തിനും വേണ്ടി പ്രയത്നിക്കുന്ന, നിയമമനുസരിക്കുന്ന, കൂറുള്ള പൗരന്മാരായിരിക്കണം ഓരോ വ്യക്തിയുമെന്ന് ഇസ്ലാം അധ്യാപനം നൽകുന്നു. അതിനാൽ, ഈ പുതിയ പള്ളിയെകുറിച്ച് അല്ലെങ്കിൽ ഇത് മുസ്ലിങ്ങൾ ഇതര സമുദായങ്ങൾക്കെതിരെ ഗൂഢപദ്ധതികൾ നടപ്പിൽ വരുത്തുവാനോ വിദ്വേഷം പരത്താനോ ഉപയോഗിക്കുമെന്നോ നിങ്ങൾ ആരെങ്കിലും മനസ്സിൽ കരുതുകയോ ഭയപ്പെടുകയോ ചെയ്യുന്നുവെങ്കിൽ അത്തരം ഉത്ക്കണ്ഠയുടെ ആവശ്യമില്ലെന്ന് ഞാൻ നിങ്ങളെ ആശ്വസിപ്പിക്കുന്നു. ഈ മന്ദിരം സ്നേഹത്തിന്റെയും മമതയുടെയും സാഹോദര്യത്തിന്റെയും പ്രഭയായിരിക്കും ചൊരിയുകയെന്ന് ഉറപ്പു നൽകുന്നു.

ഇതിനോടനുബന്ധിച്ച്, ഒരു മുസ്ലിം പള്ളിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് ഞാൻ ഹ്രസ്വമായി വിവരിക്കാം. ഏക ദൈവത്തെ, അവൻ പഠിപ്പിച്ചു തന്ന രീതിയിൽ ആരാധിക്കുവാനായി പരസ്പര സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ചേതനയോടെ മുസ്ലിങ്ങൾക്കൊന്നിച്ചു കൂടാനായി സൗകര്യമൊരുക്കുകയെന്നതാണ് ഒരു പള്ളിയുടെ പ്രഥമ ലക്ഷ്യം. അതേസമയം തന്നെ, മനുഷ്യകുലത്തെ സേവിക്കുന്നതിനുള്ള സങ്കേതമാവുക എന്നതാണ് രണ്ടാമത്തെ കാതലായ ഉദ്ദേശം. സമൂഹത്തിലെ ഇതര അംഗങ്ങളുടെ അവകാശങ്ങൾ പൂർത്തികരിച്ചുകൊടുക്കുകയെന്നത് ഓരോ ഉപാസകന്റെയും പരമമായ ഉത്തരവാദിത്വമാണ്. തദ്ഫലമായി, ഒരു യഥാർത്ഥ മുസ്ലിം

ആരാധാനാലയം കരുണയുടെയും ഉദാരമനസ്കതയുടെയും ഒരുമയുടെയും അടയാളവും ആവിഷ്കാരവുമായി മാറുന്നു. ലോകത്തെവിടെയുമുള്ള ഞങ്ങളുടെ പള്ളികളിൽ ആരാധന നടത്തുന്ന അഹ്മദിയ്യ സമൂഹത്തിലെ അംഗങ്ങൾ തങ്ങളുടെ നാട്ടുകാരോട് ഉന്നത നിലയിലുള്ള സ്നേഹവും സഹാനുഭൂതിയും വിശ്വസ്തതയും പ്രകടിപ്പിക്കുന്നുവെന്നതിന് അഹ്മദിയ്യ മുസ്ലിം സമൂഹത്തിന്റെ ചരിത്രം സാക്ഷിയാണ്. ഞങ്ങളുടെ പള്ളികൾ അഹ്മദി മുസ്ലിംങ്ങളെ എന്തെങ്കിലും കാര്യത്തിൽ ഉത്തേജിപ്പിക്കുന്നുണ്ടെങ്കിൽ അത് മനുഷ്യകുലത്തിനു സേവനം ചെയ്യുന്നതിനും സഹജീവികളോട് ഹൃദയവിശാലത കാണിക്കുന്നതിനും വേണ്ടിയാണ്. അല്ലാതെ, തീവ്രവാദത്തിനോ ഭീകരവാദ പ്രവർത്തനങ്ങൾക്കോ വേണ്ടിയല്ല. സമൂഹത്തിൽ ശാന്തിയും സമാധാനവും പ്രസരിപ്പിക്കുന്നതിനും ജീവിതത്തിന്റെ എല്ലാ തുറയിലും പെട്ട ജനങ്ങൾക്കിടയിൽ സാഹോദര്യത്തിന്റെയും പരസ്പര മമതയുടെയും സ്നേഹബന്ധം പരിപോഷിപ്പിക്കുന്നതിനും എല്ലാ രൂപത്തിലുമുള്ള വിദ്വേഷവും മതഭ്രാന്തും, ഭിന്നിപ്പും സമൂഹത്തിൽ നിന്നും നിഷ്കാസനം ചെയ്യുന്നതിനുമുള്ള ഞങ്ങളുടെ നിശ്ചയദാർഢ്യത്തെയാണ് അത് ഉത്തേജിപ്പിക്കുന്നത്.

ഈ നഗരം അറിയപ്പെടുന്നത് 'സാഹോദര്യ സ്നേഹത്തിന്റെ നഗരം' എന്നാണ്. നിസ്സംശയം, ഞങ്ങളുടെ ഈ പുതിയ പള്ളി ഒരടയാളമാണ്. അത് നിശ്ചയമായും ഞങ്ങളുടെ പ്രതിബദ്ധതയാണ്. സ്നേഹവും സാഹോദര്യവും സൗമനസ്യവും ഇവിടെയും ഇതിന്റെ ചുറ്റുപാടിനപ്പുറവും പ്രസരിപ്പിക്കാനുള്ള ഞങ്ങളുടെ ശ്രമങ്ങളെ തീവ്രമാക്കുന്നതിനുള്ള പ്രതിജ്ഞ കൂടിയുമാണിത്. ഇത്തരം അവകാശവാദങ്ങൾ പുറപ്പെടുവിക്കുക വളരെ എളുപ്പമാണ്. എന്നാൽ ഞങ്ങളുടെ വാക്കുകളുടെ അകം പൊള്ളയല്ലയെന്നും അത് ശരിക്കും കഴമ്പുള്ളതാണെന്നും ചരിത്രം ദൃഷ്ടാന്തപ്പെടുത്തുന്നു. പറയുന്നത് തന്നെ പ്രാവർത്തികമാക്കാൻ എല്ലായ്പ്പോഴും ഞങ്ങൾ പരിശ്രമിക്കാറുണ്ട്. അതുകൊണ്ട് തന്നെ "ബൈത്തുൽ ആഫിയത്ത്" എന്ന് നാമകരണം ചെയ്തിട്ടുള്ള അക്ഷരാർത്ഥത്തിൽ "സുരക്ഷിതത്വത്തിന്റെ ഗേഹം" എന്നർത്ഥമുള്ള ഈ പള്ളി മുഴുവൻ സമൂഹത്തിനുമുള്ള യഥാർത്ഥ സമാധാനത്തിന്റെ സ്രോതസ്സാകുന്നുവെന്ന് തദ്ദേശീയ ജനത അടുത്തുതന്നെ തിരിച്ചറിഞ്ഞ് അംഗീകരിക്കുമെന്ന് എനിക്കു പൂർണ്ണവിശ്വാസമുണ്ട്.

കൂടാതെ, സമാധാന സ്ഥാപനത്തിനുള്ള ഞങ്ങളുടെ പ്രതിബദ്ധതയും മനുഷ്യകുലത്തെ സേവിക്കുന്നതിന് ഞങ്ങളെടുത്തിട്ടുള്ള പ്രതിജ്ഞയും ഞങ്ങളുടെ വിശ്വാസവും മതപരമായ അധ്യാപനങ്ങളും കാരണത്താലാണെന്ന് സുവ്യക്തമാക്കാൻ ഈയവസരത്തിൽ ഞാനാഗ്രഹിക്കുകയാണ്. വാഗ്ദത്ത മസീഹായും ഇമാം മഹ്ദിയുമായി ഞങ്ങൾ വിശ്വസിക്കുന്ന അഹ്മദിയ്യ മുസ്ലിം സമൂഹത്തിന്റെ സ്ഥാപകർ താൻ മുഹമ്മദ് (സ)യുടെ മസീഹാണെന്നും മോശയെ അനുധാവനം ചെയ്ത മിശിഹയുടെ സമാധാനപൂർണ്ണമായ കാലടികളെയാണ് താൻ പിന്തുടരുന്നതെന്നും പരസ്യമായി വിളംബരപ്പെടുത്തുകയുണ്ടായി. സർവ്വശക്തനായ ദൈവം തന്നെ ഭൂമിയിലേക്ക് രണ്ട് വിശിഷ്ടമായ ലക്ഷ്യങ്ങളുമായാണ് അയച്ചിരിക്കുന്നതെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി.

ഒന്നാമതായി, അദ്ദേഹത്തെ അയച്ചിരിക്കുന്നത് മനുഷ്യവർക്ഷത്തെ അതിന്റെ സൃഷ്ടാവിലേക്ക് തിരികെ കൊണ്ടുവരുന്നതിനും ദൈവത്തിനോടുള്ള കടമകൾ പൂർത്തികരിക്കുന്നതിലേക്ക് അവരുടെ ശ്രദ്ധയെ ക്ഷണിക്കുകയും ചെയ്യുന്നതിനായിട്ടാണ്. രണ്ടാമതായി, മാനവിക മൂല്യങ്ങളെ ആദരിക്കുന്നതിനും പരസ്പരമുള്ള അവകാശങ്ങളെ പൂർത്തീകരിക്കുന്നതിനും മനുഷ്യരെ ഉദ്ബോധിപ്പിക്കുന്നതിനുമായിട്ടാണ്. അതിനാൽ, ദൈവത്തിലേക്കു അടുക്കാനുള്ള അവസരങ്ങൾ തേടുകയെന്നതും മനുഷ്യകുലത്തിനു സേവനം ചെയ്യുകയെന്നതും വാഗ്ദത്ത മഹ്ദി മസീഹിൽ വിശ്വസിച്ചിട്ടുള്ള ഓരോ അഹ്മദിയുടെയും നിർബന്ധിത കടമയാണ്. ഇതു തന്നെയാണ് വിശുദ്ധ ഖുർആനും ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകനും ഞങ്ങളെ ആവർത്തിച്ച് ഉദ്ബോധിപ്പിച്ചുക്കൊണ്ടിരിക്കുന്നത്. വിശുദ്ധ ഖുർആനിലെ നാലാം അദ്ധ്യായത്തിൽ മുപ്പത്തിയേഴാം വചനത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; മറ്റൊന്നിനെയും അവന്റെ കൂടെ പങ്കു ചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക; അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും (നന്മ ചെയ്യുക). അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.

വിശുദ്ധ ഖുർആനിലെ ഈ ഒരൊറ്റ വചനം മനുഷ്യാവകാശങ്ങളുടെയും ധാർമ്മികതയുടെയും മഹത്തായ പ്രമാണ പത്രമാണ്. ഇത് സഹോദര നിർവ്വിശേഷകമായ സ്നേഹത്തിന്റെ മാർക്ഷവും സമാധാനത്തിലേക്കുള്ള സുവർണ്ണോജ്ജ്വലമായ പാതയുമാണ്. ഈ വചനത്തിൽ ദൈവത്തെ ആരാധിക്കുന്നതിനെക്കുറിച്ച് പറഞ്ഞതിനു പുറമെ തങ്ങളുടെ മാതപിതാക്കളോടും ബന്ധുക്കളോടും സ്നേഹത്തോടും വാത്സല്യത്തോടും കൂടി പെരുമാറാൻ അല്ലാഹു മുസ്ലിംങ്ങളോട് കൽപ്പിക്കുന്നു. സമൂഹത്തിലെ ദുർബലരായ ആളുകളെ അതായത് അനാഥരും ഏതെങ്കിലും വിധത്തിൽ ദാരിദ്ര്യം അനുഭവി

ക്കുന്നവരുമായവർക്ക് ആശ്രയവും സാന്ത്വനവുമേകാൻ അത് ആദേശിക്കുന്നു. അതിനുശേഷം, ഒരാളുടെ അയൽക്കാരന്റെ അവകാശങ്ങൾ പൂർത്തികരിച്ചുകൊടുക്കുന്നതിനെക്കുറിച്ച് പ്രത്യേകം പരമർശം നടത്തുന്നു. തങ്ങളുടെ അയൽക്കാരെ സ്നേഹിക്കാനും അവരെ സംരക്ഷിക്കാനും അടിയന്തിര സാഹചര്യങ്ങളിൽ അവരെ സഹായിക്കുന്നതിനായി സദാ തയ്യാറായിരിക്കാനും മുസ്ലിംങ്ങൾക്ക് ശിക്ഷണം നൽകപ്പെട്ടിരിക്കുന്നു.

ഇതിനുപുറമേ, ഇസ്ലാമിൽ 'അയൽക്കാരൻ' എന്നതിന്റെ നിർവചനം വളരെ വിശാലമാണ്. ഞാനത് വിശദീകരിക്കാം. നിങ്ങളുടെ സമീപത്ത് താമസിക്കുന്നവർ മാത്രമല്ല അകലെയുള്ളവരും ഇതിൽ ഉൾപ്പെടും. യാത്രാ പങ്കാളികൾ, സഹപ്രവർത്തകർ, കീഴ്ജീവനക്കാർ തുടങ്ങിയവർ കൂടാതെ മറ്റു പലരും ഇതിൽ ഉൾപ്പെടും. ഒരു മുസ്ലിം ജീവിക്കുന്ന നഗരത്തിലെ എല്ലാ മനുഷ്യരും അയൽക്കാരുടെ പരിധിയിൽ വരുമെന്ന് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

അയൽക്കാരുടെ അവകാശങ്ങൾ പൂർത്തികരിച്ചുകൊടുക്കണമെന്ന് ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ ആവർത്തിച്ചു മുസ്ലിംങ്ങളെ ഉദ്ബോധിപ്പിചിരുന്നു. അയൽക്കാരനോടുള്ള കടമകൾ നിർവഹിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച് അല്ലാഹു അടിക്കടി ബോധനം നൽകുന്നത് കണ്ടപ്പോൾ ഒരാളുടെ അംഗീകൃത അനന്തരാവകാശികളിൽ അയൽക്കാരനെയും കൂടി ഉൾപ്പെടുത്തുമോയെന്ന് ചിന്തിച്ച് പോയെന്ന് അദ്ദേഹം പറയുകയുണ്ടായി. അതിനാൽ, ഇവിടെ ഫിലാഡെൽഫിയയിൽ ഞങ്ങൾ ഒരു പള്ളി നിർമ്മിച്ചിട്ടുണ്ടെങ്കിൽ, ഒരു കൂട്ടം അഹ്മദി മുസ്ലിംങ്ങൾ ഇവിടെ താമസിക്കുന്നുണ്ടെങ്കിൽ, അത് ഇവിടെയുള്ള ജനങ്ങളെ സേവിക്കുന്നതിനും ഈ നഗരത്തിന്റെ ക്ഷേമൈശ്യര്യവും സമാധാനവും അഭിവൃദ്ധിപ്പെടുത്തുണമെന്ന ഉദ്ദേശത്താലുമാണെന്ന് ഞാൻ പറയാനാഗ്രഹിക്കുകയാണ്.

ഇപ്പോൾ ഇവിടെ ഈ പള്ളി തുറന്നു കഴിഞ്ഞിരിക്കുന്നു. ഇവിടത്തെ പ്രാദേശിക അഹ്മദി മുസ്ലിംങ്ങൾ ഈ നഗരത്തിലെ എല്ലാ ജനങ്ങളെയും തങ്ങളുടെ അയൽക്കാരായി കരുതുകയും അവർക്ക് ധാരാളം അവകാശങ്ങളുണ്ടെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവ പൂർത്തീകരിക്കാൻ തങ്ങളുടെ കഴിവനുസരിച്ച് കഠിനാധ്വാനം ചെയ്യുകയും ചെയ്യുന്നതാണ്. നിങ്ങളാരെങ്കിലും സഹായം ചോദിച്ചാൽ, കഴിയാവുന്ന രീതിയിലുള്ള സഹായവും തുണയുമായി ഞങ്ങളുണ്ടാകുമെന്നത് തീർച്ചയാണ്.

നൈരാശ്യത്തിന്റെയും വിപത്തുകളുടെയും കാലത്ത്, അയൽക്കാരുടെ കണ്ണീരൊപ്പിക്കൊണ്ട് അവർക്ക് ആശ്രയവും സാന്ത്വനവുമായി ഞങ്ങളെപ്പോഴുമുണ്ടാകും.

ഫിലാഡെൽഫിയ നഗരത്തിന്റെ ഭൗതികമായ ആകർഷണങ്ങളിലേക്ക് പുതുതായി ചേർക്കപ്പെട്ട ഈ പ്രാർത്ഥനാലയം ചരിത്ര പ്രാധാന്യമുള്ളതാണ്. അതിനെ കൂടുതൽ സാർത്ഥകമാക്കിക്കൊണ്ട്, ഈ പള്ളി നഗരത്തിലും അതിനു പുറത്തും ശാന്തിയും കാരുണ്യവും പ്രസരിപ്പിച്ചുകൊണ്ട് സമൂഹത്തെ ആത്മീയ അഭിവൃദ്ധിയുള്ളതും മനോഹരവുമാക്കുന്നത് നിങ്ങൾ കാണുമെന്ന് എനിക്കുറപ്പാണ്. വർണ്ണ-വർക്ഷ വ്യത്യാസങ്ങളില്ലാതെ, സമാധാനകാംക്ഷികളായ മുഴുവൻ മനുഷ്യർക്കും ഇത് വെളിച്ചത്തിന്റെ വിളക്കുമാടവും പ്രതീക്ഷയുമായി പരിണമിക്കുന്നതാണ്.

ഈ നഗരത്തിലെ എല്ലാ ജനങ്ങളും, അവർ ആരായാലും, അവരുടെ വിശ്വാസം ഏതുമായാലും ഒന്നായി നിന്നുകൊണ്ട് യഥാർത്ഥവും എന്നെന്നും നിലനിൽക്കുന്നതുമായ സമാധാനന്തരീക്ഷം വളർത്തുന്നതിനും പൊതുനന്മയ്ക്കുമായി യോജിച്ച് പ്രവർത്തിക്കുമെന്ന് ഞാൻ പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുകയാണ്.

ഈ രാജ്യത്തിൽ മതസ്വാതന്ത്ര്യവും ആരാധാന സ്വാതന്ത്ര്യവും അനുവദിച്ച ആദ്യത്തെ കൊളോണിയൽ നഗരം ഫിലാഡെൽഫിയ ആണെന്ന് പറയപ്പെടുന്നു. മാത്രമല്ല അമേരിക്കൻ ഐക്യനാടുകളുടെ സ്വാതന്ത്ര്യ പ്രഖ്യാപനം നടന്ന ചരിത്ര പ്രാധാന്യമുള്ള നഗരമാണിത്. അതിനാൽ ഈ നഗരത്തിന് സമ്പുഷ്ടവും അഭിമാനം കൊള്ളുന്ന ഒരു ഭൂതകാലമുണ്ട്. തങ്ങളുടെ വിശ്രുതമായ പൂർവ്വകാലത്തെ കെട്ടിപ്പടുത്തുകൊണ്ട്, ഈ മഹത്തായ പാരമ്പര്യത്തെ ഭാവിയുടെ മുഖമുദ്രയാക്കാൻ ഇവിടത്തെ ജനങ്ങൾക്ക് കഴിയട്ടെയെന്ന് ഞാനാശിക്കുകയാണ്.

ഈ നഗരം വിശ്വാസ സ്വാതന്ത്ര്യത്തിന്റെ ദീപസ്തംഭമായി എന്നെന്നും പരിലസിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയാണ്. ഈ നഗരത്തിലും, അമേരിക്കൻ ഐക്യനാടുകളിലും, ലോകത്തു തന്നെയുമായി സമാധാനം അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഈ നഗരത്തിലെ ഓരോ വ്യക്തിയും തങ്ങളുടേതായ പങ്ക് വഹിക്കട്ടെയെന്ന് ഞാൻ പ്രത്യാശിക്കുകയാണ്. ഇവിടത്തെ അഹ്മദിയ്യാ മുസ്ലിം സമൂഹത്തിന്റെ അംഗസംഖ്യ പരിമിതമാണെങ്കിലും ഇത്തരം ഉന്നതമായ ശ്രമങ്ങൾക്ക് എല്ലായ്പ്പോഴും സഹായമായി ഞങ്ങളുണ്ടാവുമെന്ന് ഞാനുറപ്പു നൽകുകയാണ്.

എല്ലാ നഗരങ്ങളിലും ദേശങ്ങളിലും യഥാർത്ഥമായ സമാധാനത്തിന്റെ നിലനിൽപ്പ് സർവ്വ ശക്തനായ അല്ലാഹു സാധ്യമാക്കിത്തീർക്കട്ടെ.

www.alislam.org

# കമ്മ്യൂണിസം മുതലാളിത്തം ഇസ്‌ലാം സാമ്പത്തിക തത്വങ്ങളുടെ അന്തരങ്ങൾ

സ്വാതന്ത്ര്യം അനുവദിക്കാത്ത കമ്മ്യൂണിസ്റ്റ് വ്യവസ്ഥയും പലിശയുടെ അടിസ്ഥാനത്തിൽ കെട്ടിപെടുത്ത മുതലാളിത്തത്തിന്റേയും തകർച്ച ആസന്നമാണ്. ഇസ്‌ലാമിക സാമ്പത്തിക മൂല്യങ്ങളാണ് സുസ്ഥിര വികസനവും സമാധാനവും കൊണ്ടുവരിക. മുപ്പത്തിരണ്ട് വർഷം മുമ്പ് അഹ്‌മദിയ്യാ ഖലീഫ നടത്തിയ പ്രഭാഷണമാണ് ഈ ലേഖനം

ഹദ്റത്ത് മിർസാ താഹിർ അഹ്‌മദ് (റഹ്)

ഇസ്‌ലാമിലെ സാമ്പത്തിക ക്രമം മുതലാളിത്തത്തിന്റെയോ ശാസ്ത്രീയ സോഷ്യലിസത്തിന്റെയോ ഭാഗതല്ല. ഇസ്‌ലാമിന്റെ സാമ്പത്തിക തത്വം ശാസ്ത്രീയമാണ്. പക്ഷേ യാന്ത്രികമല്ല. അമിതമായ കാർക്കശ്യങ്ങളില്ലാതെ അത് സ്വകാര്യസമ്പത്തും സ്വകാര്യ വ്യാപാര സംരംഭങ്ങളും അനുവദിക്കുന്നു. പക്ഷേ അത്യാഗ്രഹം അനുവദിക്കുന്നില്ല. അപ്രതിരോധ്യവും ക്രൂരവുമായ സാമ്പത്തിക ചൂഷണത്തിന്റെ ഫലമായി സമൂഹത്തിലെ വലിയൊരു വിഭാഗം ദാരിദ്ര്യത്തിലും അടിമത്തത്തിലും കീഴാളത്വത്തിലും ആകുമാറ് ചുരുക്കം ചിലരുടെ കൈകളിൽ സമ്പത്ത് കുന്നുകൂടുന്നത് ഇസ്‌ലാം അനുവദിക്കുന്നില്ല. മുതലാളിത്തത്തിന്റെയും കമ്മ്യൂണിസത്തിന്റെയും ഇസ്‌ലാമിന്റെയും സാമ്പത്തിക തത്ത്വങ്ങൾ തമ്മിൽ അടിസ്ഥാനപരമായി മൂന്ന് വ്യത്യാസങ്ങളുണ്ട്.

### മുതലാളിത്തം

മുതലാളിത്തത്തിൽ മൂലധനത്തിന് പലിശ ലഭിക്കുന്നു. മൂലധനത്തിന് സ്വാഭാവികമായും വളരുവാനുള്ള അവകാശമുണ്ട് എന്നത് തത്വത്തിൽ അംഗീകരിക്കപ്പെട്ട കാര്യമാണ്. മുതലാളിത്തത്തിൽ മൂലധനം വർദ്ധിപ്പിക്കാൻ പലിശ മുഖ്യ ചാലക ശക്തിയായി വർത്തിക്കുന്നു. ചലനാത്മകമായ ഉത്പാദന രീതിയെ സംഘടിപ്പിച്ചു നിർത്തുകയും ചെയ്യുന്ന ഒരു ഊർജ്ജ പ്രവാഹം എന്നപോലെ മുതലാളിത്തത്തിൽ പലിശ നില കൊള്ളുന്നു. ചുരുക്കത്തിൽ മുതലാളിത്തത്തിൽ മൂലധനം ചാക്രികമായി ചലിക്കാൻ പലിശ ഒരു പ്രേരക ശക്തിയായിത്തീർന്നു.

### ശാസ്ത്രീയ സോഷ്യലിസം

ശാസ്ത്രീയ സോഷ്യലിസത്തിന്റെ ഉദ്പാദന പ്രക്രിയകളിലേക്ക് മൂലധനത്തെ ചാക്രികമായോ (Cyclic) പുനചാക്രികമായോ (Re cyclic) ചലിപ്പിക്കാൻ പലിശ ഒരു പ്രേരണാശക്തിയായി നിൽക്കുന്നില്ല.

ശാസ്ത്രീയ സോഷ്യലിസത്തിൽ രാഷ്ട്രമാണ് മൂലധനത്തിന്റെ കുത്തക ഏറ്റെടുത്തിരിക്കുന്നത്. അതുകൊണ്ട് പ്രേരണ നൽകേണ്ടതിന്റെ ആവശ്യമില്ല. എന്നാൽ ഒരു സ്വകാര്യ വ്യാപാര സംരംഭത്തിൽ ഒരാൾ പലിശ കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്താലും ഉടമസ്ഥാവകാശം സംബന്ധിച്ച ബോധം സാധ്യമായ വേഗത്തിൽ അയാളുടെ മൂലധനം വർദ്ധിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. കടം വാങ്ങിയ പണത്തിന് ഒരാൾ പലിശ കൊടുക്കുന്നുവെങ്കിൽ ആ പലിശ നിരക്ക് ഒരു അളവുകോലായി വർത്തിക്കുന്നു. അത് ഒരു വാതായനം പോലെയാണ്. അതായത് ഈ പലിശ നിരക്കിലൂടെ താരതമ്യേനയുള്ള മൂലധനത്തിന്റെ വർദ്ധനവും ശോഷണവും നോക്കിക്കാണാനാവും. സോഷ്യലിസ്റ്റ് സാമ്പത്തിക ക്രമത്തിൽ എന്തായാലും ഈയൊരു ആവശ്യം ഉണ്ടാവുന്നില്ല. അവിടെ ആരാണോ മൂലധനം ഉപയോഗിക്കുന്നത് അവർ അതിന്റെ ഉടമസ്ഥരല്ല. അതുപോലെ വളർച്ചാനിരക്ക് സാമ്പത്തികമായി പര്യാപ്തമാണോ അല്ലയോ എന്നറിയാൻ താരതമ്യത്തിന്നായി യാതൊരു ഉപാധികളും അവിടെയില്ല.

സോഷ്യലിസ്റ്റ് ശാസ്ത്രീയ ക്രമത്തിൽ രാഷ്ട്രത്തിന്റെ മുഴുവൻ സമ്പത്തും രാഷ്ട്രം തന്നെ ബലം പ്രയോഗിച്ച് സ്വന്തമാക്കുമ്പോൾ അതിന്റെ ഫലമായി പലിശ വ്യവസ്ഥിതി അപ്രസക്തവും നിരർത്ഥകവുമായി മാറുന്നു. ഇതിനുള്ള പ്രശ്നം എന്താണെന്ന് വെച്ചാൽ നിങ്ങൾ നൽകേണ്ടുന്ന പലിശയേക്കാൾ കൂടുതലായി ലാഭമുണ്ടാക്കാൻ നിങ്ങൾക്ക് മേൽ യാതൊരു സമ്മർദ്ദവുമില്ലെങ്കിൽ നിങ്ങൾക്ക് അതിനുള്ള പ്രോത്സാഹനം നഷ്ടപ്പെടുകയും ഉത്തര വാദിത്തബോധം ഇല്ലാതാവുകയും ചെയ്യും

ഉദാഹരണത്തിന് ഒരു കമ്മ്യൂണിസ്റ്റ് രാജ്യത്തിലെ പ്രവർത്തന നിരതമായ മുഴുവൻ മൂലധനത്തിന്റെയും മൂല്യം നിശ്ചയിക്കുന്നത് അത്രയും തുക ബാങ്കിൽ നിക്ഷേപിച്ചിരുന്നുവെങ്കിൽ കിട്ടുന്ന പലിശയിനത്തിൽ എത്ര വരുമാനം ലഭിക്കുമെന്നതിന്റെ വീക്ഷണകോണിലാണെങ്കിൽ അത് നമുക്ക് ചിത്രത്തിന്റെ മറു വശമായി കണക്കാക്കാം.

ചിത്രത്തിന്റെ മറുവശം സമ്പദ്ഘടനയെ ലാഭനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ മനസ്സിലാവുന്നതാണ്. തീർച്ചയായും ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക എന്നത് നിരവധി സങ്കീർണ്ണതകളുള്ളതാണ്. അതായത് വേതന നിർണ്ണയം പോലെയുള്ള വിഷയങ്ങൾ കണക്കാക്കൽ. സാമ്പത്തിക വിദഗ്ദർ ഇത്തരം വിഷയങ്ങളിൽ തലപുകച്ചാൽ അത്തരം പ്രയാസങ്ങൾ മറിക്കടക്കാനാവും. ഇങ്ങനെ രണ്ടു വിധത്തിള്ള താരതമ്യ പഠനം വളരെ താൽപര്യജനകമായ സാധ്യതകൾ നമ്മുടെ മുമ്പിൽ കൊണ്ടു വരുന്നു.

ജീവിത നിലവാരത്തിന്റെ തകർച്ചക്ക് കാരണമാകുന്ന യഥാർത്ഥ കുറ്റവാളിയെ വളരെ സൂക്ഷ്മമായി ഈ വഴിക്ക് കണ്ടെത്താനുള്ള സാധ്യത വളരെയേറെയാണ്. ഭീമൻ യത്നങ്ങൾ കൂടാതെ തന്നെ ജീവിതനിലവാരത്തകർച്ചയുടെ കാരണം നിശ്ചയിക്കാൻ സാധിക്കും. ഞാൻ വിശ്വസിക്കുന്നതെന്തന്നാൽ രാഷ്ട്രം മൊത്തം മൂലധനത്തിന്റെ ഉടമയായി തീരുമ്പോൾ സമ്പദ് വ്യവസ്ഥയുടെ പരാജയത്തെ കുറിച്ച് മുന്നറിയിപ്പ് നൽകുന്ന നിരീക്ഷണ സംവിധാനം ഇല്ലാതാവുന്നു. സ്റ്റേറ്റിന്റെ ധനം കൈകാര്യം ചെയ്യുമ്പോൾ ധൂർത്തും അബദ്ധങ്ങളും ഉണ്ടാവുന്നു. കാരണം ധനം കൈകാര്യം ചെയ്യുന്നവർക്ക് അത് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാക്കുന്നില്ല. കണക്കുകൾ മറ്റാരെയും ബോദ്ധ്യപ്പെടുത്തേണ്ടാത്ത വിധം രാഷ്ട്രത്തിന്റെ ധനം ചിലവഴിക്കുകയും ചെയ്യാം. ആന്തരികമായി അപകടങ്ങൾ വഹിച്ചുകൊണ്ടു തന്നെ അത്തരം അവസ്ഥകൾ വ്യാപകമായി നിൽക്കുന്നു. വ്യക്തിപരമായ താൽപര്യത്തിന്റെ കുറവും മൂലധനം ചിലവഴിക്കുമ്പോഴുണ്ടാകുന്ന ലാഭനഷ്ടങ്ങളുടെ മുന്നറിയിപ്പ് സംവിധാനങ്ങളുടെ അഭാവവും മൂലധന നിക്ഷേപവും ഉൽപ്പാദനവും തമ്മിലുള്ള അനുപാതത്തിലുണ്ടാവുന്ന കുഴപ്പങ്ങൾ ഇങ്ങനെ പാഴ്ചെലവുകളുടെ അളവ് കമ്മ്യൂണിസ്റ്റ് വ്യവസ്ഥയിൽ അധികരിച്ചുവരുന്നു. മൂലധനം ഒഴുക്കി വിടുന്ന നയത്തിൽ ഒരിടത്തും തന്നെ ഒരു നിയന്ത്രണവും വെച്ചിട്ടില്ല. ഉദാഹരണത്തിന് പുറംലോകത്തെ സ്വതന്ത്ര സമ്പദ് വ്യവസ്ഥയുമായി താരതമ്യം ചെയ്ത് സാമ്പത്തിക വളർച്ചയുടെ യഥാർത്ഥ തോത് നിർണ്ണയിക്കാൻ സോഷ്യലിസ്റ്റ് ഭരണകൂടങ്ങൾക്ക് ഒരു പരിശോധനാ രീതിയും കൈവശമില്ല. കൂടാതെ മറ്റൊരു പ്രശ്നം കൂടിയുണ്ട്. അതായത് കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെ പ്രതിരോധത്തിനും ജാഗ്രതക്കും ആഭ്യന്തര രംഗത്തെ നിയമ പാലനത്തിനുമായി ഗവൺമെന്റ് ഏജൻസികൾക്ക് വേണ്ടി വരുന്ന വർദ്ധിച്ച ചെലവാണത്. അതുപോലെയുള്ള മറ്റു ഘടകങ്ങളും സമ്പദ്ഘടനക്ക് വലിയ ഭാരമായിരിക്കാം. സമ്പദ്ഘടനയുടെ ആത്യന്തിക തകർച്ച നീട്ടി വെക്കപ്പെട്ടേക്കാം. പക്ഷേ ഒരു കാര്യം തീർച്ചയാണ് ആ തകർച്ച ഒരിക്കലും മൊത്തത്തിൽ നീങ്ങിപ്പോകില്ല.

## ഇസ്‌ലാമിക സങ്കൽപ്പം

പലിശ നിരോധിക്കുന്നതോടൊപ്പം ഇസ്‌ലാം സമ്പത്തിന്റെ ഉൽപാദനത്തിന് പ്രോത്സാഹനം നൽകുന്നു. എന്നാൽ കമ്മ്യൂണിസം സമ്പത്തിന്റെ ഉൽപ്പാദനത്തിന് നേരിട്ട് സമർപ്പണ മനോഭാവത്തോടെ ഇടപെടാനുള്ള യാതൊരു പ്രേരണയും നൽകുന്നില്ല. കമ്മ്യൂണിസ്റ്റ് ലോകം പിന്തുടരുന്ന പ്രത്യേകം ചില പ്രശ്നങ്ങളില്ലാതെ തന്നെ ഇസ്‌ലാം കൊള്ള പലിശ വ്യവസ്ഥയിൽ നിന്നും മാറി നിൽക്കുന്നു. പലിശയുടെ അഭാവത്തിൽ മൂലധനത്തെ ഉൽപാദന പരമല്ലാത്ത മേഖലകളിൽ നിന്ന് തിരിച്ച്‌വിട്ട് മൂലധനം നിഷ്ക്രിയമായിരിക്കുന്നത് ഇസ്‌ലാം അനുവദിക്കുന്നില്ല. നികുതിയുടെ രൂപത്തിലുള്ള ഈ സംവിധാനം 'സക്കാത്ത്' എന്നാണ് അറിയപ്പെടുന്നത്. സക്കാത്ത് വരുമാനത്തിനോ ലാഭത്തിനോ അല്ല ചുമത്തുന്നത്. മറിച്ച് മൂലധനത്തിന് തന്നെയാണ് ചുമത്തുന്നത്. ഇസ്‌ലാമും ഇതര വ്യവസ്ഥകളും തമ്മിലുള്ള വ്യത്യാസം ഇവിടെ വളരെ പ്രകടമാണ്. മുതലാളിത്ത സമൂഹങ്ങളിൽ പലിശ സമാഹരിച്ചുകൊണ്ട് അത്യാർത്തിയോടെ മൂലധനം ചുരുക്കം ചില ആളുകളുടെ കൈകളിൽ കുന്നുകൂടുന്നു. അങ്ങനെ സമാഹരിച്ച് പണം സമ്പദ്ഘടനയിൽ പുനർ വിതരണം ചെയ്യപ്പെടുന്നു. നിലവിലുള്ള പലിശ നിരക്കിനേക്കാൾ കൂടുതൽ ലാഭം കൊയ്യാൻ ക്രമീകരണം നടത്തിക്കൊണ്ടാണ് ഈ പുനർ വിതരണം അവർ നടത്തുന്നത്. ഇത് തകരുമ്പോൾ സാമ്പത്തിക വ്യവസ്ഥ തന്നെ തകർച്ചയെ നേരിടേണ്ടി വരുന്നു. ഇസ്‌ലാമിൽ സമ്പത്തിന് സക്കാത്ത് ചുമത്തി ക്രമേണ ശോഷണത്തിന് വിധേയമാവും

എന്ന ഭീതിയിൽ നിന്നും, ആർക്കെങ്കിലും മിച്ച സമ്പാദ്യമുണ്ടെങ്കിൽ സക്കാത്ത് ചുമത്തിയുണ്ടാകുന്ന തട്ടിക്കിഴിക്കലിനെ അതിജീവിക്കാൻ ലാഭം ഉണ്ടാക്കുന്നു. അതുകാരണം തന്റെ സമ്പാദ്യം വെറുതെ ഇടാതെ ഉപയോഗിക്കേണ്ടിവരും

ഇസ്ലാമിക വീക്ഷണ പ്രകാരം ലോകത്തിലെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം ശാസ്ത്രീയ സോഷ്യലിസത്തിലോ മുതലാളിത്തത്തിലോ ഇല്ല. ഇവിടെ ഈ വിഷയം അധികം വിശദീകരിക്കാൻ സാധ്യമല്ല. എങ്കിലും ഭാവിയിലേക്ക് പാഠമാവാൻ വേണ്ടി മുതലാളിത്തം സൃഷ്ടിച്ച സാമ്പത്തിക അസമത്തങ്ങളെ കുറിച് വിഷയ സംബന്ധിയായി നമുക്ക് ഒരു വീക്ഷണം ഉണ്ടായിരിക്കണം.

## മുതലാളിത്തത്തിന്റെ നാലു പ്രത്യേകതകൾ

അത്തരത്തിൽ അസമത്വങ്ങൾ വന്നിട്ടുള്ള സമൂഹത്തിന്റെ അവസ്ഥ നിർണ്ണയിക്കാനുള്ള അടയാളങ്ങൾ വിശുദ്ധ ഖുർആനിൽ താഴെ കാണുന്ന വചനങ്ങളിൽ വ്യക്തമായും പ്രതിപാദിക്കുന്നു. **'അല്ല എന്നാൽ നിങ്ങൾ അനാഥരെ ആദരിക്കുന്നില്ല. അഗതികൾക്ക് ആഹാരം നൽകാൻ പരസ്പരം പ്രേരിപ്പിക്കുന്നുമില്ല. പിന്തുടർച്ചയായി ലഭിക്കുന്ന (അന്യജനതയുടെ) മുഴുവൻ സ്വത്തും നിങ്ങൾ വിഴുങ്ങുന്നു. നിങ്ങൾ ധനത്തെ അത്യധികമായി സ്നേഹിക്കുന്നു.'(അദ്ധ്യാ.89 അൽഫജ്ർ 18-21)**

മുതലാളിത്തത്തിന്റെ ഈ പ്രത്യേകതകൾ ഇങ്ങനെ സംഗ്രഹിക്കാം.

1. അനാഥകളോടുള്ള അനാദരവ്

2. പാവങ്ങളെ ആഹരിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

3. അന്യരുടെ പിന്തുർടർച്ചാവകാശം തട്ടിയെടുക്കുന്നു.

4. സമ്പത്ത് അറ്റമില്ലാതെ കുന്നുകൂടുന്നു.

## മുതലാളിത്തം അന്തിമ നാശം

ശാസ്ത്രീയ സോഷ്യലിസത്തിന്റെ തത്വശാസ്ത്രം അംഗീകരിക്കാതെ ഇസ്ലാം മുതലാളിത്തത്തിന്റെ ചില വശങ്ങൾ നിരാകരിക്കുന്നു. എന്തെന്നാൽ **'(ഭൗതിക നേട്ടങ്ങളുടെ) വർദ്ധനവിന് വേണ്ടിയുള്ള പരസ്പര മാത്സര്യം നിങ്ങളെ അല്ലാഹുവിൽ നിന്നും അശ്രദ്ധരാക്കിയിരിക്കുന്നു. നിങ്ങൾ ശ്മശാനങ്ങൾ സന്ദർശിക്കുവോളം. വേണ്ട, തീർച്ചയായും നിങ്ങൾ യാഥാർത്ഥ്യം അറിയും' (അദ്ധ്യാ. അത്തകാസൂർ 102: 2-4)**

## മാറുന്ന സാമ്പത്തിക ക്രമം

പാവപ്പെട്ടവനെ ചൂഷണം ചെയ്യുന്ന പലിശയിൽ അധിഷ്ഠിതമായ മുതലാളിത്തം സാമൂഹിക വിപ്ലവങ്ങൾക്ക് ജന്മം നൽകി ചരിത്രത്തിൽ മാറ്റങ്ങളുണ്ടാക്കുന്നതായി കാണുന്നു. അതിനെ സംബന്ധിച്ച് അഗാധമായ പഠനം വെളിപ്പെടുത്തുന്നത് ആ മാറ്റം വെറുമൊരു വേഷപകർച്ചമാത്രമാണെന്നാണ്.

ലോകം ഇപ്പോൾ തന്നെ ഉള്ളവനെന്നും ഇല്ലാത്തവനെന്നും വിഭജിക്കപ്പെട്ടു കഴിഞ്ഞു. ഇത്തരമൊരവസ്ഥ വരുത്തിവെച്ചതിനു പ്രധാന കാരണം, വികസിത മുതലാളിത്ത രാജ്യങ്ങളുടെ കടുത്ത ചൂഷണമാണ്. ഈ അവസ്ഥയെ മൂർച്ചിപ്പിക്കുമാറ് കമ്മ്യൂണിസം ഉപേക്ഷിച്ച് പശ്ചാത്താപ വിവശരായ മദ്ധ്യകിഴക്കൻ യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ (ഇസ്റ്റേൺ ബ്ലോക്ക്) മുതലാളിത്തത്തിലേക്ക് മടങ്ങിവന്നിരിക്കുന്നു. മുമ്പേതന്നെ ഓജസ്സ് നഷ്ടപ്പെട്ടതും ദുർബ്ബലവുമായ മൂന്നാം ലോക രാജ്യങ്ങളുടെ എത്രമാത്രം രക്തമാണ് മുതലാളിത്തം ഇനിയും ഊറ്റിക്കുടിക്കുമെന്ന് സങ്കൽപ്പിക്കുമ്പോൾ തന്നെ ആരും ഞെട്ടിത്തരിച്ചുപോകും. മുതലാളിത്തത്തിന്റെ രക്തരക്ഷസ്സുകൾ ഇനിയും കൂടുതൽ രക്തം ഊറ്റിക്കുന്നതായാണ് നാം കാണുന്നത്. മുതലാളിത്തം ശാസ്ത്രീയ സോഷ്യലിസം എന്നീ വിരുദ്ധ ചേരികളിലുള്ള രണ്ട് സാമ്പത്തിക വ്യവസ്ഥകളുടെ സംഘട്ടനാത്മകമായ കാലഘട്ടം കഴിഞ്ഞു എന്നത് വ്യക്തമാണ്. മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥനത്തിലുള്ള സമ്പദ് വ്യവസ്ഥ മനുഷ്യ വ്യവഹാരത്തിന്റെ വേദിയിൽ നിന്ന് പിൻമാറി. മറുവശത്ത് പടിഞ്ഞാറിന്റെ സ്വതന്ത്ര സമ്പദ് വ്യവസ്ഥ അതിന്റെ വ്യക്തമായ വിജയത്തിന്റെ ലഹരിയിലുമാണ്. ചൈന ഒഴികെ മദ്ധ്യകിഴക്കൻ യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ അവർ കണ്ടെത്തിയ പുതിയ സ്വാതന്ത്ര്യത്തിന്റെ ഉണർവ്വിൽ അവരുടെ രാജ്യങ്ങളെ ദരിദ്രജന കോടികളുടെ ദുരിതങ്ങൾ ശമിപ്പിക്കാൻ പാടുപെടുകയാണ്.

കിഴക്കും പടിഞ്ഞാറും തമ്മിലുള്ള സാമ്പത്തിക വിടവ് വടക്കും തെക്കും ഉള്ളതിന്റെയത്ര വലുതല്ല. വടക്കൻ അർദ്ധ ഗോളത്തിലുള്ള ഒന്നാം ലോക രാജ്യങ്ങൾ മറ്റൊരു തലത്തിലാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്. അത് ആഫ്രിക്കയിലെയും തെക്കെ അമേരിക്കയിലെയും രാജ്യങ്ങളിൽ നിന്നും വിഭിന്നമാണ്

സാമ്പത്തിക അസമത്വത്തിന്റെ കാര്യത്തിൽ നോക്കുകയാണെങ്കിൽ വടക്കെ അമേരിക്കയും തെക്കേ അമേരിക്കയും തമ്മിലുള്ള അന്തരം തീർച്ചയായും വേദനിപ്പിക്കുന്നതാണെങ്കിലും യൂറോപ്പും ആഫ്രിക്കയും തമ്മിലുള്ള അന്തരത്തിന് അടുത്തൊന്നുമെത്തുകയില്ല. ആഫ്രിക്ക യൂറോപ്പിനോട് ഭൂമിശാസ്ത്രപരമായി വളരെ അടുത്ത് നിൽക്കുന്നു. എന്നാൽ സാമ്പത്തിക സമത്വത്തിന്റെ കാര്യത്തിൽ ആഫ്രിക്ക യൂറോപ്പുമായി അതിവിദൂരത്തിലുള്ള അന്തരമുണ്ട്. വൻ ശക്തികൾ തമ്മിലുള്ള ശത്രുത മൂലം ദുർബ്ബല രാജ്യങ്ങൾ ഒരു കാലത്ത് അനുഭവിച്ചിരുന്ന സുരക്ഷിതാബോധവും ദരിദ്ര രാജ്യങ്ങൾക്കുണ്ടാ

യിരുന്ന അവസരങ്ങളും ശീതയുദ്ധത്തിന്റെ മഞ്ഞുരുകൽ മൂലം അതിവേഗം ഇല്ലാതാവുകയാണ്. അമേരിക്കയും റഷ്യയും ഇതര യൂറോപ്യൻ രാജ്യങ്ങളും തമ്മിൽ മൂന്നാം ലോക രാജ്യങ്ങളിൽ കമ്പോള കുത്തക സ്ഥാപിക്കാനും അത് സുരക്ഷിതമാക്കാനും വേണ്ടി ദൃഢതയാർന്നതും വമ്പിച്ച തോതിലുള്ളതുമായ മത്സരം ആരംഭിക്കാൻ പോവുകയാണ്.

ജപ്പാൻ മാത്രമായിരിക്കില്ല ഇനിമേൽ അമേരിക്കയുടെ പ്രമുഖ എതിരാളി. അതിശീഘ്രം പുരോഗമിക്കുന്ന യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും ഒരു പുതിയ യൂറോപ്പ് ഉയർന്നു വരികയാണ്. പൊതു വിപണിയിൽ കിഴക്കൻ യൂറോപ്പിന്റെ കരുതലോടെയുള്ള പങ്കാളിത്തം അമേരിക്കക്ക് യൂറോപ്യൻ രാജ്യങ്ങൾ സമ്മാനിക്കുന്നതിനേക്കാൾ തങ്ങളുടെ ശക്തമായ ഒരു മത്സരവേദിയൊരുക്കും

കിഴക്കൻ യൂറോപ്പിലെയും റഷ്യയിലെയും ജനലക്ഷങ്ങൾ ഭാവിയിലേക്ക് ഉറ്റുനോക്കുകയും അവരുടെ ജീവിതനിലവാരം ഉയർത്തുവാൻ അഗാതമായി ആഗ്രഹിക്കുകയും ചെയ്യുന്നു. അടഞ്ഞ വിപണി തുറന്നുകൊടുത്തത് കൊണ്ട് മാത്രം ദീർഘകാലമായി വളർന്നു വന്ന സുദീർഘമായ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കാൻ സാധ്യമല്ല. കിഴക്കൻ യൂറോപ്പിലേയും റഷ്യയിലേയും ഉയർന്നു വരുന്ന ജീവിത നിലവാരത്തിന്റെ വമ്പിച്ച ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കാൻ ബാഹ്യകമ്പോളങ്ങൾ ആവശ്യമാണ്. ഒരുപക്ഷേ യൂറോപ്യൻ രാജ്യങ്ങൾക്കോ അമേരിക്കക്കോ ജപ്പാനോ അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കാൻ സാധിച്ചേക്കും. മൂന്നാം ലോക രാജ്യങ്ങൾക്ക് അത് കുറഞ്ഞ പ്രതീക്ഷയാണ് നൽകുന്നത്. അതായത് വിളറിയ ചിത്രമാണ് സമ്മാനിക്കുന്നത്. അതിൽ കൂടുതലായി നിർഭാഗ്യവാന്മാരായ പാവപ്പെട്ട ആഫ്രിക്കൻ ജനതക്ക് അത്യാതൊന്നും സമ്മാനിക്കുന്നില്ല.

വിദൂര പൂർവ്വ ദേശങ്ങളായ ജപ്പാൻ, ദക്ഷിണ കൊറിയ, ഫോർമോസ, ഹോങ്കോങ്ങ്, സിംഗപ്പൂർ എന്നിവിടങ്ങളിൽ സംഭവിക്കുന്ന മുതലാളിത്ത മൂലധന വിപ്ലവത്തെപറ്റി സാമ്പത്തികമായും രാഷ്ട്രീയമായും പുരോഗമിച്ച രാജ്യങ്ങളിലെ രാഷ്ട്രീയക്കാർ ബോധവാന്മാരാണ്. ഇന്തോനേഷ്യ, മലേഷ്യ, കമ്പോഡിയ, തായ്‌ലന്റ് ബർമ്മ, ബംഗ്ലാദേശ്, പാകിസ്താൻ എന്നീ ദരിദ്രരായ ഏഷ്യൻ രാജ്യങ്ങളുടെ തലക്ക് മുകളിലൂടെ പാശ്ചാത്യ നാടുകളും മേൽപറഞ്ഞ വിദൂര പൗരസ്ത്യ നാടുകളും തമ്മിൽ ബന്ധം സ്ഥാപിക്കുന്ന കാഴ്ച്ചയാണ് നാം കാണുന്നത്.

ശക്തമായ ജപ്പാൻ സമ്പദ് വ്യവസ്ഥയിൽ നിന്നും അവർക്കെതിരെ ഉയരുന്ന ഭീഷണി നേരിടാൻ സാധിക്കുന്നതാണ്. അതിശീഘ്രം വികസിച്ചുകൊണ്ടിരിക്കുന്ന ജപ്പാൻ സമ്പദ്ഘടനക്ക് തടയിടാനും ഇത് മുഖേന കഴിയുന്നു. വിദൂര പൗരസ്ത്യ രാജ്യങ്ങൾക്ക് അമേരിക്കൻ സാങ്കേതിക വിജ്ഞാനത്തിന്റെ ഗുണഭോക്താക്കളായിനിൽക്കാൻ ദീർഘനാൾ കഴിയില്ല മറുഭാഗത്ത് ജപ്പാനിൽ നിന്നും സാമ്പത്തികമായി വളരെ ശക്തമായ യൂറോപ്യൻ യൂണിയനിൽ നിന്നുള്ള പുതിയ സംയുക്ത വെല്ലുവിളി നേരിടാൻ അമേരിക്ക പ്രസ്തുത വിദൂര പൗരസ്ത്യ സഖ്യരാജ്യങ്ങളുടെ ഭാഗത്തേക്ക് കൂടുതൽ ചാഞ്ഞു നിന്നേക്കാം. ഇത് ഭാവിയിൽ മനുഷ്യരാശിക്ക് ദോഷകരമാണെന്ന് മുൻകൂട്ടികാണേണ്ടതുണ്ട്. മുതലാളിത്ത കമ്മ്യൂണിസ്റ്റ് ആശയങ്ങൾ തമ്മിലുള്ള ആശയസംഘട്ടനത്തേക്കാൾ തികച്ചും വിഭിന്നമായ മറ്റൊരു തലത്തിൽ വെച്ച് ലോകത്തിന്റെ സമാധാന പ്രതീക്ഷകളെ ഈ കൂട്ടുകെട്ട് തകർത്തുകളയുന്നതാണ്.

കിഴക്കൻ യൂറോപ്പിലെയും റഷ്യയിലെയും മാറ്റങ്ങൾ ലോകത്തിലെ സാമ്പത്തിക സംന്തുലനത്തെ എങ്ങനെ ബാധിക്കും എന്ന് ഇപ്പോൾ പ്രവചിക്കാൻ സമയമായിട്ടില്ല അവരുടെ മുതലാളിത്തത്തിലേക്കുള്ള മാറ്റം സമ്പൂർണ്ണമായിട്ടാണോ ഭാഗികമയിട്ടാണോ പതുക്കെയാണോ വേഗത്തിലാണോ എന്നും പറയാറായിട്ടില്ല. പക്ഷേ ഒരു കാര്യം തീർച്ചയാണ്. ഈ മാറ്റങ്ങൾ മൂന്നാം ലോക രാജ്യങ്ങളിലെ സമ്പദ് വ്യവസ്ഥയെ വിപരീതമായിട്ടായിരിക്കും ബാധിക്കുക.

അത്തരം ഒരവസ്ഥ അനിശ്ചിതമായി തുടരില്ല. ഇപ്പോൾതന്നെ ലോകം ആഗോളീയമായ ഒരു തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കയാണ്. കൊള്ള പലിശയുടെയും പൊള്ളയായ തറയിൽ കെട്ടിപ്പടുത്ത വിജയ ലഹരി തലക്ക് പിടിച്ച് മുതലാളിത്ത രാജ്യങ്ങളോട് ഇസ്‌ലാമിന് ഒരു ഉപദേശമുണ്ട് അവ അന്തിമമായി നിലം പതിക്കുന്നതും തകർന്ന് ചിതറുന്നതുമായിരിക്കും. ഇയ്യിടെ സോഷ്യലിസത്തിനുമേൽ മുതലാളിത്തം നേടി എന്ന് പറയപ്പെടുന്ന വിജയം തൽക്കാലത്തേക്കുള്ള സമാധാനമാനം മാത്രമാണ് സംജാതമാക്കുക.

സോഷ്യലിസ്റ്റ് ശത്രുവിന്റെ അഭാവത്തിൽ മുതലാളിത്ത പ്രത്യയ ശാസ്ത്രം അതിവേഗം ഭീമാകാരമായി വളരുന്ന രാക്ഷസ ശക്തികൾക്ക് ജന്മം നൽകും. മുതലാളിത്തത്തിന്റെ അഗ്നി പർവ്വതം അവസാനം പൊട്ടിത്തെറിക്കുകയും ലോകമാസകലം പ്രകമ്പനവും സംത്രാസവും സംക്ഷോഭവും ഉണ്ടാവുകയും ചെയ്യും. ***(ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും)***

www.alislam.org

# ആഗോള യുദ്ധ സാഹചര്യവും സമാധാനത്തിലേക്കുള്ള പാതയും

എറണാകുളം അന്തരാഷ്ട്രാ പുസ്തകോത്സവത്തിൽ 10 ഏപ്രിൽ 2022 ന് ആഗോള യുദ്ധസാഹചര്യവും സമാധാനത്തിലേക്കുള്ള പാതയും എന്ന വിഷയത്തെ അധികരിച്ചു നടന്ന സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം

**എ. എം. മുഹമ്മദ് സലീം**

മാനവീയമായ ഒരു ലോകക്രമത്തിന്റെ പ്രാരംഭം കുറിക്കുന്നതിന്നായി മനുഷ്യർക്കിടയിൽ ദൈവത്തിന്റെ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്ന കാര്യം ദൈവം തന്റെ പരിശുദ്ധ സൃഷ്ടികളായ മാലാഖമാരുമായി ചർച്ച ചെയ്യുന്ന ഒരു രംഗം വിശുദ്ധ ഖുർആനിലുണ്ട്.

**'ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം (ഓർക്കുക). അവർ പറഞ്ഞു, അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ നിശ്ചിയിക്കുകയാണോ? ഞങ്ങളാകട്ടെ നിന്റെ മഹിമയെ പ്രകീർത്തിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു.'(ഇതിനുത്തരമായി) അല്ലാഹു പറഞ്ഞു: 'നിശ്ചയമായും നിങ്ങളറിയാത്തത് ഞാനറിയുന്നു.' (സൂറ: ബക്കറ2:31)**

ഇന്നത്തെ ലോകത്തെ നിരീക്ഷിക്കുമ്പോൾ പരിശുദ്ധ സൃഷ്ടികളായ മാലാഖമാർ പറഞ്ഞതാണോ സത്യമെന്ന് നാം സംശയിച്ചു പോകുമാറ് യുദ്ധഭരിതമാണ് ലോകം. ഈ ഭീതിയെ സാധൂകരിക്കുന്ന ഒരു വചനം ബൈബിളിലും കാണാം. **'നിങ്ങൾ യുദ്ധങ്ങളെ കുറിച്ചും യുദ്ധശ്രുതികളെ കുറിച്ചും കേൾക്കും .... ജാതി ജാതിയോടും ജനത ജനതയോടും എതിർക്കും. എങ്കിലും ഇതൊക്കെയും ഈറ്റു നോവിന്റെ ആരംഭമത്രെ.' (മത്തായി: 24: 6,7)** പക്ഷേ സ്രഷ്ടാവും കാരുണ്യവാനും ജ്ഞാനിയുമായ ദൈവം മാലാഖമാരുടെ ആശങ്കകൾ അവഗണിച്ചുകൊണ്ട് തന്റെ പ്രതിനിധിയായി ഭൂമിയിൽ മനുഷ്യനെ നിശ്ചയിക്കുകയാണ് ചെയ്തത്. ഇതെല്ലാം ഈറ്റുനോവിന്റെ വേവലാതികളാണെന്നാണ് ബൈബിളും പറയുന്നത്. ദൈവത്തിന് തന്റെ സൃഷ്ടിയായ മനുഷ്യനിലുള്ള ശുഭാപ്തി വിശ്വാസം പല ചരിത്ര ഘട്ടങ്ങളിലും നല്ല മനുഷ്യരിലൂടെ ലോകം കണ്ടതാണ് നമുക്കും ദൈവത്തിന്റെ ജ്ഞാനത്തിൽ വിശ്വസിക്കാം.




വർത്തമാനഘട്ടത്തിൽ ലോകം പ്രവേശിച്ച ഈ തുരങ്കത്തിന്റെ അന്ത്യത്തിൽ വെളിച്ചമുണ്ടാകുമെന്ന് തന്നെയാണ് നമ്മുടെ പ്രത്യാശ. അഹ്മദിയാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ലോകരാജ്യങ്ങളുടെ ഭരണാധികാരികളെയും നേതാക്കന്മാരെയും നേരിൽ കണ്ടും യൂറോപ്പിലെയും അമേരിക്കയിലെയും ജനപ്രതിനിധി സഭകളെ അഭിസംബോധന ചെയ്തും ലോക സംഘർഷ ലഘൂകരണത്തിന് ഒരു ഭിക്ഷാം ദേഹിയെപ്പോലെ സഞ്ചരിക്കുകയാണ്. അദ്ദേഹത്തിന്റെ സമാധാന ശ്രമങ്ങൾക്ക് പിന്തുണ നൽകികൊണ്ട് വിഷയത്തിലേക്ക് കടക്കാം.

ലോകത്ത് നാം കണ്ട അവസാനത്തെ എറ്റവും ഭീകരമായ യുദ്ധ സ്മരണ യാണ് 1939 മുതൽ 1945 വരെ 6 വർഷം നീണ്ടു നിന്ന രണ്ടാം ലോക മഹായുദ്ധം കരയിലും കടലിലും ആകാശത്തിലും മനുഷ്യൻ യുദ്ധം ചെയ്തു. സഖ്യ കക്ഷികൾക്കും (Allied Force) അചുതണ്ട് ശക്തികൾക്കും (Axis Force) പട്ടാളക്കാരും സിവിലിയന്മാരുമായി 6 കോടി ആളുകൾ മരണപ്പെട്ടു. 1940 ലെ ലോക ജനസംഖ്യയുടെ 3 ശതമാനം ജനങ്ങൾ മൃത്യുവിന്നിരയായി. രണ്ടാം ലോകമഹായുദ്ധ ശേഷം

ലോകപ്രശസ്തനായ ഭൗതിക ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീനോട് മൂന്നാം ലോക മഹായുദ്ധത്തെക്കുറിച്ച് ഒരിക്കൽ ചോദിച്ച ചോദ്യത്തിന് അദ്ദേഹം പറഞ്ഞ ഉത്തരം പ്രശസ്തമാണല്ലോ.

**'മൂന്നാം ലോക യുദ്ധത്തിൽ പ്രയോഗിക്കപ്പെടുന്ന ആയുധങ്ങളെപ്പറ്റി എനിക്കറിയില്ല. പക്ഷേ നാലാം ലോക മഹായുദ്ധത്തിൽ കല്ലും വടിയും ഉപയോഗിച്ചായിരിക്കും അവർ യുദ്ധംചെയ്യുക.'**

1948 ലെ ഒരു അഭിമുഖത്തിലാണ് ഐൻസ്റ്റീൻ ഇത് പറഞ്ഞത്. മൂന്നാം ലോക മഹായുദ്ധത്തിന്റ മാരക ഫലങ്ങളെ കുറിച്ച് അർത്ഥഗർഭമായ സൂചന നടത്തുകയായിരുന്നു ഐൻസ്റ്റീൻ. ആറ്റം ബോംബിന്റെ സൈദ്ധാന്തിക അടിത്തറയായ E=Mc2 എന്ന Mass–Energy Equivalence തിയറിയുടെ ഉപജ്ഞാതാവ് കൂടിയായ ഐൻസ്റ്റീന് ആറ്റംബോബിന്റെ മാരകമായ പ്രഹരശേഷി മറ്റാരെക്കാളും നന്നായറിയാമായിരുന്നു. 1933ൽ ജർമ്മനിയിൽ നാസി പ്പാർട്ടിയുടെ തലവനായി വന്ന അഡോൾഫ് ഹിറ്റ്ലർ സമീപ ഭാവിയിൽ ആറ്റം ബോംബ് നിർമ്മിക്കുമെന്ന ഭീതിയുടെ അടിസ്ഥാനത്തിൽ രണ്ടാം ലോക മഹായുദ്ധത്തിൽ ആറ്റം ബോംബ് നിർമ്മാണത്തിന്റെ ആവശ്യകതയെ പിന്തുണച്ചു കൊണ്ട് അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ റൂസ്‌വെൽട്ടിന്ന് 1939 ആഗസ്റ്റിൽ കത്തയച്ച ആളാണ് ഐൻസ്റ്റീൻ എന്ന കാര്യംകൂടി നാമോർക്കണം. ഒരു സമാധാന വാദിയായി അറിയപ്പെടുന്ന മഹാനായ ആ ശാസ്ത്രജ്ഞന് ആ കുറ്റത്തിൽ നിന്നും ഒരിക്കലും ഒഴിഞ്ഞു മാറാനാവില്ല. പിന്നീട് മൻഹാട്ടൻ പ്രൊജക്റ്റിന്റെ കീഴിൽ ജർമ്മൻ വംശജനായ യഹൂദ ശാസ്ത്രജ്ഞനും അമേരിക്കയിൽ പ്രിസ്റ്റണിലെ പ്രശസ്തമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസിൽ ഐൻസ്റ്റെന്റെ സഹപ്രവർത്തകനുമായ ഓപ്പൻ



ഹൈമർ ആയിരുന്നു അമേരിക്കയുടെ ആറ്റം ബോംബ് നിർമ്മാണത്തിന്ന് നേതൃത്വം നൽകിയത്.

ഓപ്പൺ ഹൈമർ ഭാരതീയ മതസാഹിത്യങ്ങളിലും ഇൻഡോളജിയിലും താൽപര്യമുള്ള ഒരാളായിരുന്നു. ആറ്റം ബോംബ് പരീക്ഷണത്തിന്റെ അത്യുജ്ജ്വലമായ പ്രകാശവും വിസ്പോടനവും കണ്ട ഓപ്പൻ ഹൈമർ ഉരുവിട്ടത് ഒരു ഗീതാ വചനമായിരുന്നു. ചെകുത്താന്റെ വേദമോതലായി നമുക്കതിനെ കാണാം.

**'ദിവിസൂര്യ സഹസ്രസ്യ ഭവേദ് യുഗപദുത്ഥിതാ**

**യദി ഭാ: സദൃശീ സാ സ്യാദ് ഭാസസ്തസ്യ മഹാത്മന:'**

(ആയിരം സൂര്യന്മാർ ഒരേ സമയം ആകാശത്തിലൊന്നായുദിച്ച് അത്യുജ്ജ്വലമായ ഒരു തേജസ്സ് സംഭവിക്കുമെങ്കിൽ ആ വിശ്വരൂപനായ ഭഗവാന്റെ തേജസ്സ് എങ്ങനെയാണോ അതുപോലെയാണ്. -വിശ്വരൂപ ദർശന യോഗം. ഭവത് ഗീത-11:12) ഭാരതത്തിലെ ജനകോടികളുടെ ആത്മീയവെളിച്ചമായ ഭഗവാൻ ശ്രീകൃഷ്ണന്റെ ആത്മീയ തേജസ്സിനെ പറ്റി വിവരിച്ച ഗീതാ വചനം ആറ്റംബോംബിന്റെ ദ്യുതി വർണ്ണിക്കാൻ ഉരുവിട്ടതിലെ വിരുദ്ധോക്തി നോക്കൂ.

## ആറ്റംബോംബ് വീണപ്പോൾ

അങ്ങനെ ആറ്റം ബോബ് എന്ന നരകാസുരൻ പിറന്നു. 1945 ആഗസ്റ്റ് 6ന് ഹിരോഷിമയിലും ആഗസ്റ്റ് 9ന് നാഗസാക്കിയിലും ആറ്റം ബോംബ് വർഷിക്കുകയുണ്ടായി. മനുഷ്യവംശം ഇന്നേവരെ അനുഭവിച്ചതിൽ വെച്ചേറ്റവും കിരാതവും മാരകവുമായ കൂട്ടമനുഷ്യഹത്യയായിരുന്നു അനന്തരമുണ്ടായത്. പലരും ബോംബിന്റെ അത്യുഷ്ണത്താൽ ആവിയായി പോവുകയാണുണ്ടായത്. ആറ്റം ബോംബ് സ്പോടനം ഹിരോഷിമയിൽ ഒന്നര ലക്ഷവും നാഗസാക്കിയിൽ ഒരു ലക്ഷത്തോളവും മൊത്തം രണ്ടര ലക്ഷം മനുഷ്യർ ബോംബ് വർഷിക്കപ്പെട്ട സ്ഥലത്ത് വെച്ച് കൊല്ലപ്പെട്ടു. മൂന്നാം ലോക മഹായുദ്ധത്തിൽ നാം പ്രയോഗിക്കാൻ വേണ്ടി കരുതിവെച്ച നാരകീയമായ ഈ മാരകായുധങ്ങളുടെ മഹാശേഖരത്തെക്കുറിച്ച് വിവരിക്കുന്നതിന്ന് മുമ്പായി, ഇതിന്ന് മുമ്പ് രണ്ട് തവണ മാത്രം ലോകം സാക്ഷ്യം വഹിച്ച ആറ്റം ബോംബ് എന്ന അഗ്നി താണ്ഡവത്തിന്റെ സ്തോഭ ജനകമായ ദൃക്സാക്ഷി വിവരണം കേൾക്കൂ.

ആറ്റം ബോംബ് എന്ന ഈ നരകതീ നാഗസാക്കി നഗരത്തിലേക്ക് അമേരിക്കയുടെ വിമാനത്തിൽ നിന്നും വലിച്ചെറിഞ്ഞപ്പോഴുള്ള ഭീകരമായ രംഗങ്ങൾ നാഗസാക്കിയിൽ അവശേഷിച്ച 10% പേരിൽ ഒരാളായിരുന്ന ഡോ തകാശി വിവരിക്കുന്നു. വീണ്ടും 6 വർഷം ജീവിച്ച് അർബുദം ബാധിച്ച് കൈകാൽ ശോഷിച്ച് വയർ വീർത്ത് മരിക്കുന്നതിന്ന് മുമ്പായി 17 ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. The Bell of Nagazaki എന്ന ഗ്രന്ഥത്തിൽ ആ ഭീകര രംഗം അദ്ദേഹം വിവരിക്കുന്നത് കാണുക.

**'അതിഭീകരമായ ഒരു പൊട്ടലും കണ്ണഞ്ചിപ്പിക്കുന്ന പ്രഭയും. നീലയും ചുവന്നതുമായ തീനാളങ്ങൾ ചിതറി. ഉഗ്രമായ കൊടും ചൂട്! മണിക്കൂറിൽ 600 മൈൽ വേഗമുള്ള ഒരൂക്കൻ കൊടുങ്കാറ്റ്!! 600 ഡിഗ്രി ചൂടുള്ള ഒരു തീചൂള. അതിന് 10,000 അടി ഉയരം. മൂന്നു മൈൽ അധികം പടർപ്പ്. ആ അഗ്നി രാക്ഷസൻ വളർന്നു നാല്പത്തയ്യാ**

യിരം അടിയായി ഉയർന്നു. കോടിക്കണക്കിനു കരങ്ങളും വിടർത്തി അവൻ കുതിച്ചപ്പോൾ 25,000 പേർ അതിൽ ഉടൻ ചാമ്പലായി. 1,00,000 പേർക്ക് പരിക്ക് പറ്റി. അവരിൽ 72,000 പേർ പിന്നീട് മരിച്ചു.'

ഡോ: തകാഷി തുടരുന്നു. 'പൊട്ടിത്തെറി കഴിഞ്ഞ് 20 മിനുട്ട് കഴിഞ്ഞിരുന്നു. ഉറക്കാമിയിലെ നഗരപ്രദേശം മുഴുവനും കത്തി ജ്വലിക്കുകയാണ്. ആശുപത്രിയുടെ നടുത്തളത്തിലും അഗ്നി താണ്ഡവമാടുകയാണ്......നരക തുല്യമായ അഗ്നികുണ്ഡത്തിൽ നിന്നും രക്ഷപ്പെടാൻ വേച്ചും വീണും മല കയറി വരുന്ന നഗ്ന ശരീരങ്ങളുടെ അതിദാരുണമായ ഘോഷയാത്ര തുടർന്നു കൊണ്ടേയിരിക്കുന്നു. സ്വന്തം പിതാവിന്റെ മൃതദേഹം വലിച്ചുകൊണ്ട് രണ്ടു കുട്ടികൾ കടന്നുപോയി. തലയറ്റ ഒരു ശിശുവിനെ മാറോട് ചേർത്ത് പിടിച്ച് യുവതിയായ ഒരമ്മ ഓടുകയാണ്. പരസ്പരം കൈകോർത്തു പിടിച്ച് രണ്ടു വൃദ്ധദമ്പതിമാർ കുന്നു കയറി വരുന്നു. കുന്നിന് മുകളിൽ എത്തിയ മറ്റൊരു സ്ത്രീയുടെ വസ്ത്രത്തിന്ന് തീ പിടിക്കുകയും ആളിക്കത്തുന്ന വൈക്കോൽ പന്തുപോലെ അവർ താഴോട്ട് ഉരുണ്ടു പോകുകയും ചെയ്തു. സ്വബോധം നഷ്ടപ്പെട്ട ഒരു മനുഷ്യൻ കത്തുന്ന വീടിന്റെ മുകളിൽ കയറി നിന്ന് നൃത്തം ചെയ്യുകയാണ്. ഓടിയവരിൽ പലരും ഇടക്ക് തിരിഞ്ഞു നോക്കി. മറ്റുള്ളവർ പിന്നോട്ട് തിരിഞ്ഞുനോക്കാൻ ധൈര്യമില്ലാതെ മുമ്പോട്ട് പാഞ്ഞു. കുറെ മുമ്പോട്ട് ഓടിയ ഒരു ബാലൻ സഹോദരിയെ വിളിക്കുന്നു. വേഗം വരാൻ അല്പം നിൽക്കാൻ അവൾ അവനോടു യാചിച്ചു. ഇവരുടെയും പിന്നിൽ ഒരഗ്നി സമുദ്രം ഇരമ്പി പാഞ്ഞു വരുന്നു. അത് കൂടുതൽ അടുത്ത് വരികയാണ്. '

Hiroshima Diary എന്ന മറ്റൊരു ഗ്രന്ഥത്തിൽ ഡോ. ഹാച്ചിയ എഴുതുന്നു. 'ജലസംഭരണ ടാങ്കുകൾ നിറയെ മൃതദേഹങ്ങൾ! പൊള്ളലേറ്റവർ രക്ഷപ്പെടാൻ വേണ്ടി ടാങ്കിൽ ചാടി. പക്ഷെ ആ ഹതഭാഗ്യർ ജീവനോടെ വേവിക്കപ്പെടുകയായിരുന്നു. അത്യുഗ്രമായ ചൂടിൽ ടാങ്കിലെ വെള്ളം തിളക്കുകയായിരുന്നു. ഒരു റിസർവോയറിൽ മരിച്ചവരുടെ കൂട്ടത്തിൽ ജീവനുള്ള ഒരാൾ കിടന്നു നരങ്ങുന്നത് കണ്ടു. ചോര കലർന്ന ചുവന്ന വെള്ളം അയാൾ ആർത്തിയോടെ കുടിക്കുകയായിരുന്നു.'

## ആധുനിക ന്യൂക്ലിയർ ബോംബുകൾ

1945 ആഗസ്തിൽ ജപ്പാനിൽ ആറ്റം ബോംബ് സ്പോടനം നടന്ന് 77 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ജപ്പാനിലെ കെടുതികൾ കണ്ട് മരണം വിതക്കുന്ന യുദ്ധ വ്യവസായം, ആയുധ നിർമ്മാതാക്കളും വ്യാപാരികളും, പാശ്ചാതാപ വിവശരായി ദീക്ഷ സ്വീകരിച്ച് സന്യസ്തരായിത്തീർന്നെന്ന് നാം ധരിക്കരുത്. അവർ വീണ്ടും കർമ്മനിരതരായി. കുറഞ്ഞ സമയത്തിന്നുള്ളിൽ കൂടുതൽ മനുഷ്യരെ അതിവേഗം കൊന്നൊടുക്കി എങ്ങനെ യുദ്ധം ജയിക്കാമെന്നുമുള്ള വിപുലമായ ഗവേഷണത്തിൽ മുഴുകുകയായിരുന്നു അവർ. അധികാരവും സമ്പത്തുമായിരുന്നു അവരുടെ പ്രചേദനം. രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാനിൽ വർഷിച്ച ലിറ്റിൽ ബോയ്, ഫാറ്റ് മാൻ എന്നീ ആറ്റം ബോംബുകൾ മൂന്നാം ലോക മഹായുദ്ധത്തിന്നായുള്ള ഒരു സാമ്പിൾ വെടിക്കെട്ടായിരുന്നു. ഇന്ന് അതൊരു പഴഞ്ചൻ ആയുധമാണ്. ഏഴു പതിറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ അതിഭയാനകമായ പ്രഹര ശേഷിയുള്ള ന്യൂക്ലിയർ ബോംബുകളും ഉന്നം തെറ്റാത്ത അതിന്റെ അത്യാധുനികമായ പ്രയോഗ രീതികളുമാണ് ഇന്ന് ലോകം കൈവരിച്ചിരിക്കുന്നത്. മൂന്നാം ലോകമഹായുദ്ധം കഴിഞ്ഞ് മനുഷ്യൻ നാലാം ലോക മഹായുദ്ധം നടത്തുക കല്ലും കവണയുപയോഗിച്ചായിരിക്കും എന്ന് പറഞ്ഞ ഐൻസ്റ്റീന്റെ വാക്കുകൾ ഓർക്കുക.

ആറ്റംബോംബിനേക്കാൾ പ്രഹര ശേഷിയുള്ള ഹൈഡ്രജൻ ബോംബാണ് ആണവ ശക്തികളുടെ കൈയ്യിലുള്ളത്. എന്താണ് ഈ ആറ്റം ബോംബും ഹൈഡ്രജൻ ബോംബും തമ്മിലുള്ള വ്യത്യാസം? ഒരു പക്ഷേ നമ്മുടെ തന്നെ അന്തകനായി തീർന്നേക്കാവുന്ന ഈ ഭീകരനെ പറ്റി നാം ഏകദേശം അറിയുന്നത് നല്ലതാണ്. ആറ്റം ബോംബ് ന്യൂക്ലിയർ ഫിഷൻ അഥവാ അണു വിഘടനം ആധാരമാക്കിയാണ് പ്രവർത്തിക്കുന്നത് അതായത് റേഡിയോ ആക്റ്റീവ് മൂലകങ്ങളുടെ ആറ്റത്തിലെ ന്യൂക്ലിയർ ബലത്തെ വിഘടിപ്പിച്ചു (ഫിഷൻ) ആ ബലത്തെ ഊർജ്ജമായി മോചിപ്പിച്ചാണ് ആറ്റം ബോംബ് പ്രവർത്തിക്കുന്നത്. എന്നാൽ ഹൈഡ്രജൻ ബോംബ് വിഘടനത്തിന്ന് പകരം അണു സംയോജനത്തിലൂടെ ന്യൂക്ലിയർ ഫ്യൂഷനിലൂടെയാണ് പ്രവർത്തിക്കുക. ശക്തമായ ചട്ടകൂടുള്ള ഒരു ബോംബിനകത്ത് അനേകം ആറ്റം വിഘടന സ്ഫോടനം നടത്തി വമ്പിച്ച ഊർജ്ജം ഉൽപ്പാദിപ്പിച്ച് ബോംബിനകത്ത് സജ്ജീകരിച്ച ഹൈഡ്രജൻ ആറ്റത്തെ അണുസംയോജനത്തിലൂടെ(ഫ്യൂഷൻ) ഹീലിയം ആറ്റമായി മാറ്റുന്നു. അപ്പോൾ ബാക്കി വരുന്ന വൻ ഊർജ്ജമാണ് പൊട്ടിത്തെറിക്കുക. ഇതിനെയാണ് ഹൈഡ്രജൻ ബോംബ് എന്ന് പറയുന്നത്. ആറ്റം ബോംബിനേക്കാൾ എത്രയോ മടങ്ങ് മാരകവും. ഭൂമിയിൽ ജീവരാശികൾക്ക് ഊർജ്ജം നൽകി നിലനിർത്തുന്ന സൂര്യനിൽ സ്രഷ്ടാവായ ദൈവം പ്രവർത്തിപ്പിക്കുന്ന ഊർജ്ജം ന്യൂക്ലിയർ ഫിഷനാണ്. എത്ര ശാന്തസുന്ദരവും ജീവദായകവും സർഗ്ഗാത്മകവുമായാണ് ദൈവം ഈ ഊർജ്ജം പ്രവർത്തിപ്പിക്കുന്നത്. ആ ഊർജ്ജമാണ് മനുഷ്യകരങ്ങളിൽ ഇത്ര മാരകമായ ഹൈഡ്രജൻ ബോംബായി മാറുന്നത്.

Russel Hoffman എഴുതിയ

The Effect of Nuclear Weapons എന്ന ഒരു ലേഖനത്തിൽ പറയുന്നത് ഒരു മെഗാടൺ ഹൈഡ്രജൻ ബോംബ് ഏകദേശം 6 കിലോമീറ്റർ വിസ്തൃതിയിൽ ന്യൂക്ലിയർ സ്ഫോടനത്തിൽ 6 കിലോ മീറ്ററാണ് ഗ്രൗണ്ട് സീറോ ആയിട്ടാണ് കണക്കാക്കപ്പെടുക. കൊല്ലപ്പെടുന്ന ആളുടെ ഒരു നിഴൽ ചിത്രം (Ghost Shadow) ഒരു അടയാളമായി അവരുടെ പിന്നിലുള്ള കോൺക്രീറ്റ് മതിലിലോ കല്ലില്ലോ പതിയും. പക്ഷേ ഉടൻ തന്നെ അവരെ അവിടെ കാണില്ല. അവർക്ക് എന്ത് സംഭവിച്ചു എന്നും ഒരുപക്ഷേ അവരറിയില്ല കാരണം ആറ്റം ബോംബിന്റെ ആഘാത തരംഗങ്ങൾ അതേൽക്കുന്നവരുടെ സംവേദന ഇന്ദ്രിയങ്ങൾ അവരുടെ മസ്തിഷ്ക്കത്തിൽ എത്തുന്നതിന്ന് മുമ്പായി അവർ ആവിയായി പോയിട്ടുണ്ടായിരിക്കും!! അത്രയും ദ്രുതഗതിയിൽ ഭയാനകമായി മനുഷ്യനെ കൂട്ടമായി ഉന്മൂലനം ചെയ്യുന്നതാണ് ആധുനിക ന്യൂക്ലിയർ ബോംബുകൾ.

ലോകരാജ്യങ്ങൾ ചേരി തിരിഞ്ഞ് ഇനിയൊരു ലോകമഹായുദ്ധം ഉണ്ടാവുകയാണെങ്കിൽ അത് മിക്കവാറും ഒരു ന്യൂക്ലിയർ യുദ്ധമായിരിക്കും. പുട്ടിൻ യുക്രെയ്ൻ ആക്രമണസമയത്ത് ന്യൂക്ലിയർ ആയുധങ്ങൾ സജ്ജമാക്കിവെക്കാൻ പറഞ്ഞത് ഓർക്കുക. ഭൂമിയെ പലവട്ടം ചാമ്പലാക്കാൻ കഴിയുന്ന ന്യൂക്ലിയർ ആയുധങ്ങൾ കൈവശമുള്ള രാജ്യങ്ങൾ അത് മുഴുവനും പ്രയോഗിക്കുകയാണെങ്കിൽ ഹോമോസാപിയൻസ് എന്ന് ശാസ്ത്രം വിളിക്കുന്ന മനുഷ്യൻ എന്ന ജീവിവർഗ്ഗം ഭൂമുഖത്ത് നിന്നും ഉന്മൂലനം ചെയ്യപ്പെടും. മാനവരാശി ഒരുപാട് യുദ്ധങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ആ യുദ്ധകെടുതികളെല്ലാം ആ യുദ്ധമുഖത്ത് മാത്രം പരിമിതമാണ്. എന്നാൽ ന്യൂക്ലിയർ ബോബുകൾ ഉണ്ടാക്കുന്ന വിപത്ത് കാലത്തിനും ദേശത്തിനും അതീതമാണ്. അതിന്റെ റേഡിയേഷൻ ദശാബ്ദങ്ങളോളം നിൽക്കുകയും വായു, മേഘം ജലം ഇവയിലൂടെ മറ്റുദേശങ്ങളിലേക്ക് പരക്കുകയും ചെയ്യും. മനുഷ്യന് മാത്രമല്ല ആറ്റം ബോംബിട്ട ഭൂമി മറ്റു ജീവികൾക്കും ജീവയോഗ്യമല്ലാതായിത്തീരും.

## നിശബ്ദ വസന്തത്തിൽ നിന്ന് ആണവ ശിശിരത്തിലേക്ക്

ഒരു ലോകമഹായുദ്ധത്തിലോ പ്രാദേശിക യുദ്ധത്തിലോ നിരവധി ന്യൂക്ലിയർ ബോംബുകൾ വർഷിച്ചാൽ എന്താണ് സംഭവിക്കുക? അതുണ്ടാക്കുന്ന പാരിസ്ഥിതിക ദുരന്തങ്ങളെ പറ്റി ലോകപ്രശസ്തനായ ശാസ്ത്രജ്ഞൻ കാൾ സാഗനടക്കം 5 പേരടങ്ങുന്ന ശാസ്ത്രസംഘം 1983ൽ പഠനം നടത്തുകയുണ്ടായി. ന്യൂക്ലിയർ സ്ഫോടനത്തിൽ നിന്നും പ്രവഹിക്കുന്ന വമ്പിച്ച വെളിച്ചം, താപം, സ്ഫോടനം, അണു പ്രസരണം പൊടിപടലങ്ങൾ എന്നിവ ചേർന്ന് സൃഷ്ടിക്കുന്ന ഒരു പാരിസ്ഥിതിക പ്രതിഭാസമാണ് ന്യൂക്ലിയർ വിന്റർ. സ്ഫോടനത്തിൽ നിന്നും ഉദ്പാദിപ്പിക്കപ്പെടുന്ന നൈട്രജൻ ഓക്സൈഡുകൾ ഭൂമിയിൽ അൾട്രാ വയലറ്റ് റേഡിയേഷൻ തടയുന്ന ഓസോൺ പാളിയെ തകർക്കും. കാടുകൾ, മരങ്ങൾ, പ്ലാസ്റ്റിക്ക്, പെട്രോളിയം വസ്തുക്കൾ മുതലായ സകലതും കത്തി നശിച്ച് കാർബൺ പൊടികളായി മാറും. കൊടും താപത്താൽ ജലാശയങ്ങളിലെ ജലം നീരാവിയായി പോവും. റേഡിയേഷൻ ഏറ്റ ദശലക്ഷക്കണക്കിന് ടൺ പൊടിപടലങ്ങൾ ആകാശത്തേക്ക് പറന്നുയർന്ന് ദീർഘകാലത്തേക്ക് ആണവ മേഘങ്ങൾ സൂര്യ പ്രകാശത്തെ തടയുകയും ആ പ്രദേശത്തെ താപനില 11 ഡിഗ്രി മുതൽ 20 സെന്റി ഗ്രേഡ് വരെ താഴുകയും ചെയ്യുന്നു. ഈ പ്രതിഭാസത്തെയാണ് ന്യൂക്ലിയർ വിന്റർ ആണവ ശിശിരം എന്ന് പറയുന്നത്. വിശുദ്ധ ഖുർആനിൽ മനുഷ്യൻ വരുത്തിവെക്കുന്ന വേദനാജനകമായ ഒരു ധൂമം കൊണ്ടുള്ള ശിക്ഷയെ കുറിച്ച് സൂചിപ്പിക്കുന്നു.

**‘അതിനാൽ ആകാശം സ്പഷ്ടമായ ഒരു ധൂമത്തെ കൊണ്ടുവരുന്നൊരു നാളിനെ നോക്കിപ്പാർക്കുക. അത് ജനങ്ങൾക്ക് മീതെ ഒരു നിഴൽ വിരിക്കും ഇത് വേദനാജനകമായ ഒരു യാതനയായിരിക്കും.’ (44: 11–12)**

നമുക്കറിയാം 1962 റേച്ചൽ കഴ്സൺ എന്ന അമേരിക്കക്കാരി എഴുതിയ *Silent Spring* നിശ്ശബ്ദ വസന്തം എന്ന കൃതിയെപറ്റി. ഡിഡി റ്റി എന്ന കീടനാശിനിയുടെ അമിതമായ ഉപയോഗം വരുത്തുന്ന പാരിസ്ഥിതിക നാശത്തെ സംബന്ധിച്ചായിരുന്നു ആ പുസ്തകം. കീടനാശിനി തളിച്ച് താറുമാറാക്കിയ പ്രകൃതിയിലേക്ക് ഒരു വസന്തം കടന്നു വരികയാണ്. കിളികൾ ചിലക്കാത്ത ചെടികൾ പുഷ്പ്പിക്കാത്ത ചീവിടുകൾ കരയാത്ത നിശ്ശബ്ദ വസന്തം!!. ലോകത്ത് പാരിസ്ഥിതിക ബോധത്തിന്നും പാരിസ്ഥിതിക സംഘടനകൾക്കും തുടക്കം കുറിക്കുകയും ഐക്യരാഷ്ട്ര സഭയിലും അമേരിക്കയിലും മറ്റു നിരവധി രാജ്യങ്ങളിലും അനേകം നിയമ നിർമ്മാണങ്ങൾ ഉണ്ടാക്കുകയും ചെയ്ത ചെറിയ ഒരു പുസ്തകമാണത്. ഇന്ന് നാം ചർച്ച ചെയ്യുന്ന **ന്യൂക്ലിയർ വിന്റർ** ഖുർആൻ വിശേഷിപ്പിച്ചത് പോലെ അതിനേക്കാൾ വേദനാജനകമായ യാതന തന്നെയാണ്.

## ആണവ വ്യാപനം

ജപ്പാനിൽ ആറ്റം ബോംബ് വർഷിക്കുമ്പോൾ അമേരിക്കയുടെ പക്കൽ മാത്രമാണ് ആറ്റം ബോംബ് ഉണ്ടായിരുന്നത്. ഇന്ന് 9 രാജ്യങ്ങളുടെ കൈയ്യിൽ ന്യൂക്ലിയർ ബോംബുണ്ട്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ചൈന എന്നീ രാജ്യങ്ങൾ 1968ലെ അണ്വായുധ നിർവ്യാപന കരാറിൽ (Nuclear Non Proliferation Treaty)ഒപ്പു വെച്ചവരാണ്. മൊത്തം 191 രാജ്യങ്ങൾ ഒപ്പുവെച്ചു. പാകിസ്താൻ ഇസ്റയേൽ, ഉത്തര കൊറിയ, ഇന്ത്യ എന്നീ നാലു ന്യൂക്ലിയർ രാജ്യങ്ങൾ നിർവ്യാപനകരാറിൽ ഒപ്പുവെക്കാ

ത്ത ന്യൂക്ലിയർ രാജ്യങ്ങളാണ്. ന്യൂക്ലിയർ ആയുധങ്ങൾ ഇനി നിർമ്മിക്കില്ല എന്നും അതിന്റെ സാങ്കേതിക വിദ്യ സമാധാന ആവശ്യങ്ങൾക്കല്ലാതെ മറ്റാർക്കും കൈമാറില്ല എന്നുമുള്ള വ്യവസ്ഥ യിൽ ഒപ്പുവെച്ചവരാണ് എൻ പി ടി. അംഗങ്ങൾ.

അമേരിക്കയും റഷ്യയും കൂടി ന്യൂക്ലിയർ ആയുധങ്ങളും അത് വിക്ഷേപിക്കാനുള്ള മിസൈലുക ളും പരസ്പരം കുറക്കാൻ 1972 ൽ ഒപ്പിട്ട കരാറാണ് Strategic Arms Limitation Talks (SALT) അതിന്റെ ഭാഗമായി 2010 ൽ 22,600 ന്യൂക്ലിയർ ആയുധങ്ങൾ ഉള്ളതിൽ നിന്നും കഴിഞ്ഞ വർഷം 2021 ൽ അത് 13,080 ആയി ചുരുക്കിയിട്ടുണ്ട്. ഇതിൽ അമേരിക്കയും റഷ്യയുമാണ് ന്യൂക്ലിയർ ശേഖരത്തിന്റെ 90 ശതമാനത്തിന്റെയും അവകാശിക ൾ. പ്രവർത്തന ക്ഷമമായി വിന്യസി ക്കപ്പെട്ട Deployed Strategic Nuclear Warheads, മുൻ വർഷ ത്തെ 3720 ൽ നിന്നും രാജ്യങ്ങൾ 3825 ആയി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഉക്രയ്ൻ അക്രമണത്തി ന് ശേഷമുള്ള കണക്ക് ലഭ്യമല്ല. ലോകത്ത് ആഗോള സുരക്ഷയെ യും സമാധാനപാലനത്തെയും കുറിച്ച് പഠനം നടത്തുന്ന ആധി കാരിക സ്വതന്ത്ര ഗവേഷണ സ്ഥാപനമാണ് 1966 തുടങ്ങിയ Stockholm International Peace Research Institute SIPRI വർഷം തോറും ന്യൂക്ലിയർ ആയുധങ്ങളട ക്കം യുദ്ധസന്നാഹങ്ങളുടെ സ്ഥിതി വിവരക്കണക്ക് ഇയർ ബുക്കായി അവർ പ്രസിദ്ധീകരിക്കാറുണ്ട്. ഏറ്റവും അവസാനമായി 2021 ജൂണിൽ പുറത്തിറക്കിയ ഇയർ ബുക്കിലെ വിവരങ്ങളാണ് മുകളിൽ പറഞ്ഞത്.

സൈനിക ചിലവിൽ ലോക ത്തെ 15 രാജ്യങ്ങളുടെ ലിസ്റ്റ് അവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 778 ബില്ല്യൻ ഡോളറുമായി അമേരിക്കയാണ് മുന്നിൽ. അവരുടെ ദേശീയ വരുമാനത്തിന്റെ 3.7 ശതമാനവും മൊത്തം ആഗോള സൈനിക ചിലവിന്റെ 39% മാണ് അമേരിക്ക യുടെ പങ്ക്. തൊട്ട് പിറകെ ചൈന 252 ബില്ല്യൻ ഡോളർ ദേശീ.വ. 1.7% വും ആഗോള പങ്കാളിത്തം 13%. മൂന്നാമത് നമ്മുടെ രാജ്യം ഇന്ത്യയാണ് ജി ഡി പി യുടെ 2.9 % ആഗോള ചിലവിന്റെ 3.7 %. മൊത്തം ആഗോള യുദ്ധസാമഗ്രി കളുടെ ചിലവ് 20 വർഷം കൊണ്ട് 75% മാണ് വർദ്ധിച്ചത്. സിപ്രി (SIPRI) പ്രകാരം 2021 അവസാന ത്തിൽ ഇന്ത്യയുടെ കൈയ്യിൽ 156 ന്യൂക്ലിയർ ബോബുണ്ട്. നമ്മുടെ പ്രതിയോഗി പാകിസ്താന് 165 എണ്ണമാണുള്ളത്. നമ്മേക്കാൾ 9 എണ്ണം അധികം.

### അന്ത്യദിന ഘടികാരം (Doomsday Clock)

മാനവരാശിയുടെ നിലനിൽപ്പ് അപകടപ്പെടുമാറ് ലോകം നേരിടുന്ന കടുത്ത ഭീഷണികളുടെ രൂക്ഷത ഭരണാധികാരികളെയും നേതാക്ക ന്മാരെയും പൊതുജനങ്ങളെയും ബോദ്ധ്യപ്പെടുത്താൻ 1947 അമേരി ക്കയിലെ ഷിക്കാഗോ സർവ്വകലാ ശാല ഒരു ഘടികാരം നിർമ്മിച്ചിട്ടു ണ്ട്. അമേരിക്കയുടെ അണുബോം ബ് നിർമ്മിച്ച മൻഹാട്ടൻ പ്രൊജക്റ്റി ലെ ശാസ്ത്ര സംഘത്തിന്റെ പ്രസിദ്ധീകരണമായ Bulletin of the Atomic Scientists ന്റെ പ്രവർത്തക സമിതിയാണ് ലോക പ്രശസ്തമായ ആ ഘടികാരം നിർമ്മിച്ചത്. അവരുടെ പ്രായശ്ചി ത്തം കൂടിയാണ് Doomsday Clock (അന്ത്യദിന ഘടികാരം) എന്ന് അറിയപ്പെടുന്ന ഈ നിർമ്മിതി. ഇപ്പോൾ നേരം അർദ്ധരാത്രി 12 മണിയോടടുക്കുമ്പോൾ മാനവരാശി ഒരു വൻ അപകടത്തിന്റെ മൂർദ്ധ ന്യത്തിലാണ് എന്നാണ് പ്രതികാത്മ കമായി ആ ഘടികാരം അറിയി ക്കുന്നത്. ലോക സംഭവങ്ങൾ വില യിരുത്തി സൂചി പുനക്രമീകരണം നടത്തുന്നത് ലോക പ്രശസ്തരായ ഒരു സംഘം ശാസ്ത്ര്ജ്ഞന്മാരുടെ ഒരു കമ്മിറ്റിയാണ്. 11 നോബൽ സമ്മാന പുരസ്ക്കർത്താക്കൾ ആ കമ്മിറ്റിയിലുണ്ട്. മൊത്തം 20 തവണ ഇങ്ങനെ ലോക രാഷ്ട്രീയ സംഭവ ഗതിക്കനുസരിച്ച് സൂചി മാറ്റി യിട്ടുണ്ട്. 1949 ൽ റഷ്യ ആദ്യമായി അണു ബോംബ് പരീക്ഷിച്ചപ്പോൾ പഴയ നിലയിൽ നിന്ന് മൂന്ന് മിനുട്ട് സൂചി മുന്നോട്ട് നീങ്ങി. 12 നോടുള്ള അകലം വെറും മൂന്നു മിനുട്ടാ യിരുന്നു. 1991 Strategic Arms Limitation Talks ന്റെ ഭാഗമായി അമേരിക്കയും റഷ്യയും അണ്വായു ധങ്ങൾ കുറക്കാമെന്ന കരാറിൽ ഒപ്പ് വെച്ചപ്പോൾ 12 മണിയുമായി 9 മിനുട്ടായിരുന്നു അകലം. 2002 ൽ അമേരിക്കയിൽ ട്വിൻ ടവർ ആക്രമി ച്ചപ്പോൾ പൂർവ്വസ്ഥിതിയിൽ നിന്നും 2 മിനുട്ട് മുന്നോട്ടാക്കി. 7 മിനുട്ടാക്കി അകലം കുറച്ചു. ഈ സൂചി നീക്കം നടത്തിയത് ലോക പ്രശസ്തനായ ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹാക്കിൻസായിരുന്നു. ലോകത്തെ സൂചിയുടെ മുൾമുന യിൽ നിർത്തിക്കൊണ്ടുള്ള അവസാ നമായി അന്ത്യദിന ഘടികാരത്തിൽ സൂചിമാറ്റമുണ്ടായത് 2022 ഫിബ്ര വരി 24. ന്യൂക്ലിയർ ആയുധങ്ങൾ സജ്ജമാക്കണമെന്ന് പുടിൻ ഉത്തര വ് നൽകികൊണ്ട് ഉക്രയ്ൻ ആക്രമ ണം നടത്തിയ പശ്ചാത്തലത്തിൽ ഘടികാരത്തിൽ അർദ്ധരാത്രിക്ക് 1 മിനുട്ട് 40 സെക്കന്റ് മാത്രമാണ് അവശേഷിച്ചത്.

ഇപ്പോഴത്തെ ന്യൂക്ലിയർ യുദ്ധഭീഷണി 100 സെക്കന്റ് അകലത്തിളെന്ന് ചുരുക്കം.


1991 ന് മുൻപ് ഉക്രയ്ൻ സോവി യറ്റ് യൂണിയന്റെ ഭാഗമായിരുന്ന പ്പോൾ സോവിയറ്റ് ന്യൂക്ലിയർ ആയുധങ്ങളുടെ മൂന്നിൽ ഒന്ന് വിന്യസിച്ചിരുന്നത് ഉക്രയിനിലായി രുന്നു. സോവ്യറ്റ് ശിഥിലീകരണ ത്തിന് ശേഷം പഴയ റിപ്പബ്ലിക്കു കളുടെ കൂട്ടായ്മയായ Commonwealth of Independent States CIS ആണ് ന്യൂക്ലിയർ ആയുധങ്ങൾ നിയന്ത്രിച്ചിരുന്നത് 1994 ഉക്രയ്ൻ ന്യൂക്ലിയർ ആയുധങ്ങളെല്ലാം നശിപ്പിക്കുമെന്ന് സമ്മതിക്കുകയും Non-Proliferation of Nuclear Weapons (NPT) ഒപ്പുവെക്കുകയും ചെയ്തു. (തുടരും)

# ആത്മീയാനുഭൂതി ഉണർത്തുന്ന പിതൃസ്മരണകൾ

യൗവ്വനത്തിൽ ത്ന്നെ അഹ്മദിയ്യത്തിന്റെ സത്യം ഗ്രഹിച്ച് ശ്രീലങ്കയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗായി ത്യാഗപൂർണ്ണമായ ജീവിതം നയിച്ച മൗലവി എ.പി ഇബ്രാഹിം സാഹിബിനെ പറ്റി അദ്ദേഹത്തിന്റെ പുത്രനായ ലേഖകൻ അനുസ്മരിക്കുന്നു.

**അഹ്മദ് ഇസ്മായിൽ**

നൂറ് വർഷം മുമ്പ് ഭാരതത്തിന്റെ വടക്ക് പഞ്ചാബിലെ ഖാദിയാനിൽ വാഗ്ദത്ത മസീഹ് ആഗതനായെന്നൊരു വാർത്തയായിരുന്നു എന്റെ പിതാവ് എ. പി ഇബ്രാഹിം സാഹിബ് എന്ന യുവാവിന് ഒരു സുവിശേഷം പോലെ ലഭിച്ചത്. നൂറ്റാണ്ടുകളായി മുസ്‌ലിം സമുദായം ഒരു പെരുന്നാളായി ആഘോഷിക്കാൻ കാത്തിരുന്ന വാഗ്ദത്ത മതപുരുഷന്റെ ആഗമനം ആ യുവാവിൽ ഉണ്ടാക്കിയ ആത്മീയ ഹർഷവും ഉദ്വേഗവും ആശയക്കുഴപ്പവും അവർണ്ണനീയമായിരുന്നു. യൗവനത്തിന്റെ തീഷ്ണതയിലും ആ ചെറുപ്പക്കാരനിൽ സ്പന്ദിച്ചു നിന്ന നിസ്തുലവും അനർഘവുമായ ആത്മീയ ചേതന അദ്ദേഹത്തിലെ അസാധാരണമായ ദൈവികാന്വേഷണത്തെയാണ് അനാവരണം ചെയ്യുന്നത്. ലൗകിക ജീവിതത്തിന്റെ വരുവരായ്കകൾ ചിന്തിക്കാതെ ദാരിദ്ര്യവും നിസ്വതയും സ്വയം വരിച്ച് കനൽ പഥങ്ങളും ദുസ്തരമായ ജീവിതസാഹചര്യങ്ങളും താണ്ടി അദ്ദേഹം സഞ്ചരിച്ചു. അചഞ്ചലമായ തന്റെ സത്യാന്വേഷണം എന്റെ വന്ദ്യ പിതാവിന്റെ വ്യക്തി ജീവിതത്തിലും സാമൂഹിക ജീവിതത്തിലും സഫലമായി. ശ്രീലങ്കയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ രൂപികരണം അതിൽ പ്രമുഖമാണ്.



എ. പി ഇബ്രാഹിം സാഹിബ്

വടക്കൻ കേരളത്തിലെ ഫ്രഞ്ച് അധീന പ്രദേശമായിരുന്ന മാഹിയിലെ ചൊക്ലി എന്ന സ്ഥലത്താണ് എന്റെ പിതാവ് എ. പി ഇബ്രാഹിം സാഹിബ് ജനിച്ചത്. ഫ്രഞ്ച് അധീന മാഹിക്ക് പൊതുസമൂഹത്തിൽ ബ്രിട്ടീഷ് ഇന്ത്യയെക്കാൾ പരിഷ്ക്കാരത്തിന്റെയും പ്രബുദ്ധതയുടെയും സമ്പന്നതയുടെയും ഒരു നേരിയ മുന്തൂക്കം ഉണ്ടായിരുന്നു. മാഹിയിലെ ചൊക്ലിയിൽ എടത്തിൽ പുളിക്കണ്ടി വലിയ പറമ്പത്ത് എന്ന കുലീനവും അഭിജാതവുമായ ഒരു സമ്പന്ന കുടുംബത്തിലായിരുന്നു എന്റെ പിതാവിന്റെ ജനനം. കുടകിലും മടിക്കരിയിലും കൊച്ചിയിലുമായി കാപ്പിത്തോട്ടങ്ങളും ഹോട്ടൽ വ്യാപാരവും മരക്കച്ചവടവുമെല്ലാമുള്ള ഒരു വലിയ കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. കുടുംബ ബിസിനസ്സിൽ പ്രവർത്തിച്ചു കൊണ്ടിരിക്കെ ഇരുപത് വയസ്സ് പൂർത്തിയാകാത്ത കൗമാരം കഴിഞ്ഞ യൗവനത്തിലാണ് അദ്ദേഹത്തിന് അഹ്മദിയത്തിന്റെ സന്ദേശം ലഭിക്കുന്നത്.

### ചലനം കൊള്ളിച്ച സന്ദേശം

അദ്ദേഹത്തിന് ലഭിച്ച ആദ്യത്തെ അഹ്മദിയ്യാ സന്ദേശം ഹദ്റത്ത് ഈസാ നബി (അ) മരിച്ചു പോയിരിക്കുന്നു എന്ന വിവരമായിരുന്നു. എവിടെ നിന്നോ കേട്ട ഒരു ശ്രുതിപോലെയാണ് ആ വാർത്ത അദ്ദേഹത്തിന്റെ കർണ്ണപുടങ്ങളിൽ പതിച്ചത്. അക്കാലത്ത് മതാഭിമുഖ്യമുള്ള ആത്മാർത്ഥമായി മതജീവിതം നയിക്കുന്ന ഏതൊരു മുസ്‌ലിമിനെയും കിടിലം കൊള്ളിക്കുന്ന വാർത്തയായിരുന്നു അത്. വജ്രസൂചി പോലെ അദ്ദേഹത്തിന്റെ ഹൃദയത്തിലേക്ക് ആ സന്ദേശം തുളച്ചു കയറി. ഇസ്‌ലാമിന്റെ അവസാന കാലത്തെ ആഗോള വിജയത്തിന്റെ നിറം പിടിപ്പിച്ച അത്ഭുത കഥകളിലെ നായകനാണ് ഈസാ നബി (അ). ആകാശത്ത് നിന്ന് അവരോഹിതനാകുന്ന അദ്ദേഹം നിർവ്വഹി

ക്കുന്ന ഉജ്ജ്വലകൃത്യങ്ങളാണ് ഇസ്‌ലാം മതത്തിന്റെ വിജയ നിദാനമായി കണക്കാക്കപ്പെട്ടത്. ദജ്ജാൽ എന്ന ഭീകരസത്തവു മായുള്ള ദ്വന്ദയുദ്ധം, കുരിശിനെ ഉടക്കൽ, പന്നിയെ കൊല്ലൽ തുടങ്ങി നൂറ്റാണ്ടുകളായി മുസ്‌ലിം ലോകം പാതിരാപ്രസംഗങ്ങളിലും മദ്രസ്സകളിലും കേട്ടുകൊണ്ടിരിക്കു ന്ന അന്തിമവിജയത്തിലെ കഥാനാ യകനായ ഈസാനബി (അ) ആകാശത്ത് നിന്ന് ഇറങ്ങിവരില്ലെ ങ്കിൽ നാം നമസ്ക്കാരത്തിൽ 5 നേരവും ഏതൊരു ദജ്ജാലിന്റെ ഉപദ്രവത്തിൽ നിന്നാണോ നമ്മെ രക്ഷപ്പെടുത്താൻ പ്രാർത്ഥിക്കുന്നത് ആ ദജ്ജാലിന്റെ സംഹാരകനായി ആരാണ് വരിക? വരേണ്ട ആൾ ഇല്ലാതാവുന്ന ശൂന്യത ആ യുവ മനസ്സിനെ പിടിച്ചുലച്ചു. ഈ വിഷയം ചിന്താശീലനായ അദ്ദേഹം ഗാഢമായ ആലോചനക്ക് വിധേയ മാക്കി.

ഹദ്റത്ത് ഇസാ നബി (അ) ദിവംഗതനായി എന്ന് മാത്രമല്ല അദ്ദേഹം ശ്രവിച്ചത്. അതിനോടനു ബന്ധമായി ഈസാ നബി (അ) ക്ക് സദൃശനായ മുസ്‌ലിം ഉമ്മത്തിൽ നിന്ന് മറ്റൊരാളാണ് വരേണ്ടതെ ന്നും അയാൾ വന്നുവെന്നും അദ്ദേഹം അറിഞ്ഞു. പഞ്ചാബിലെ ഖാദിയാൻ എന്ന സ്ഥലത്ത് വാഗ്ദ ത്ത മസീഹ് വന്നു കഴിഞ്ഞുവെ ന്നാണ് ആ വാർത്ത. ഈ വാർത്ത യുടെ നിജസ്ഥിതി എന്തെന്നറിയാൻ ഈ ചെറുപ്പക്കാരനിൽ അസാധാ രണമായ ഒരു ആവേശം ഉടലെടു ക്കുകയായിരുന്നു. അടുത്തും അകലെയുമുള്ള എല്ലാവരോടും ഈ ശ്രവിച്ചതിന്റെ യാഥാർത്ഥ്യ മെന്താണെന്ന് ആരാഞ്ഞു ആ യുവാവ് അലഞ്ഞു. പലരെയും സംശയ നിവാരണത്തിന്നായി സമീപിച്ചു. തൃപ്തികരമായ ഉത്തരം ആരിൽ നിന്നും ലഭിച്ചില്ല. സത്യം നേരിട്ടറിയാനുള്ള അദ്ദേഹത്തിന്റെ അദമ്യമായ ആഗ്രഹം കാരണം മസീഹ് വാദം പുറപ്പെടുവിച്ച ആളുടെ പ്രഭവ കേന്ദ്രത്തിലേക്ക് തന്നെ പുറപ്പെടാൻ ആ യുവാവ് ഉറച്ച് തീരുമാനമെടുക്കുകയായിരു ന്നു. അസാധാരണമായിരുന്നു ആ തീരുമാനം.

അങ്ങനെ 110 വർഷം മുമ്പ് എ. പി ഇബ്രാഹിം എന്ന യുവാവ് തന്റെ ആത്മാവിന്റെ ദാഹം തീർക്കാനുള്ള സത്യാന്വേഷണ യാത്രക്ക് തുടക്കം കുറിക്കുകയായിരുന്നു. 1912 ൽ ഒരു ദിവസം കടയിൽ നിന്നും യാത്രക്കു ള്ള കുറച്ച് കാശുമായി രണ്ടും കൽപ്പിച്ച് അദ്ദേഹം നേരെ ഖാദിയാ നിലേക്ക് യാത്രപുറപ്പെട്ടു. അവിടെ എത്തിയ ശേഷം ബാക്കിയായ കാശ് തിരിച്ചയച്ച് കൊണ്ട് ഞാൻ ഇപ്പോൾ പഞ്ചാബിലെ ഖാദിയാനി ലാണ് ഉള്ളതെന്നും എന്നെപറ്റി മറ്റെങ്ങും തിരഞ്ഞ് വിഷമിക്കേണ്ടതി ല്ലെന്നും അദ്ദേഹം വീട്ടുകാരെ അറിയിച്ചു. സർവ്വശക്തനായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ കുറച്ച് നാളുകൾക്കകം തന്നെ ഖലീഫത്തുൽ മസീഹ് അവ്വൽ അൽഹാജ് ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ (റ) കയ്യിൽ ബൈഅത്ത് ചെയ്യുകയും പിന്നെ അവിടെ തന്നെ തുടർന്ന് പഠിക്കുകയും മൗലവി ബിരുദം നേടുകയും ചെയ്തു. ലൗകികമായ തന്റെ എല്ലാ ധനങ്ങ ളും സ്വന്തം സഹോദരിക്ക് വിട്ടേച്ചു കൊണ്ട് അദ്ദേഹം മറ്റൊരു അദ്ധ്യാ ത്മിക സരണിയിലേക്ക് നീങ്ങി. സ്വന്തം ജീവിതം വഖ്ഫ് ചെയ്ത് കൊണ്ട് ഇസ്‌ലാമിന്റെ സേവനപാത യിൽ ജീവിതം സമർപ്പിക്കുകയായി രുന്നു അദ്ദേഹം. പിന്നീട് ഖലീഫ ത്തുൽ മസീഹ് സാനിയുടെ നിർദ്ദേ ശപ്രകാരമാണ് ശ്രീലങ്കയിലേക്ക് 1918 ൽ ഒരു മിഷണറിയായി അദ്ദേഹം നിയമിതനാവുന്നത്. എന്നാൽ അക്കാലത്ത് ശ്രീലങ്കയിൽ മിഷണ റിമാർക്ക് പ്രവർത്തിക്കാൻ അനു വാദമില്ലായിരുന്നു. അത്കാരണം ഒരു ചായക്കടക്കാരൻ എന്ന നിലയിൽ ശ്രീലങ്കയിൽ തബ്‌ലീഗ് പ്രവർത്തനങ്ങൾ നടത്താനായിരു ന്നു എന്റെ വന്ദ്യപിതാവിനോട് ഖലീഫത്തുൽ മസീഹ് സാനി ഉപദേശിച്ചത്. ഇസ്‌ലാമിന്റെ ഐതി ഹാസികമായ ചരിത്രമുണ്ടായിരിന്ന സ്പെയിനിൽ ഇസ്‌ലാം നിഷ്ക്രമി ച്ചതിന് ശേഷം ഏഴ് നൂറ്റാണ്ടുകൾ കഴിഞ്ഞ് തിരിച്ച് വന്നത് ഖലീഫ ത്തുൽ മസീഹ് സാനി മിഷണറി യായി അയച്ച മൗലവി കരം ഇലാഹി സഫറിന്റെ പ്രവർത്തനം മൂലമായി രുന്നല്ലോ. ഒരു അത്തർ വിൽപ്പന ക്കാരന്റെ വേഷത്തിലായിരുന്നു 1946 ൽ അവിടെ അദ്ദേഹം എത്തുന്നത്. ഏകദേശം മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് പ്രതികൂല സാഹചര്യങ്ങളിൽ മൗലവി ഇബ്റാഹിം സാഹിബിനോട് കൈകൊള്ളാൻ പറഞ്ഞ അതേ രീതി അവലംബിക്കാനായിരുന്നു മൗലവി കരം ഇലാഹി സഫറിനോ ടും ഖലീഫത്തുൽ മസീഹ് സാനിയുടെ നിർദ്ദേശം. ശ്രീലങ്ക യിലെ കൊളംമ്പോവിലേയും സ്പെയിനിലെ കൊർഡോബോയി ലെയും തെരുവുകളിൽ അവർ ഇസ്‌ലാമിന് വേണ്ടി ജീവിതം പൂർണ്ണമായും ഹോമിച്ചു. ജീവിത ത്തിന്റെ എല്ലാ സുഖങ്ങളും സന്തോഷങ്ങളും ത്യജിച്ചു. ഇങ്ങനെ നാം അറിഞ്ഞതും അറിയാത്തുമായ എത്രയോ മഹത്തുക്കൾ ലോകത്തി ന്റെ പലകോണുകളിലും ജീവത്യാ ഗം ചെയ്ത് നിർമ്മിച്ചെടുത്തതാണ് ഇസ്‌ലാമിക സമൂഹം. ചരിത്രത്തിൽ യാതൊരു പ്രതിപാദനവുമില്ലാതെ തിരോഭവിച്ച അവരുടെ ധന്യജീവി തങ്ങൾ അല്ലാഹുവിന്റെ മുന്നിൽ വിലമതിപ്പുള്ളതാണ്. പക്ഷേ നമ്മുടെ ഓർമ്മയിൽ വരുമ്പോൾ ആ അജ്ഞാതനാമാക്കൾക്ക് വേണ്ടി ദുആ ചെയ്തെങ്കിലും നാം അവരോ ടുള്ള കടമ പൂർത്തിയാക്കേണ്ടി യിരിക്കുന്നു.

## രണ്ട് വഴികളുടെ മാർഗ്ഗദർശി

അങ്ങനെ എ. പി ഇബ്രാഹിം സാഹിബ് ശ്രീലങ്കയിൽ ജമാഅത്തി ന്റെ പ്രചാരണ പ്രവർത്തനങ്ങളിൽ മുഴുകിക്കൊണ്ടിരിക്കെ നടന്ന അവിസ്മരണീയമായ ഒരു സംഭവ ത്തെ കുറിച്ച് പ്രശസ്ത എഴുത്തു കാരനും ചന്ദ്രിക പത്രത്തിന്റെ എഡിറ്ററുമായിരുന്ന വലപ്പാട് അബ്ദുൾ ഖയ്യൂം സാഹിബ് എന്നോട് പറയുകയുണ്ടായി. കേരളാ മുഖ്യമന്ത്രിയായ ജനാബ്

സി എച് മുഹമ്മദ് കോയാ സാഹിബ് പോലും ബഹുമാന പുരസ്സരം എന്റെ ഉപ്പാപ്പ എന്ന് സ്മരണാഞ്ജലി എഴുതിയ മഹാനായ ഒരു വ്യക്തിത്വമാണ് ഖയ്യൂം സാഹിബ് എന്ന് നാം ഓർക്കണം. ഇബ്രാഹിം സാഹിബ് മുഖേന അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച അദ്ദേഹം ഇബ്രാഹിം സാഹിബിന്റെ പുത്രൻ എന്ന നിലക്ക് കേവലം ഒരു ബാലനായ എന്നോട് ആ കഥ ഒരു സദസ്സിന്റെ സാന്നിദ്ധ്യത്തിൽ വിവരിച്ചത് ആത്മാഭിമാനത്തോടെ ഞാൻ ഇന്നും ഓർക്കുന്നു. അത് താഴെ കുറിക്കട്ടെ

1950 ലോ 53 ലോ എന്ന് കൃത്യമായി ഓർമ്മയില്ല, സ്ഥലം മദാർ ഔഷധാലയത്തിന്റെ മേലെയുള്ള മദ്രസാഹാളായിരുന്നു. അഖില കേരളാ അഹ്മദിയ്യാ വാർഷിക സമ്മേളനം നടക്കുന്നതിന്റെ ഭാഗമായി കേരളത്തിന്റെ നാനാഭാഗത്ത് നിന്നും ആളുകൾ പഴയങ്ങാടിയിൽ എത്തിയിട്ടുണ്ട്. പുറത്ത് നിന്നും വന്ന വിശിഷ്ട അതിഥികളുടെ നടുവിൽ ജനാബ് അബ്ദുൾ ഖയ്യൂം സാഹിബ് ഇരിപ്പുണ്ട്. ചുറ്റും കുറേ ആളുകൾ ആ ജ്ഞാനിയുടെ ജീവിതാനുഭവങ്ങൾ അറിയാൻ ചെവിയോർത്ത് ചുറ്റും കൂടിയിരിക്കുന്നു. ആരോ ഒരാൾ ഇത് മൗലവി എ. പി ഇബ്രാഹിം സാഹിബിന്റെ മകൻ അഹ്മദ് ഇസ്മായിൽ ആണ് എന്ന് പറഞ്ഞ് എന്നെ പരിചയപ്പെടുത്തി. ഇത്കേട്ട അദ്ദേഹം എന്നെ അരികിലേക്ക് സ്നേഹവാത്സല്യത്തോടെ ചേർത്ത് പിടിച്ചു. എന്നിട്ട് പറഞ്ഞു വാപ്പായെ കുറിച്ച് ഒരു സംഭവം പറയട്ടെ. അന്ന് ഞാൻ 15 വയസ്സിൽ താഴെയുള്ള ഒരു ബാലനായിരുന്നു.

ഖയ്യൂം സാഹിബ് തുടർന്നു: 'ഞാൻ അക്കാലങ്ങളിൽ സിലോണിൽ ഇംഗ്ലീഷ് ടീ എസ് റ്റേറ്റിൽ ഒരു എക്കൗണ്ടന്റ് ആയി ജോലിനോക്കുകയായിരുന്നു. ഒരു ഞായറാഴ്ച്ച എന്റെ ഒരു സുഹൃത്തിനെ തിരഞ്ഞു നാലുംകൂടിയ ഒരു ക്രോസ് റോഡിൽ അങ്ങോട്ടും ഇങ്ങോട്ടും വഴിയറിയാതെ വട്ടം കറങ്ങി നടക്കുകയായിരുന്നു. അരികെയുണ്ടായിരുന്ന ചായക്കടയിൽ നിന്നും ഒരു താടിയും തലപ്പാവും വെച്ച ഒരാൾ വന്നു എന്നോട് ചോദിച്ചു: 'എന്തേ വട്ടം കറങ്ങി നടക്കുന്നു എങ്ങോട്ടാണ് പോകേണ്ടത്?' ഞാൻ പറഞ്ഞു: 'എന്റെ ഒരു സുഹൃത്തിനെ കാണാൻ ഇറങ്ങിയതാണ്. എനിക്ക് വഴി ശരിക്കും അറിയില്ല. തെറ്റിപ്പോയോ എന്നൊരു സംശയം' താടിക്കാരൻ (എന്റെ പിതാവ്) പറഞ്ഞു: 'സാരമില്ല, വിലാസം തരൂ ഞാൻ നിങ്ങൾക്ക് രണ്ട് വഴികൾ പറഞ്ഞു തരാം. ഒന്ന് നിങ്ങളുടെ സുഹൃത്തിന്റെ അടുത്തേക്കുള്ള വഴി. മറ്റേത് അല്ലാഹുവിന്റെ സമീപത്തേക്കും അങ്ങനെ അദ്ദേഹം മതപരമായ വിഷയത്തിലേക്ക് പ്രവേശിച്ചു. തുടർന്നു. ഏകദേശം ഒരു മണിക്കൂറോളം സംസാരിച്ചു. ഈസാ മസീഹിന്റെ മരണവും അദ്ദേഹത്തിന്റെ തിരിച്ചു വരവുമായിരുന്നു വിഷയം. സംഗതികൾ പുതുമയുള്ളതും കൗതുകകരവുമായി എനിക്ക് തോന്നി.' ഖയ്യൂം സാഹിബ് പറഞ്ഞു. സമയ കുറവ് കാരണം അടുത്തയാഴ്ച്ച വരാമെന്ന് പറഞ്ഞ് ഞാൻ പിരിഞ്ഞു. അങ്ങനെ 3 ആഴ്ച്ചകൾ കഴിഞ്ഞപ്പോൾ എന്നിൽ എന്തൊക്കെയോ സംശയങ്ങൾ ഉദിക്കാൻ തുടങ്ങി. ഞാൻ പറഞ്ഞു: 'ഞങ്ങളുടെ കൂടെ ഒരു ഇംഗ്ലീഷ് മൗലവിയുണ്ട് ഞാൻ അദ്ദേഹത്തെയും കൂട്ടി വരാം.'

അങ്ങനെ ആഴ്ചകൾ കഴിഞ്ഞപ്പോൾ എന്നിൽ എന്തൊക്കെയോ സംശയങ്ങൾ ഉദിക്കൻ തുടങ്ങി. അവസാനം അടുത്ത സന്ദർശനം ആ ഇംഗ്ലീഷ് മൗലവിയോടൊപ്പമായി. പിന്നീട് അഹ്മദിയത്ത് സ്വീകരിച്ച എം സൈനുദ്ദീൻ സാഹിബ് മലബാരി ആയിരുന്നു ആ ഇംഗ്ലീഷ് മൗലവി. അദ്ദേഹം വളരെ വിവരമുള്ള ഒരു ആലിം മാത്രമല്ല ഇംഗ്ലീഷ് ഭാഷയിൽ നല്ല അവഗാഹമുള്ള വ്യക്തികൂടിയായിരുന്നു. ഞങ്ങളുടെ കമ്പനിയിലെ ചീഫ് ഓഡിറ്റർ കൂടിയായിരുന്നു അദ്ദേഹം. ഖയ്യൂം സാഹിബ് തുടർന്നു: 'അദ്ദേഹം എന്റെ കൂടെ മൂന്ന് തവണ വന്നു. അവരുടെ സംഭാഷണം ശ്രദ്ധിക്കുക മാത്രമായിരുന്നു എന്റെ ജോലി. ചുരുക്കത്തിൽ കൂട്ടികൊണ്ട് വന്ന ആ ഇംഗ്ലീഷ് മൗലവി എന്നെക്കാൾ മുമ്പേ ബൈയ്യത്ത് ചെയ്തു. പിന്നെ ഞാനും സൈനുദ്ദീൻ സാഹിബിന്റെ മരുമക്കളായ എം ജമാലുദ്ദീൻ സാഹിബ്, എം ഇബ്രാഹിം സാഹിബ് തുടർന്ന് വേറെയും നാലഞ്ച്പേർ അടുത്തടുത്തായി ഞങ്ങളോടൊപ്പം ബൈയ്യത്ത് ചെയ്തു. ഖയ്യൂം സാഹിബ് എന്റെ പിതാവിന്റെ തബ്ലീഗ് ദൗത്യത്തെ സംബന്ധിച്ച് തനിക്കുണ്ടായ അനുഭവം വിവരിക്കുകയായിരുന്നു.'

ബൈയ്യത്ത്ചെയ്ത സൈനുദ്ദീൻ സാഹിബും പരിവാരങ്ങളും തമിഴ്നാട്ടുകാരായിരുന്നു. സാന്ദർഭികമായി പറയട്ടെ, സൈനുദ്ദീൻ സാഹിബ് എന്ന ഈ ഇംഗ്ലീഷ് മൗലവി എന്റെ അറിവിൽ അക്കാലത്ത് ഏറ്റവും കൂടുതൽ സാമ്പത്തിക ത്യാഗം ചെയ്ത ആത്മാർത്ഥയുള്ള ഒരു അഹ്മദിയായിരുന്നു. അദ്ദേഹത്തിന്റെ അവസാന ശ്വാസം വരെ അത് തുടർന്നു. ഇക്കാര്യത്തിൽ അദ്ദേഹത്തെ മറിക്കടക്കാൻ അവിടുത്തെ ആർക്കും സാധിച്ചിരുന്നില്ല. അക്കാലത്ത് ബൈയ്യത്ത് ചെയ്ത മറ്റൊരു വ്യക്തിയായിരുന്നു എം ഇബ്രാഹിം സാഹിബ്, ഏകദേശം 19 വർഷത്തോളം പഴയങ്ങാടി ജമാഅത്തിൽ അമീറായിരുന്നു. അദ്ദേഹത്തിന്റെ മകനാണ് കേരളത്തിലെ പ്രഗത്ഭനായ അമീർ ഡോ. ബി. മൻസൂർ അഹ്മദ് സാഹിബ്.

എന്റെ പിതാവ് മൗലവി എ. പി ഇബ്രാഹിം സാഹിബിലേക്ക് തന്നെ വീണ്ടും വരാം. അദ്ദേഹത്തെ ഖലീഫത്തുൽ മസീഹ് സാനി(റ) യാണ് ശ്രീലങ്കയിലേക്ക് മിഷണറിയായി അയച്ചത്. അഹ്മദിയ്യാ പ്രചാരകനായി 1918 മുതൽ 1929 വരെ അദ്ദേഹം ശ്രീലങ്കയിൽ തന്നെ ഉണ്ടായിരുന്നു. ഇക്കാലത്തെ രണ്ട് ഫോട്ടോകൾ എന്റെ കൈയ്യിലുണ്ട്. വർഷങ്ങളായി എന്റെ പിതാവിന്റെ




ഇടത് വശത്ത് നിന്ന് രണ്ടാമത് ഡോ. മുഫ്തി മുഹമ്മദ് സാദിക്ക് സാഹിബ്, ഒന്നാമത് അദ്ദേഹത്തിന്റെ ഭാര്യ, വലത് വശത്ത് നിന്ന് രണ്ടാമത് എ. പി ഇബ്രാഹിം സാഹിബ്.

ദൗത്യ നിർവ്വഹണ പ്രദേശം സന്ദർശിക്കണമെന്ന മോഹം എനിക്കുണ്ടായിരുന്നു. 40 വർഷത്തെ വിദേശ വാസത്തിന് ശേഷം അവസാനമയി കുവൈത്ത് വിടുന്നതിന് 8 മാസം മുമ്പായിരുന്നു കമ്പനിയുടെ ആവശ്യാർത്ഥം ചൈനയിൽ പോകേണ്ട ഒരു സന്ദർഭമുണ്ടായത്. ആ യാത്രയിൽ ശ്രീലങ്കയിൽ രണ്ട് തവണ ഇറങ്ങി. മൂന്ന് നാല് ദിവസം അവിടെ തങ്ങാൻ സാധിച്ചു.

ശ്രീലങ്കയിൽ എത്തിയപ്പോൾ ആദ്യമായി തിരക്കിയത് പഴയകാലത്ത് ജീവിച്ച വൃദ്ധരായ അഹ്മദികളെ കുറിച്ചായിരുന്നു. അങ്ങനെ ഏറ്റവും പ്രായമായ ഒ. നാസിർ അഹ്മദ് സാഹിബ് എന്ന 92 കാരനായ അഹ്മദി വൃദ്ധനെ പരിചയപ്പെട്ടു. എന്റെ പിതാവിന്റെ കൂടെ പ്രവർത്തിച്ച ആളും ഗ്രന്ഥകാരനും പ്രസ്സ് ഉടമയുമായിരുന്ന ഒ. മജീദ് സാഹിബിന്റെ ഇളയ പുത്രനുമായിരുന്ന ഓ നാസിർ സാഹിബ് ആയിരുന്നു അദ്ദേഹം. എല്ലാ ചരിത്ര പുസ്തകങ്ങളും ഓ നാസിർ സാഹിബിന്റെ വശം ഉണ്ടായിരുന്നു. അദ്ദേഹമാണ് The Learned Ceylon Muslims Openion on Ahamadiyya Movement എന്ന പുസ്തകത്തിന്റെ ഒരു കോപ്പി എനിക്ക് സ്നേഹപൂർവ്വം നൽകിയത്. അദ്ദേഹം നൽകിയ ഗ്രൂപ്പ് ഫോട്ടോയിൽ പ്രഗത്ഭ അഹ്മദിയ്യാ മിഷണറി ഡോ. മുഫ്തി മുഹമ്മദ് സാദിക്ക് സാഹിബ് തന്റെ അമേരിക്കക്കാരിയായ ഭാര്യയുമൊത്ത് സിലോൺ സന്ദർശിച്ചപ്പോൾ എടുത്ത ഗ്രൂപ്പ് ഫോട്ടോ എനിക്ക് നൽകി. അതിൽ എന്റെ പിതാവിനെയും കാണാം. ആ കാലത്ത് മുബല്ലിഗുമാർക്ക് ശബളം കൊടുക്കാൻ ജമാഅത്തിന്റെ കയ്യിൽ പണമുണ്ടായിരുന്നില്ല. അത് കാരണം തുഛമായ ശമ്പളം പോലും അവർക്ക് ലഭിക്കാറുണ്ടായിരുന്നില്ല. അതുകൊണ്ട് മുബല്ലിഗുമാരുടെ കുടുംബത്തിന്റെ ധനസ്ഥിതി ഏകദേശം ഊഹിക്കാമല്ലോ.

## ഫക്കീറായി വീട്ടിലേക്ക്

സമ്പന്ന കുടുംബത്തിൽ പിറന്ന എന്റെ പിതാവിന് ആഢംബര ജീവിതത്തിന്റെ ഉയരങ്ങളിലെത്താനുള്ള അവസരങ്ങൾ ധാരാളമുണ്ടായിരുന്നു. പക്ഷേ അതൊന്നും ആ സത്യാന്വേഷിയെ പ്രലോഭിപ്പിച്ചില്ല. സത്യത്തിന്റെ പരംപൊരുൾ തേടി കഠിനമായ ജീവിതത്തിന്റെ കനൽ പഥങ്ങളിലൂടെ താൻ വിശ്വസിച്ച ആദർശങ്ങൾക്ക് വേണ്ടി ദരിദ്രനും നിസ്സ്വനുമായി അദ്ദേഹം സഞ്ചരിച്ചു.

എന്റെ പിതാവ് ശ്രീലങ്കയിൽ മുബല്ലിഗായി പോകുന്നതിന് മുമ്പതന്നെയാണ് അദ്ദേഹത്തിന്റെ ആദ്യവിവാഹം നടന്നത്. മൗലാനാ ബി. അബ്ദുല്ലാ സാഹിബിന്റെ ബന്ധുവായ ബിലാവിന്റകത്ത് സൈനബ സാഹിബയായിരുന്നു ഭാര്യ. ശ്രീലങ്കയിലെ അന്നത്തെ സാഹചര്യത്തിൽ കഠിനമായ അരിഷ്ഠതകളിലും പ്രയാസത്തിലുമായിരുന്നു ആ ദമ്പതികൾ ജീവിച്ചത്. അവർ അവിടെ രോഗബാധിതയായി. ചികിത്സക്കായി പഴയങ്ങാടിയിൽ വന്നു ഏറെ വൈകാതെ തന്റെ സഹധർമ്മിണി പരലോകം പൂകി. പിന്നീടാണ് എന്റെ മാതാവ് ഹാജറുമ്മാ സാഹിബയെ വിവാഹം കഴിച്ചത്. അതീവ ഹൃദ്യവും അഗാധസ്നേഹത്താൽ ദൃഢവുമായിരുന്നു അവരുടെ ദാമ്പത്യം

ജീവിതത്തിന്റെ സായാഹ്നത്തിൽ രോഗപീഢിതനായി വീട്ടിൽ അദ്ദേഹം തിരിച്ചെത്തി. കൊടിയ ദാരിദ്ര്യത്തിന്റെ നിസ്സ്വ വസ്ത്രവും ധരിച്ച് കയ്യിൽ ഒരു നയാപൈസ പോലും ഇല്ലാതെയാണ് ദൈവസമർപ്പിതനായ ആ മഹാജ്ഞാനി ജീവിതത്തിന്റെ അവസാന നാളുകളിലേക്ക് പ്രവേശിച്ചത്. എന്റെ പ്രിയങ്കരനായ പിതാവ് തളർന്ന ശരീരവുമായി വീടണഞ്ഞ ആ രംഗം എന്റെ ഇളയ സഹോദരി നഫീസ വിവരിച്ചത് ഞാനോർക്കുകയാണ്. അവൾ അന്ന് ഒമ്പത് വയസ്സ് പ്രായമുള്ള കൊച്ചു ബാലികയായിരുന്നു. വളരെ അപൂർവ്വമായി വീട്ടിൽ വരുന്ന തന്റെ പിതാവിനെ പറ്റി ജമാഅത്തിലെ മുതിർന്ന സഹോദരന്മാർ അവളോട് ആരായുമായിന്നു. അതെല്ലാം അവളിൽ പിതാവിനെ സംബന്ധിച്ച നിറം പിടിപ്പിച്ച പ്രതീക്ഷ വളർത്തിയിട്ടുണ്ടാകം. വസ്ത്രവിഭൂഷിതനായി പ്രൗഢിയോടെ സുന്ദരനായി വരുന്ന തന്റെ വാപ്പയെ വരവേൽക്കാൻ അവൾ കൊതിച്ചിരുന്നു. അങ്ങനെ ഒരു ദിവസം വാപ്പ വീട്ടിലെത്തിയിട്ടു

**ശേഷം പേജ് 28 ൽ**

# ആദ്

## മരുകാറ്റിൽ തിരോഭവിച്ച അറേബ്യൻ ജനത – 4

ഏഴു രാവും എട്ടു പകലും തുടർച്ചയായി വീശിയടിച്ച മണൽ കാറ്റിൽ അഹംകാരികളായ ആദ് ജനത നശിച്ചു നാമാവശേഷമായി. എഴുതപ്പെട്ട ചരിത്രങ്ങളെല്ലാം മൗനം പാലിക്കുകയും വിശുദ്ധ ഖുർആൻ മാത്രം ലോകത്തിന് സമർപ്പിക്കുകയും ചെയ്ത ആദിന്റെ ചരിത്രത്തെ പറ്റിയുള്ള അനിഷേധ്യമായ പുരാരേഖകൾ ലോകത്തിന്ന് പതുക്കെ ലഭിച്ചു കൊണ്ടിരിക്കുകയാണ്.

**എ. എം. മുഹമ്മദ് സലീം**


### കണ്ടെത്തിയത് ശരിയായ സ്ഥലമോ?

അമേരിക്കൻ ഗവേഷകർ കൊട്ടിഘോഷിച്ച ഉബാർ എന്ന നഗരത്തിന്റേതെന്ന് പറയപ്പെടുന്ന പുരാവസ്തു നിർമ്മിതി ആദിന്റെ കാലത്തെതായിരിക്കാം. അവർ അവകാശപ്പെടുന്നത് പോലെ അത് ഖുർആൻ പറഞ്ഞ നശിപ്പിക്കപ്പെട്ട ആദിന്റെ ആസ്ഥാന നഗരമായിരിക്കാൻ സാദ്ധ്യതയില്ല. ആദ് എന്ന പുരാതന അറേബ്യൻ ജനതയെ കുറിച്ചുള്ള അറിവ് നൽകിയ ഒരേയൊരു ചരിത്ര സ്റോതസ്സ് വിശുദ്ധ ഖുർആൻ മാത്രമാണ്. ഖുർആനിൽ ഉബാർ എന്ന നഗരത്തെക്കുറിച്ച് യാതൊരു പ്രതിപാദനവുമില്ല. ഖുർആനിലെന്നല്ല ആദിനെ പറ്റി പരാമർശിച്ച് ഒരു അറബി ചരിത്രകാരന്റെ ആധികാരിക രചനകളിലും ആദ് സമൂഹത്തിന്റേതായി ഉബാർ എന്ന ഒരു നഗരത്തെക്കുറിച്ചുള്ള പ്രതിപാദനമോ വിവരണമോ ഇല്ല. എന്തിനധികം 'ആയിരത്തൊന്നു രാവുകൾ' എന്ന അറബിക്കഥയിലെ മരുഭൂമിയിലെ വിജന ശൂന്യമായ പട്ടണത്തിന് പോലും ഉബാർ എന്ന പേരില്ല. ഉബാർ എന്ന പട്ടണം ബദവികളായ അറബി നാടോടികളുടെ വാമൊഴി പാരമ്പര്യത്തിലുള്ള കഥകളിലെ നാമം മാത്രമാണ്. ഇംഗ്ലീഷ് ഗവേഷകനായ ബർട്രന്റ് തോമസ്സ് അത്കേട്ടു തന്റെ പുസ്തകത്തിൽ എഴുതി എന്നതൊഴികെ മറ്റൊരു ചരിത്രപരമായ ആധികാരികതയും ഉബാർ എന്ന നഗരനാമത്തിന്ന് നൽകാനാവില്ല.

മറ്റൊരു ശ്രദ്ധേയമായ കാര്യം വിശുദ്ധ ഖുർആൻ ആദ് സമൂഹത്തിന്റെ മുഖ്യ ഗോത്രമായി ഉപയോഗിച്ച ഇറം എന്ന നാമം അവരുടെ നഗരത്തിന്റെ പേരായും അവരുടെ രാജ്യതലസ്ഥാനമായും പല ഖുർആൻ വ്യാഖ്യതാക്കളും യൂറോപ്യന്മാരും കരുതുന്നു. പ്രശസ്ത ഖുർആൻ വിവർത്തകനും ഭാഷ്യകാരനുമായ അബ്ദുല്ല യൂസുഫ് അലിയുടെ ഖുർആൻ വ്യാഖ്യാനത്തിലും ഇറം നഗരമായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. (Abdulla Yusuf Ali-Holy Quran Text Translation and commantary p. 1949). വാസ്തവത്തിൽ ഇറം എന്നത് അവരുടെ ഗോത്ര നാമമാണ്. വലിയ ഗോത്രത്തിൽ പെട്ട ഒരു ഉപ വിഭാഗമായിരുന്നു ഖുർആൻ വിവരിച്ച ആദ്. അതുകൊണ്ട് അവർ അവരുടെ മുഖ്യ ഗോത്രമായ ഇറമിന്റെ നാമം കൂട്ടിചേർത്തു കൊണ്ട് **'ആദ് ഇറം'** എന്നാണ് പറയാറ്. ഇറം ഗോത്രത്തിലെ എല്ലാവരും അവരുടെ ഉപഗോത്രത്തോടൊപ്പം മുഖ്യഗോത്രമായ ഇറം എന്ന പേര് ചേർത്ത് പറയാറുണ്ടായിരുന്നു. ഇബ്നു ഖൽദൂൺ ഇതിനെ പറ്റി പറയുന്നത്: ***'ആദ് നിലവിൽ വന്ന കാലത്ത് അവർ ആദ് ഇറം എന്ന് വിളിക്കപ്പെട്ടു. സമൂദ് വംശം വന്നപ്പോൾ സമൂദ് ഇറം എന്ന പേരിലറിയപ്പെട്ടു. അതിനു ശേഷം നംറൂദ് വംശം നിലവിൽ വന്നപ്പോൾ നംറൂദു ഇറം എന്ന് വിളിക്കപ്പെട്ടു. ഇവർ ബാബിലോണിയയിലാണ് വസിച്ചത്'' (മുഖദ്ദിമ)*** ഇറമിന്റെ നാമത്തിൽ നിന്നാണ് ഇറാന് ആ നാമം ലഭിതെന്ന് ചില ചരിത്രകാരന്മാർ പറയുന്നു. ആര്യന്മാർ ഇറമ് ഗോത്രത്തിൽപെട്ടവരാണെന്നും പല ചരിത്ര കാരന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

### ഖുർആൻ നൽകുന്ന സൂചനകൾ

അമേരിക്കൻ ഗവേഷകർ 1992 ൽ കണ്ടെത്തിയെന്ന് അവകാശപ്പെടുന്ന ഉബാർ അഥവാ ആദിന്റെ പട്ടണത്തിന്റെ സ്ഥാനം റുബ്ഉൽ ഖാലി മരുഭൂമിയുടെ കിഴക്ക് ഭാഗത്തെ ഒമാൻ ഭാഗം ആയിരിക്കാൻ സാദ്ധ്യതയില്ല. അത് തെക്ക്




അമേരിക്കൻ ഗവേഷകരിൽ നിന്നും വ്യ്ത്യസ്തമായി യമനിലെ അഹഖാഫിനോട് ചേർന്ന് ആദിന്റെ നിർദ്ദിഷ്ട അധിവാസ കേന്ദ്രം

പടിഞ്ഞാറൻ യമന്റെ ഭാഗത്തായിരിക്കാനാണ് കൂടുതൽ സാദ്ധ്യതയെന്ന് ഖുർആന്റെ സൂചനകളിൽ നിന്നും ചില ചരിത്ര ഗവേഷകന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഖുർആൻ നൽകുന്ന സൂചനകൾ എന്തൊക്കെയാണെന്ന് നോക്കാം.

**'ആദിന്റെ സഹോദരനെ (ഹൂദ്) നെ സ്മരിക്കുക. അദ്ദേഹം തന്റെ ജനതയെ ആ മണൽകുന്നുകളിൽ വെച്ച് താക്കീത് ചെയ്തപ്പോൾ (46:22) അവരെ ഉന്മൂലനം ചെയ്യാനായി ആ കാറ്റിനെ അവൻ ഏഴു രാവും എഴു പകലും അവരുടെ മേൽ വീശിയടിച്ചു. അപ്പോൾ ആ ജനം ദ്രവിച്ച ഈത്തപ്പനത്തടിയുടെ താഴ്ത്തടികൾ പോലെ നിലം പതിച്ചതായി നിനക്ക് കാണാമായിരുന്നു. അവരുടെ വല്ല അവശിഷ്ടവും നീ ഇപ്പോൾ കാണുന്നുണ്ടോ?' (69:7,8)** ഈ വചനത്തിൽ നിന്നും മനസ്സിലാവുന്നത് മണൽ കുന്നുകളുള്ള ഒരിടമാണ് ആദിന്റെ വാസസ്ഥലമെന്നാണ്. എന്നാൽ അമേരിക്കൻ ഗവേഷകർ ഉബാർ അഥവാ ആദിന്റെ ജന്മഗേഹം എന്ന് പറഞ്ഞ് കണ്ടെത്തിയ ഒമാനിലെ ദോഫാറിലെ ഖാറാ പർവ്വത പ്രദേശത്തെ സഫാറാ മെട്രോ പോലിസ് മണൽ കൂനകളില്ലാത്ത സ്ഥലമാണ് എന്ന കാര്യം ശ്രദ്ധേയമാണ്. Hammond's Ambassadors World Atlasൽ യമന്റെ ഭാഗത്തുള്ള അറേബ്യൻ ഉപഭൂഖഡ്ണ്ഡത്തിലെ റുബുഉൽ ഖാലി മരുഭൂമിക്ക് തെക്ക് പടിഞ്ഞാറ് ഭാഗത്തുള്ള ബഹറുൽ സാഫി അല്ലെങ്കിൽ അൽ അഹ്ഖാഫ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആധികാരിക അറബ് ചരിത്രകാരനായ ഫിലിപ്പ് കെ. ഹിറ്റി (Philip Khuri Hitti) യുടെ, A History of the Arabs, ലും അൽ അഹ്ഖാഫ് തെക്ക് പടിഞ്ഞാറൻ ഭാഗമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (A History of the Arabs, Macmillan 1970 p. 16) പുരാതന കാലം മുതൽക്ക് തന്നെ ഖുർആൻ വിശേഷിപ്പിച്ച 'അഹ്ഖാഫ്' എന്ന നാമത്തിലാണ് ഈ പ്രദേശം അറിയപ്പെട്ടിരുന്നത്.

ആദ് നശിച്ചത് ഏഴ് രാവും എട്ട് പകലും വീശിയടിച്ച മണൽ കാറ്റു കൊണ്ടാണ് എന്ന് ഖുർആൻ പറയുന്നു. എന്നാൽ അമേരിക്കൻ ഗവേഷകന്മാർ കണ്ടെത്തിയ ഉബാർ നഗരം നശിച്ചത് അടിയിൽ ഗർത്തമുള്ള ചുണ്ണാമ്പു കല്ലിൽ പണിത കെട്ടിടങ്ങളുടെ ഭാരകൂടുതൽ കൊണ്ടാണ് എന്നാണ് ലോസ് ആഞ്ചലസ് ടൈംസിൽ വന്ന റിപ്പോർട്ടിൽ പറയുന്നു: **'ആ നഗരം എങ്ങനെയാണ് നശിച്ചതെന്നും രേഖപ്പെടുത്തിയതായും ഗവേഷകന്മാർ പറഞ്ഞു. അത് അവരുടെ തിന്മകൊണ്ടുള്ള ദൈവിക ശിക്ഷ കൊണ്ടൊന്നുമല്ല. അവരുടെ ഇതിഹാസ രാജാവ് ശദ്ദാദ് ബ്നു ആദ് ഒരു ചുണ്ണാമ്പ് ഗർത്തത്തിന്ന് മീതെ അറിയാതെയാണ് സ്വർഗ്ഗത്തെ അനുകരിച്ചു കൊണ്ടുള്ള തന്റെ കെട്ടിടം പണിതത്. ഈ ചുണ്ണാമ്പ് ഗർത്തത്തിന് മീതെ പണിത നഗരത്തിന്റെ ഭാരത്താൽ ആ വൻ ഗർത്തത്തിലേക്ക് കെട്ടിടം താഴുകയായിരുന്നു. അങ്ങനെ നഗരത്തിന്റെ വലിയൊരു ഭാഗം നശിച്ചു. അവസാനം ബാക്കി നഗരവും ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്.** (Los Angeles Times- February 05, 1992*)* ചുരുക്കത്തിൽ അമേരിക്കൻ ഗവേഷകന്മാർ ആഘോഷപൂർവ്വം കണ്ടെത്തിയ പട്ടണം ആദിന്റെ ഭരണ മേഖലയിലെ ഏതെങ്കിലും ഒരു നഗരമായിരിക്കാം പക്ഷേ വലിയ കെട്ടിടങ്ങളുടെ ഉടമസ്ഥരായ ആദിന്റെ ആസ്ഥാനമായിരിക്കാൻ സാദ്ധ്യതയില്ല. അത് യമന്റെ ഭാഗത്തായിരിക്കാനാണ് സാദ്ധ്യത.

## ആദ്: ഭയാനകമായ ശിക്ഷ

**ഇബ്നു അബ്ബാസിൽ നിന്നും നിവേദനം: ഒരിക്കൽ അബൂബക്കർ (റ) പറഞ്ഞു: 'അല്ലയോ അല്ലാഹുവിന്റെ ദൂതരെ അങ്ങ് വൃദ്ധനായി കാണപ്പെടുന്നു. (ചുറുചുറുക്കുള്ള യുവാവിനെ പോലെയായിരുന്നു റസൂൽ തിരുമേനി (സ)) അവിടുന്ന് പ്രതിവചിച്ചു: ഹൂദ്, വാഖിയ, മുർസലാത്ത് അമ്മ: കുവ്വിറ: എന്നീ സൂറത്തുകൾ എന്നെ വൃദ്ധനാക്കിക്കളഞ്ഞു' (തിർമിദി)**

**അതാബി റബാഹ് നിവേദനം ചെയ്യുന്നു: 'പ്രവാചക പത്നി ആയിശ(റ) പറയുന്നത് ഞാൻ കേട്ടു: കാറ്റ് ശക്തിയായി അടിച്ചു വീശുമ്പോൾ റസൂൽ തിരുമേനി (സ) പറയുമായിരുന്നു: ഓ അല്ലാഹുവേ അതിൽ എന്താണോ നന്മയുള്ളത്, അതിൽ എന്ത് നന്മയാ**

**ണോ അടങ്ങിയിരിക്കുന്നത്, ഏതൊരു നന്മക്ക്‌വേണ്ടിയാണോ അത് അയക്കപ്പെട്ടത് അതിന്നായി ഞാൻ നിന്നോട് അർത്ഥിക്കുന്നു. ഏതൊരു തിന്മക്ക് വേണ്ടിയാണോ അത് അയക്കപ്പെട്ടത് ഏതൊരു തിന്മയാണോ അത് ഉൾകൊള്ളുന്നത് ഏതൊരു തിന്മക്ക് വേണ്ടിയാണോ അത് അയക്കപ്പെട്ടത് അതിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. ആകാശത്ത് ഇടിയും മിന്നലുമായി അത് പെയ്ത് കഴിഞ്ഞാൽ അവിടുത്തെ മുഖവർണ്ണം മാറുമായിരുന്നു. അവിടുന്ന് ആശ്വാസവാനാകും. മുഖത്ത് ആശ്വാസത്തിന്റെ അടയാളം കണ്ടപ്പോൾ ആയിശ (റ) അതിനെ പറ്റി ചോദിച്ചു. അവിടുന്ന് പ്രതിവചിച്ചു: മേഘം ഉരുണ്ടു കൂടുന്നത് കണ്ട് ആദ് ജനത പറഞ്ഞത് പോലെ ആയി തീരുമോ (എന്ന് ഞാൻ ഭയ പ്പെടുന്നു). അവിടുന്ന് പറഞ്ഞു: ഇത് നമുക്ക് മഴ പെയ്യിക്കുന്ന മേഘമാണ് എന്ന്' (സഹീഹ് മുസ്‌ലിം)**

വില്യം ജെ ഹാംബ്ലിൻ ഇത് സംബന്ധിച്ച് ഒരു കഥ വിവരിക്കുന്നുണ്ട് അത് ഇപ്രകാരമാണ്: ആദ് ജനതയുടെ അഹംങ്കാരവും ബഹുദൈവാരാധനയും കാരണം ദൈവം അവരുടെ അടുക്കലേക്ക് ഹൂദ് പ്രവാചകനെ അയക്കുകയുണ്ടായി. അവരെ ഏകദൈവ വിശ്വാസത്തിലേക്കും പശ്ചാത്താപത്തിലേക്കും വരുവാൻ ആഹ്വാനം ചെയ്തു. മിക്ക ആദ് വർഗ്ഗക്കാരും ഹൂദിന്റെ സന്ദേശം നിരസിക്കുകയുണ്ടായി. ആയതിനാൽ ദൈവം അവരെ മൂന്ന് വർഷത്തെ വരൾച്ചയാൽ ശിക്ഷിക്കുകയുണ്ടായി. ആദുകൾ മക്കത്തേക്ക് മഴക്കായി പ്രാർത്ഥിക്കാൻ ഒരു പ്രതിനിധി സംഘത്തെ അയച്ചു. അവരുടെ പ്രാർത്ഥനയുടെ ഫലമായി ദൈവം മൂന്ന് മേഘങ്ങളെ അയച്ചു. ഒന്ന് വെളുത്തത് മറ്റൊന്ന് ചുമപ്പ് വേറൊന്ന് കറുപ്പ്. ആദുകളുടെ നേതാവായ ഖായേൽ തൊട്ടുകാണിക്കുന്ന മേഘത്തെ ദൈവം അവർക്കായി



മരുഭൂമിയിലെ മരുക്കാറ്റ്

അയക്കുമായിരുന്നു. ഖായേൽ കറുത്ത മേഘത്തെ തിരഞ്ഞെടുത്തു. അവർക്ക് അത് മഴ കൊണ്ടുവരുമെന്നായിരുന്നു ഖായേലിന്റെ ചിന്ത. മഴക്ക് പകരം നാശകാരിയായ മരുക്കാറ്റായിരുന്നു ആ മേഘം കൊണ്ടുവന്നത്. ആദുകൾ അവരുടെ ഭീമാകാരമായ കെട്ടിടങ്ങളിൽ അഭയം തേടി. പക്ഷേ മുഴുവൻ സമൂഹവും അവരുടെ കെട്ടിടത്തോടൊപ്പം മണൽക്കാറ്റിൽ മുങ്ങിപ്പോയി എന്നന്നേക്കുമായി നാശമടഞ്ഞു

William J. Hamblin, “Pre-Islamic Arabian Prophets,” in Mormons and Muslims: Spiritual Foundations and Modern Manifestations, ed. Spencer J. Palmer (Provo, UT: Religious Studies Center, Brigham Young University 2002), 135–5

റസൂൽ തിരുമേനി (സ) യുടെ തിരുകേശം നരച്ചുപോവുകയും അവിടുത്തെ തിരുവദനത്തിലേക്ക് നോക്കുമ്പോൾ വൃദ്ധനെപോലെ തോന്നിപ്പിക്കുകയും, മേഘങ്ങൾ കാണുമ്പോൾ അസ്വസ്ഥനാക്കുകയും ചെയ്യും വിധം ഭയാനകമായിരുന്നു ആദിന്മേൽ പതിച്ച ശിക്ഷ. വിശുദ്ധ ഖുർആൻ ഇത് സംബന്ധിച്ച് നൽകുന്ന വിവരണം കാണുക:

***'ആദിന്റെ സഹോദരനെ (ഹൂദിനെ) സ്മരിക്കുക. അദ്ദേഹം തന്റെ ജനതയെ ആ*** **മണൽകുന്നുകളിൽ വെച്ച് താക്കീത് ചെയ്തപ്പോൾ. അദ്ദേഹത്തിന്ന് മുമ്പും അദ്ദേഹത്തിന്ന് ശേഷവും പ്രവാചകന്മാർ കടന്നു കഴിഞ്ഞിട്ടുണ്ട്. (അദ്ദേഹം താക്കീത് ചെയ്തു:) 'നിങ്ങൾ അല്ലാഹുവിനെയല്ലാതെ മറ്റാരെയും ആരാധിക്കരുത് ഭയങ്കരമായൊരു നാളിന്റെ ശിക്ഷ നിങ്ങളെ ബാധിച്ചേക്കുമെന്ന് ഞാൻ നിങ്ങളെ പറ്റി തീർച്ചയായും ഭയപ്പെടുന്നു. അവർ പറഞ്ഞു: 'ഞങ്ങളുടെ ദൈവങ്ങളിൽ നിന്ന് ഞങ്ങളെ തെറ്റിക്കാനാണോ നീ ഞങ്ങളുടെ അടുക്കൽ വന്നിട്ടുള്ളത്?. എന്നാൽ നീ സത്യവാനാണെങ്കിൽ നീ ഈ ഭീഷണിപ്പെടുത്തുന്നത് (ശിക്ഷ) ഞങ്ങൾക്ക് കൊണ്ടുവന്നു തരിക. അദ്ദേഹം പറഞ്ഞു: '(അതിനെക്കുറിച്ചുള്ള) അറിവ് തീർച്ചയായും അല്ലാഹുവിന്റെ പക്കൽ മാത്രമാണ്. ഞാൻ ഏതൊരു സന്ദേശവും കൊണ്ട് അയക്കപ്പെട്ടിരുക്കുന്നുവോ അത് നിങ്ങൾക്ക് ഞാനെത്തിക്കുന്നു. പക്ഷേ വിവരക്കേട് പ്രവർത്തിക്കുന്ന ഒരു ജനതയായിട്ടാണ് ഞാൻ നിങ്ങളെ കാണുന്നത്. അങ്ങനെ ആ ശിക്ഷ ഒരു മേഘത്തിന്റെ രൂപത്തിൽ അവരുടെ താഴ്‌വരകളുടെ നേരെ വരുന്നത് അവർ കണ്ടപ്പോൾ**

**അവർ പറഞ്ഞു: 'ഇത് നമുക്ക് മഴ പെയ്യിക്കുന്നൊരു മേഘമാണ്' (നാം പറഞ്ഞു:) അതല്ല, നിങ്ങൾ ധൃതി കൂട്ടി ആവശ്യപ്പെട്ടതാണത്. അതായത് ഒരു കൊടുംകാറ്റ്. അതിൽ വേദനാജനകമായ ശിക്ഷയുണ്ട്.**

**അതിന്റെ നാഥന്റെ കൽപ്പന അനുസരിച്ച് സർവ്വ വസ്തുക്കളേയും അത് തകർക്കുകയുണ്ടായി. അങ്ങനെ അവരുടെ വാസസ്ഥലങ്ങളല്ലാതെ മറ്റൊന്നും കാണപ്പെടാത്ത സ്ഥിതിയിൽ അവർ ആയിതീർന്നു. ഇങ്ങനെയാണ് കുറ്റവാളികളായ ജനങ്ങൾക്ക് നാം പ്രതിഫലം നൽകുക.**

**നിങ്ങൾക്ക് നൽകിയിട്ടില്ലാത്ത പല കഴിവുകളും തീർച്ചയായും നാം അവർക്ക് നൽകിയിരുന്നു. അവർക്ക് ചെവികളും കണ്ണുകളും ഹൃദയങ്ങളും നാം നൽകുകയും ചെയ്തിരുന്നു. എന്നാൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ മനപ്പൂർവ്വം നിഷേധിച്ചുകൊണ്ടിരുന്നപ്പോൾ അവരുടെ ചെവികളോ കണ്ണുകളോ ഹൃദയങ്ങളോ അവർക്ക് ഒരു പ്രയോജനവും ചെയ്തില്ല. അവർ പരിഹസിച്ചു കൊണ്ടിരിക്കുന്ന ശിക്ഷ അവരെ വലയം ചെയ്തു. (46:22 27)**

മറ്റൊരു സ്ഥലത്ത് ഖുർആൻ ആ ശിക്ഷയുടെ കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നു:

**ആദ് ആവട്ടെ അതിശക്തമായ ഇരമ്പിയടിക്കുന്ന ഒരു കൊടുങ്കാറ്റ് (ബി രീഹിം സർസറിം) മുഖേനയും നശിപ്പിക്കപ്പെട്ടു. അവരെ ഉന്മൂലനം ചെയ്യാനായി ആ കാറ്റിനെ അവൻ (അല്ലാഹു) ഏഴു രാവും എട്ടു പകലും തുടർച്ചയായി അവരുടെ മേൽ അടിച്ചു വീശി. അപ്പോൾ ജനം ദ്രവിച്ച ഈന്തപനയുടെ താഴ്ത്തടികൾ പോലെ നിലം പതിച്ചത് നിനക്ക് കാണാമായിരുന്നു. അവരുടെ വല്ല അവശിഷ്ടവും നീ കാണുന്നുണ്ടോ? (69: 7 9)**

മനുഷ്യന്ന് ദൈവം നൽകിയ കഴിവുകളും അനുഗ്രഹങ്ങളും വിസ്മരിച്ച് അഹംങ്കാരികളും ദ്രോഹികളുമായി ഭൂമിയിൽ ജീവിച്ച ജനതകളെല്ലാം ദൈവശിക്ഷയേറ്റ് നാശമടഞ്ഞു പോയിട്ടുണ്ട്. ഇത്തരത്തിലുള്ളതും മനുഷ്യ ചരിത്രം രേഖപ്പെടുത്താത്തതുമായ സുപ്രധാനമായ ആദിന്റെ ചരിത്രം വിശുദ്ധ ഖുർആൻ ഒരുഗുണപാഠമെന്നോണം നമുക്ക് പറഞ്ഞു തരുന്നു. അല്ലാഹു പറയുന്നു: **'ഇത് പരോക്ഷ വൃത്താന്തങ്ങളിൽ പെട്ടതാണ് അവ നിനക്ക് സന്ദേശമായി നൽകുന്നു. ഇതിന്ന് മുമ്പ് നീയോ നിന്റെ ജനതയോ അത് അറിയുമായിരുന്നില്ല. അതിനാൽ സഹനം കൈകൊള്ളുക തീർച്ചയായും ശുഭ പര്യവസാനം ദൈവ ഭയമുള്ളവർക്കാണ്'(11:50) വിശുദ്ധ ഖുർആൻ തുടരുന്നു: 'എത്രയെത്ര ഉദ്യാനങ്ങളും അരുവികളുമാണ് അവർ ഉപേക്ഷിച്ചു പോയത്? എത്രയെത്ര കൃഷിസ്ഥലങ്ങളും എത്രയെത്ര മനോഹരമായ വാസസ്ഥലങ്ങളും എത്രയെത്ര സുഖസൗകര്യങ്ങൾ അവർ അതിൽ ആനന്ദിച്ചു കൊണ്ടിരിക്കയായിരുന്നു. അതങ്ങനെയാണ് ഇതെല്ലാം മറ്റൊരു ജനതക്ക് നാം അനന്തരാവകാശമായി നൽകി. അപ്പോൾ ആകാശവും ഭൂമിയും അവർക്ക് വേണ്ടി കരഞ്ഞില്ല. അവർ അവധി നൽകപ്പെട്ടവരായിരുന്നുമില്ല.'(44: 26 30)** (അവസാനിച്ചു)

---

**പേജ് 24 ൽ നിന്ന് തുടർച്ച**

ണ്ടെന്ന് ആരോപറഞ്ഞ്, വീട്ടിലേക്ക് ഓടിവന്നപ്പോൾ അവളുടെ ദൃഷ്ടി യിൽ പെട്ടത് ദരിദ്ര വസ്ത്രം ധരിച്ച് അവശനായി നിൽക്കുന്ന ഒരു മനുഷ്യനെയായിരുന്നു. തന്റെ നിറം പിടിപ്പിച്ച കൊച്ചു മനസ്സിന്റെ സങ്കൽപ്പങ്ങൾ ഉടഞ്ഞുപോകുകയായിരുന്നു. എന്റെ പിതാവ് ഒരു ഫഖീർ ആണോ എന്ന് അവൾ സങ്കടപ്പെട്ടു. ഒരു സമ്പന്ന കുടുംബത്തിൽ ജനിച്ച വാപ്പ എന്തുകൊണ്ട് ഫഖീറായി മാറി എന്നതിന്റെ വകതിരിവ് പിന്നീടാണ് അവൾക്ക് ബോദ്ധ്യപ്പെട്ടത്. സന്താനങ്ങൾക്ക് പിതാവിനെപറ്റിയുള്ള മധുര പ്രതീക്ഷകൾ പോലും സാക്ഷാത്ക്കരിക്കാൻ ആ ആദർശജീവിതത്തിനിടയിൽ അദ്ദേഹത്തിന് സാധിച്ചിരുന്നില്ല.

ദാരിദ്ര്യത്തിന്റെ പരകോടിയിലും അദ്ദേഹത്തിന്റെ എപ്പോഴുമുള്ള ഉപദേശം കാലത്തിന്റെ ഖലീഫയോട് കൂറ് പുലർത്തണമെന്നും വരുമാനത്തിനനുസരിച്ച് ജമാഅത്തിനുള്ള മാസവരി കൃത്യമായി കൊടുക്കണമെന്നുമാണ്. അല്ലാഹുവിന്റെ സഹായത്താൽ അന്നുതൊട്ട് ഇന്ന് വരെ വാപ്പായുടെ ഉപദേശം ശിരസാവഹിച്ച് കൊണ്ട് സാമ്പത്തിക ത്യാഗം ചെയ്യുവാൻ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. സാത്വികനായ എന്റെ വന്ദ്യപിതാവിന്റെ ദുആയുടെ ഫലം ഞാൻ വളരെയധികം അനുഭവിച്ചിട്ടുണ്ട്. എന്റെ ജീവിതത്തിൽ അല്ലാഹു അനുഗ്രഹിച്ചു കനിഞ്ഞരുളിയ എല്ലാ സൗഭാഗ്യങ്ങളും എന്റെ വന്ദ്യപിതാവിന്റെ പ്രാർത്ഥനയുടെ ഫലമാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. എന്റെ പ്രൊഫഷണൽ ജീവിതത്തിൽ മറ്റു മത്സരാർത്ഥികളെക്കാൾ എല്ലായിടത്തും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ഒന്നാമനായിരുന്നു. അതെല്ലാം ഞാൻ അർഹിക്കുന്നതിനെക്കാൾ കൂടുതലായിരുന്നു. ആ പുണ്യപൂമാന്റെ ദുആയുടെ ഫലമായി അല്ലാഹു എനിക്ക് നൽകിയതാണ് ഇതൊന്നും എന്റെ കഴിവുകൊണ്ടായിരുന്നില്ല എന്ന് ഞാൻ കരുതുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ റസൂൽ തിരുമേനി (സ)യെയും വാഗ്ദത്ത മസീഹിനെയും പിൻപറ്റി ത്യാഗനിർഭരമായ ജീവിതം നയിച്ചവരുടെ സന്താനങ്ങളെ അല്ലാഹു കൈവെടിയില്ല എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ആ പുണ്യാത്മാവ് 1963 ഡിസംബർ 9–ാം തീയതി നാഥന്റെ സവിധത്തിലേക്ക് യാത്രയായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

# ഇബ്നുബത്ത്വൂത്ത: മഹാനായ സഞ്ചാരി

ജ്ഞാനമന്വേഷിച്ച് ദേശങ്ങൾ താണ്ടിയ ഇബ്നുബത്ത്വൂത്തയുടെ സഞ്ചാരക്കുറിപ്പുകൾ മദ്ധ്യകാലഘട്ടത്തിലെ ചരിത്രരേഖയാണ്.

ആരിഫ് മുനവ്വർ

***'ജ്ഞാനസമ്പാദനത്തിന്നുള്ള വഴി ആരോണോ തിരഞ്ഞെടുക്കുന്നത് അവന്റെ സ്വർഗ്ഗത്തിലേക്കുള്ള വഴി അല്ലാഹു എളുപ്പമാക്കിക്കൊടുക്കും.... അറിവാളിയായ ഒരാൾ ആരാധിക്കുന്നവനേക്കാൾ മീതെയാണ് മറ്റു ഗ്രഹങ്ങളേക്കാൾ ചന്ദ്രൻ. ഉയർന്നു നില്ക്കുന്നത്പോലെ. ജ്ഞാനികൾ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ്. പ്രവാചകന്മാരാകട്ടെ ഒരു ദിർഹമോ ദീനാറോ അനന്തരാവകാശസ്വത്തായി അവശേഷിപ്പിച്ചുപോകാറില്ല. ജ്ഞാനം മാത്രമാണ് അവരുടെ ശേഷിപ്പ്. ആരാണോ ആ സമ്പത്ത് സ്വായത്തമാക്കുന്നത് അവൻ വലിയ സ്വത്ത് കരസ്ഥമാക്കി!'***

പ്രവാചകന്റെ ഇത്തരം അനുജ്ഞകൾ മൂലം മുസ്‌ലിംകൾ ചരിത്രത്തിലുടനീളം അജ്ഞാതമായ അതിർത്തികൾ ഭേദിച്ച് അപരിചിതമായ സംസ്കാരങ്ങളെ തേടിയും പ്രഗത്ഭമതികളായ ജ്ഞാനികളെ അന്വേഷിച്ചും ദീർഘദൂരങ്ങൾ സഞ്ചരിച്ചു. ഇങ്ങനെ ജ്ഞാനാന്വേഷികളായ സഞ്ചാരികളിൽ മുസ്‌ലിം ലോകത്ത് എക്കാലത്തേയും ഏറ്റവും വലിയ സഞ്ചാരിയാണ് ഇബ്നുബത്ത്വൂത്ത. മുപ്പത് വർഷക്കാലം നീണ്ടുനിന്ന അദ്ദേഹത്തിന്റെ സഞ്ചാരപഥം 75,000 മൈലുകളാണ് (1,24,000 കി.മീ) പിന്നിട്ടത്. ഈ ദൂരം പതിമൂന്നാം നൂറ്റാണ്ടിൽ വെനീസിൽ നിന്നും ചൈനയിലേക്ക് മാർക്കോപോള സഞ്ചരിച്ചതിന്റെ ഏകദേശം മൂന്നിരട്ടിയാണ്. പാശ്ചാത്യദേശങ്ങളിൽ ഇബ്നുബത്ത്വൂത്ത കൂടുതൽ അറിയപ്പെട്ടിരുന്നില്ല. അതിന് പ്രധാന കാരണം അദ്ദേഹം ഒരു മുസ്‌ലിമായിരുന്നു എന്നതാണ്. മാത്രമല്ല അദ്ദേഹം സഞ്ചരിച്ചിരുന്നത് മിക്കവാറും മുസ്‌ലിം ദേശങ്ങളിലൂടെയായിരുന്നു. ജ്ഞാനാന്വേഷണം മാത്രമായിരുന്നു അദ്ദേഹത്തിന്റെ സഞ്ചാരത്തിനു പ്രചോദനം. ഈ യാത്രയിൽ അദ്ദേഹം മൊറൊക്കോ, ഈജിപ്ത്, സിറിയ, ഇന്ത്യ, സോമാലിയ, താൻസാനിയ, ചൈന, തുർക്കി, ഉക്രൈയിൻ, അഫ്ഗാനിസ്ഥാൻ, ശ്രീലങ്ക സൗദി അറേബ്യ മുതലായ 44 രാജ്യങ്ങളിലൂടെ സൂഫികൾ, നിയമജ്ഞന്മാർ, നിഗൂഢസിദ്ധന്മാർ, മാന്ത്രികന്മാർ മുതലായ നിരവധി വ്യക്തിത്വങ്ങളെ അദ്ദേഹം കണ്ടുമുട്ടുകയുണ്ടായി. അദ്ദേഹത്തിന്റെ സഞ്ചാരക്കുറിപ്പുകൾ ഇസ്‌ലാമിക ചരിത്രത്തെപറ്റിയുള്ള ജ്ഞാനം മാത്രമല്ല അവാച്യമായ സാഹിത്യലാവണ്യത്തിന്റെ അനുഭൂതിക്കൂടി നൽകുന്നു.

ആരാണ് ഇബ്നുബത്ത്വൂത്ത? അദ്ദേഹത്തിന്റെ തന്നെ സഞ്ചാരക്കുറിപ്പുകൾ നോക്കിയാൽ അദ്ദേഹത്തെക്കുറിച്ച് കുറഞ്ഞ അറിവ് മാത്രമേ നമുക്ക് ലഭിക്കൂ. അദ്ദേഹം മോറോക്കോവിലെ താൻജീറിൻ ക്രി. വ. 1304 ഫിബ്രവരി 24നാണ് ജനിച്ചത്. മരിച്ചത് ക്രി. വ. 1369ലും. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ക്രി. വ. 1325 ജൂൺ 15നാണ് അദ്ദേഹം താൻജീർ വിടുന്നത്. ഒടുവിൽ ആ യാത്ര മൊറോക്കോയിലാണ് അവസാനിക്കുന്നത്. ഇബ്നു ജുസെയ്യാ എന്ന് പേരുള്ള ഒരു പണ്ഡിതന് തന്റെ യാത്രാസംഭവങ്ങൾ അദ്ദേഹം പറഞ്ഞുകൊടുത്തെഴുതിക്കുകയുണ്ടായി. ഈ യാത്രാകുറിപ്പുകൾ 'ഇബ്നുബത്തൂത്തയുടെ സഞ്ചാരങ്ങൾ' (റിഹ്‌ലതു ഇബ്നുബത്ത്വൂത്വഃ) എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. പതിനാലാം നൂറ്റാണ്ടിൽ 'റിഹ്‌ല' (സഞ്ചാരം) കുറിപ്പുകൾ എഴുതുക എന്നത് ഇസ്‌ലാമിക ലോകത്തെ പൊതുസാഹിത്യപ്രവണതയായിരുന്നു. മുസ്‌ലിം സഞ്ചാരികളും പണ്ഡിതന്മാരും മക്കയിലേക്കും മറ്റിടങ്ങളിലേക്കുമുള്ള ഇത്തരം നിരവധി സഞ്ചാരക്കുറിപ്പുകളെഴുതിയിട്ടുണ്ട്. ഇബ്നുബത്ത്വൂത്ത പദയാത്രികനായും കഴുത പുറത്തും ഒട്ടകപുറത്തുമായാണ് ആയിരക്കണക്കിന് കി.മീ. ദൂരം താണ്ടിയത്. കഠിനച്ചൂടിനാൽ തപിക്കുന്ന മരുഭൂമിയിലൂടേയും, മരം കോച്ചുന്ന തണുപ്പുള്ള പർവ്വതങ്ങളിലൂടേയും ആർത്തലക്കുന്ന മഹാസാഗരങ്ങളിലൂടേയും അദ്ദേഹം സഞ്ചരിച്ചു. കൊള്ളക്കാരുടേയും കടൽകൊള്ളക്കാരുടേയും നിരന്തരഭീഷണിയിലായിരുന്നു അദ്ദേഹത്തിന്റെ സഞ്ചാരം. ജ്ഞാനം അന്വേഷിച്ചുള്ള സമുജ്വലമായ ഈ സഞ്ചാരഗതിയിൽ അദ്ദേഹം അതൊന്നും ഗൗനിച്ചില്ല. അദ്ദേഹത്തിന്റേത് വെറുമൊരു സാഹസികയാത്ര മാത്രമായിരുന്നില്ല. അറിവ് നേടാനും അനുഭവങ്ങൾ ആർജിച്ച് പ്രപഞ്ചസ്രഷ്ടാവിന്റെ അനന്തമായ സൃഷ്ടിരാശികൾക്ക് സാക്ഷ്യം വഹിക്കാനുമായിരുന്നു

ഹജ്ജ് നിർവ്വഹിച്ചതിനുശഷം ഇറാനും ഇറാഖും സന്ദർശിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഇവിടെ നിന്നാണ് വാസ്തവത്തിൽ അദ്ദേഹത്തിന്റെ ലോകസഞ്ചാരം ആരംഭിക്കുന്നത്.(3) എന്തായിരുന്നാലും ഓരോ യാത്രക്കുശേഷം മക്കയിൽ തിരിച്ചെത്തുക അദ്ദേഹത്തിന്റെ ശീലമായിരുന്നു 7 തവണ അദ്ദേഹം ഹജ്ജ് നിർവ്വഹിച്ചു.

ഇറാഖിലെ ബസറയിൽ അദ്ദേഹം താമസിച്ചു. ഇസ്ലാമിക ലോകത്ത് മഹാന്മാരായ തത്വജ്ഞാനികൾ, മനശാസ്ത്രികൾ, ശാസ്ത്ര വിശാരദന്മാർ, കവികൾ, ചരിത്രകാരന്മാർ മുതലായ പ്രതിഭാശാലികളെ ലോകത്തിന് ദാനം ചെയ്ത നാടായിരുന്നു ഇറാഖ്. ഇറാഖിലെത്തിയപ്പോൾ അദ്ദേഹം ബാഗ്ദാദ് സന്ദർശിച്ചു. മംഗോൾ ആക്രമണത്തിൽ നിലം പരിശായി. നല്ലെട്ട് തകർന്നുകിടക്കുന്ന ബാഗ്ദാദിനെയാണ് അദ്ദേഹം കണ്ടത്. അബ്ബാസിയാ ഖിലാഫത്തിന്റെ ആസ്ഥാനമായ ബാഗ്ദാദിന്റെ എല്ലാ ധൈഷണിക പ്രഭാവവും അപ്പോഴേക്കും വിനഷ്ടമായിരുന്നു. പതിമൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ അബ്ബാസിയാ ഖലീഫമാരുടെ സ്വാധീനം കുറഞ്ഞുപോകുക ഉണ്ടായി.

ക്രി.വ. 751ൽ ഉമയ്യാദുകളെ പരാജയപ്പെടുത്തിയാണ് അബ്ബാസികൾ ഖിലാഫത്ത് പദത്തിൽ അവരോധിതരായത്. ക്രി. വ. 1258ലാണ് ഇറാഖിലൂടെ മംഗോളുകളുടെ പടയോട്ടമുണ്ടായത്. അവർ ബാഗ്ദാദിലെ മഹത്തായ ഗ്രന്ഥാലയം നശിപ്പിച്ചു. വൈദ്യശാസ്ത്രം മുതൽ ഗോളശാസ്ത്രം വരെ നിരവധി ഗ്രന്ഥങ്ങളും ആയിരക്കണക്കിന് ചരിത്രരേഖകളും മംഗോളുകൾ നശിപ്പിച്ചു. അവർ ലക്ഷക്കണക്കിന് മുസ്ലിംകളെയാണ് കൂട്ടക്കൊല ചെയ്തത്. ഇബ്നു ബത്തൂത്തയുടെ ഇറാഖ് സന്ദർശനാവസരത്തിൽ ക്രി. വ. 1320ൽ മംഗോൾ ആക്രമണത്തിന്റെ അവശിഷ്ടങ്ങൾ കാണാമായിരുന്നു. അങ്ങേയറ്റം ദുഃഖിതനായ ബത്തൂത്ത ഇറാഖിന്റെ അവസ്ഥയെക്കുറിച്ച്

വടക്കെ ആഫ്രിക്ക, മദ്ധ്യപൗരസ്ത്യദേശം എന്നിവിടങ്ങളെ പറ്റി തന്റെ സ്വന്തം നിരീക്ഷണങ്ങൾ ധാരാളമായി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് താഴെ കാണുന്നത് ദമാസ്കസിലെ സാമൂഹ്യസുരക്ഷാസംവിധാനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഒരു നിരീക്ഷണമാണ്.

*'ദമാസ്കസിലെ മതധർമ്മസ്ഥാപനങ്ങളുടെ വൈവിധ്യങ്ങളും അവയുടെ ചിലവുകളും എണ്ണികണക്കാക്കാൻ കഴിയില്ല. നിർധനരായ യുവതികളുടെ വിവാഹം, ജയിൽ ശിക്ഷയനുഭവിക്കുന്നവരുടെ മോചനം മുതലായവയുടെ ചിലവുകൾക്ക് വേണ്ടിയുള്ള ധർമ്മസ്ഥാപനങ്ങളുണ്ട്. സഞ്ചാരികൾക്കുള്ള ധർമ്മസ്ഥാപനങ്ങൾ, സഞ്ചാരികൾക്ക് ഭക്ഷണവും, വസ്ത്രങ്ങളും, യാത്രാചിലവും നൽകുന്നു; തെരുവുകളുടെ പുനർനിർമ്മാണത്തിനും നടപ്പാതകൾ നിർമ്മിക്കുന്നതിനും ധർമ്മസ്ഥാപനങ്ങളുണ്ട്. ഇക്കാരണത്താൽ ദമാസ്ക്കസിലെ എല്ലാ തെരുവുകളും ഇരുവശങ്ങളിലും നടപ്പാതയുള്ളതാണ്. പദയാത്രകൾ നടപ്പാതയിലൂടെയും വാഹനങ്ങൾ (മൃഗങ്ങൾ വലിക്കുന്നവ) മദ്ധ്യത്തിലുള്ള തെരുവിലൂടേയും സഞ്ചരിക്കണം (1)*

അദ്ദേഹം നൈൽനദി അലക്സാണ്ട്രിയ, കൈറോ എന്നിവയുടെ വാങ്മയ ചിത്രം വരക്കുന്നത് കാണുക:

*നൈലിലൂടെ സഞ്ചരിക്കുന്ന ഒരാൾക്ക് കൈയ്യിൽ യാതൊന്നും കരുതേണ്ടതില്ല. വുളു ചെയ്യാനോ, നമസ്കരിക്കാനോ സാധനങ്ങൾ വാങ്ങാനോ നദീതീരത്ത് ഇറങ്ങണമെന്ന് തോന്നിയാൽ അയാൾക്ക് ജലയാനത്തിൽ നിന്നും തീരത്തിറങ്ങാം. അലക്സാണ്ട്രിയയിൽ നിന്നും കൈറോ വരെ നൈൽ തീരത്ത് ബസാറുകളുടെ ഒരു ശൃംഖല തന്നെ കാണാം* (2)

**ക്രി. വ. 1327–1330 കിഴക്കനാഫ്രിക്കയിലേക്ക് അവിടെ നിന്നും തിരിച്ച് അറേബ്യയിലേക്കുമുള്ള യാത്ര**

ആ സഞ്ചാരങ്ങൾ. റസൂൽ തിരുമേനി(സ)യുടെ ഒരു മഹത്തായ വചനത്തിന്റെ ജീവൽ പ്രതീകമായിരുന്നു അദ്ദേഹം.

***'ചൈനയിൽ പോയെങ്കിലും അറിവ് കരസ്ഥമാക്കുക. അറിവിന്റെ ആർജ്ജനം ഓരോ മുസ്ലിമിന്റേയും ബാദ്ധ്യതയാണ്.' എന്നതായിരുന്നു റസൂൽ തിരുമേനി(സ) യുടെ ഉപദേശം.***

## ഇബ്നു ബത്തൂത്തയുടെ യാത്രാപഥം

മംഗോളികൾ ആക്രമണത്തിനു ശേഷം ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ബത്തൂത്ത ലോക സഞ്ചാരം ആരംഭിക്കുന്നത്. ബത്തൂത്ത ദരിദ്രനായിരുന്നെങ്കിലും അദ്ദേഹത്തിന് ആഹാരം ലഭിച്ചു. വിനോദങ്ങളിലേർപ്പെട്ടു. കച്ചവടക്കാരനും മംഗോളർ രാജാക്കന്മാരും അദ്ദേഹത്തെ രാജോചിതമായി പരിചരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പുസ്തകത്തിൽ രാജാക്കന്മാർ, സൂഫികൾ എന്നിവരുമായുള്ള അഭിമുഖങ്ങൾ മറ്റു നിരവധി വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. എത്രത്തോളമെന്നാൽ ആധുനിക ഭൂമിശാസ്ത്രന്മാർക്ക് ആവശ്യമായ വിവിധ പരിസ്ഥിതി പ്രദേശങ്ങളുടെ വിവരണം, വിദൂരദിക്കുകളിൽ നിന്നുള്ള ഉൽപന്നങ്ങൾ, കയറ്റുമതി ചെയ്യുന്ന ഉൽപന്നങ്ങൾ, വൻനഗരങ്ങൾ, തുറമുഖങ്ങൾ, കടൽ എന്നിവയുടെ വിശദവിവരങ്ങളും അദ്ദേഹത്തിന്റെ സഞ്ചാരക്കുറിപ്പുകളിൽ കാണാം. ഇതെല്ലാം അദ്ദേഹത്തിന്റെ സഞ്ചാരകഥകളെ വളരെ രസകരമാക്കിത്തീർക്കുന്നു.

**ക്രി.വ. 1325–1327 വരെയുള്ള കാലം മൊറോക്കോയിൽ നിന്നും മക്കയിലേക്കുള്ള യാത്ര**

ആദ്യത്തെ അദ്ദേഹത്തിന്റെ യാത്ര മക്കയിലേക്കായിരുന്നു. ആധുനികലോകത്തെ അൾജീറിയ, ടുണീസ്, ലിബിയ, ഈജിപ്ത്, ജെറുസലേം, സിറിയ, സൗദ്യഅറേബ്യ എന്നീ രാജ്യങ്ങളിലൂടെ സഞ്ചരിച്ചാണ് അദ്ദേഹ മക്കയിലെത്തുന്നത്.

ഇങ്ങനെ വിവരിക്കുന്നു.

*അവളുടെ മുഖഛായ തന്നെ മാറിപ്പോയിരിക്കുന്നു. നാമമല്ലാതെ അവളുടേതായി യാതൊന്നും അവശേഷിച്ചിരുന്നില്ല. ദ്രഷ്ടാവിനെ ദൃഷ്ടിയെ ഹരിച്ചിരുന്ന അവളുടെ മാദകസൗന്ദര്യം വിനഷ്ടമായി. അവളുടെ തിരക്കേറിയ തെരുവുകളും വാണിജ്യങ്ങളുമെല്ലാം വിസ്മൃതമായി. (5)*

ഇറാനും ഇറാഖും സന്ദർശിച്ച ശേഷം ബത്തൂത്ത മക്കയിലേക്ക് മടങ്ങി. അവിടെനിന്നും അദ്ദഹം ചെങ്കടലിലൂടെയും അറബിക്കടലിലൂടേയും ആഫ്രിക്കയുടെ കിഴക്കൻ ഭാഗങ്ങളിലേക്ക് നീങ്ങി. ഇന്നത്തെ ടാൻസാനിയയും, സോമാലിയയും അദ്ദേഹം സന്ദർശിച്ചു. അവിടെ നിന്നും ഒമാനിലേക്ക് മടങ്ങി. പിന്നീട് കരമാർഗ്ഗം ഒരു കച്ചവടസംഘത്തോടൊപ്പം അറേബ്യയിലേക്ക് വീണ്ടും വന്നു. തുടർന്ന് മക്കയിലേക്ക് ചെന്നു. സോമാലിയയിലെ മൊഗാദിശുവിൻ അദ്ദേഹത്തിന് വമ്പിച്ച സ്വീകരണമാണ് ലഭിച്ചത്. ജനങ്ങൾ അദ്ദേഹത്തെ ഹാർദ്ദമായി വരവേറ്റു. പതിനാലാം നൂറ്റാണ്ടിലെ കിഴക്കനാഫ്രിക്കയിലെ ഇസ്ലാമിക ലോകത്തിന് പേർഷ്യൻ ജനതയുടെ യാതൊരു സാംസ്കാരിക സമാനതയുമുണ്ടായിരുന്നില്ല. ഭരണാധികാരികളും പണ്ഡിതന്മാരും, ഉദ്യോഗസ്ഥരും കച്ചവടക്കാരും, തുറമുഖ ത്തൊഴിലാളികളും, കൃഷിക്കാരും, കൈവേലിക്കാരും, അടിമകളുമെല്ലാം കറുത്ത തൊലിക്കാരായിരുന്നു. ആഫ്രിക്കൻ ഭാഷയാണ് അവർ നിത്യജീവിതത്തിൽ ഉപയോഗിച്ചുവന്നത്. അറബികൾക്കും പേർഷ്യക്കാർക്കും ഫലഭൂയിഷ്ടവും, ജലസമൃദ്ധവുമായ കിഴക്കനാഫ്രിക്ക സാമ്പത്തിക ഭാഗ്യാന്വേഷണത്തിന്റെ നാടായിരുന്നു. പട്ടിണി, വരൾച്ച, ജനപ്പെരുപ്പം, ആഭ്യന്തര യുദ്ധം എന്നിവയിൽ നിന്നെല്ലാം വിമുക്തവുമായിരുന്നു.

### ക്രി. വ. 1330-1341. അനത്തോലിയ ഏഷ്യ വഴി ഇന്ത്യയിലേക്ക്:

ഇബ്നു ബത്തൂത്ത ഈ കാലമാവുമ്പോഴേക്കും വിദഗ്ദനായ ഒരു സഞ്ചാരിയായി മാറിയിരുന്നു. എന്നിരുന്നാലും സഞ്ചാരത്തിന് പണം ആവശ്യമായിരുന്നു. ഇന്ത്യയിലെ ഡൽഹി സുൽത്താന് ഇസ്ലാമിക നിയമങ്ങൾ വ്യാഖ്യാനിക്കാൻ ഒരു ഖാളിയെ വേണമെന്ന വാർത്ത അദ്ദേഹം അറിയാനിടയായി. അങ്ങനെ ക്രി.വ. 1330ൽ ബത്തൂത്ത ഇന്ത്യയിലേക്ക് തിരിച്ചു. ഏഷ്യാമൈനറിലൂടെ (ഇന്നത്തെ തുർക്കി). മദ്ധ്യേഷ്യയും, അഫ്ഗാനിസ്ഥാനും പിന്നിട്ടാണ് ഇന്ത്യയിലേക്ക് യാത്ര ചെയ്തത്. തുർക്കിയിലെ പ്രഗത്ഭരായ നിയമവിശാദരന്മാരെ പറ്റി ബത്തൂത്ത തന്റെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. ക്രി. വ. 1333ൽ പേർഷ്യയേയും സിന്ധിനേയും വേർതിരിക്കുന്ന ഹിന്ദുക്കുഷ് പർവ്വതപംക്തികൾ അദ്ദേഹം താണ്ടി. അവസാനം അദ്ദേഹം ഇന്ത്യയിലെത്തി. അവിടെ വെച്ച് അദ്ദേഹം ഡൽഹി സുൽത്താനായിരുന്ന മുഹമ്മദ് തുഗ്ളക്കിന്റെ കൊട്ടാരത്തിലെത്തി. അവിടെ അദ്ദേഹം ഖാസിയായി നിയമിക്കപ്പെട്ടു. ഏഴ് വർഷം അവിടെ അദ്ദേഹം രാജാവിനെ സേവിച്ചു. ഇബ്നുബത്തൂത്ത തന്നെ 'റിഹ്ലയിൽ' തുഗ്ളക്കിനെ പറ്റി പണ്ഡിതനായ രാജാവ് എന്നാണ് വിശേഷിപ്പിക്കുന്നത്.

ഇന്ത്യയിലെ രാജാവ് വിദേശീയരെ ബഹുമാനിക്കുന്ന സ്വഭാവക്കാരനും അവരോട് സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ കൊട്ടാര സേവകരിലധികവും ഉദ്യോഗസ്ഥന്മാരും ജഡ്ജിമാരും വിവാഹബന്ധത്തിലൂടെ ഉള്ള ബന്ധുക്കളുമെല്ലാം വിദേശീയരായിരുന്നു. വിദേശീയരെ അദ്ദേഹം അസീസ് (ബഹുമാനിതർ) എന്ന പേരിലാണ് വിളിച്ചിരുന്നത്. (6)

### ക്രി. വ. 1341-1349. ഇന്ത്യയിൽ നിന്നും ചൈനയിലേക്ക്

ക്രി. വ. 1340ൽ ഡൽഹി സുൽത്താൻ ഇബ്നു ബത്തൂത്തയെ ചൈനയിലേക്കുള്ള ഒരു ദൗത്യസംഘത്തിന്റെ തലവനായി നിയമിച്ചു. ദക്ഷിണേന്ത്യയിൽ പോയതിന് ശേഷമാണ് അദ്ദേഹം ചൈനയിലേക്ക് തിരിച്ചത്. സിലോൺ, മാലിദ്വീപ്, ബംഗാൾ, ബർമ, സുമാത്ര എന്നിവിടങ്ങൾ ആ യാത്രയിൽ ബത്തൂത്ത സന്ദർശിച്ചു. ചൈനയെ പറ്റി അദ്ദേഹമെഴുതിയത് *'ഒരു സഞ്ചാരിയെ സംബന്ധിച്ചേടത്തോളം ലോകത്തിലെ ഏറ്റവും സുരക്ഷിതവും സൗഹൃദപരവുമായ രാജ്യമാണ് ചൈന.'(7)* പക്ഷേ ചൈനയിലെ പ്രാകൃതമതം അദ്ദേഹത്തെ ഒട്ടും ആകർഷിച്ചിട്ടില്ല.

*'ചൈന അതിമനോഹരമാണ്. പക്ഷേ എനിക്ക് അത് സന്തോഷം പകർന്നില്ല. മറിച്ച് ആ രാജ്യത്ത് പ്രമുഖമായ പ്രാകൃത മതസമ്പ്രദായം തന്നെ അതീവദുഃഖിതനാക്കി. എന്റെ താമസസ്ഥലത്ത് വെച്ച് വളരെ അപലപനീയമായ കാര്യങ്ങൾ ഞാൻ കാണുകയുണ്ടായി. അത് എന്നെ അസ്വസ്ഥനാക്കി. ഞാൻ മിക്കസമയത്തും താമസസ്ഥലത്ത് വീടിനകത്ത് തന്നെയായിരുന്നു കഴിഞ്ഞുകൂടിയത്. ആവശ്യത്തിന് വേണ്ടി മാത്രമേ പുറത്ത് പോയുള്ളൂ. ചൈനയിലെ വാസകാലത്ത് ഞാൻ ഏതൊരു മുസ്ലിമിനെ കണ്ടുമുട്ടിയാലും എനിക്ക് ഈ ഇതേ വികാരം തന്നെയായിരുന്നു ഉണ്ടായിരുന്നത്.'(8)*

### ക്രി. വ. 1349-1354. തിരിച്ച് സ്വദേശത്തേക്ക് (മോറോക്കോ)

ഇബ്നുബത്തൂത്ത മക്കയിലേക്ക് വീണ്ടും തിരിച്ചെത്തി. മക്കയിലുള്ള കർമ്മങ്ങളെല്ലാം നിർവ്വഹിച്ചതിനുശേഷം അദ്ദേഹം സ്വദേശമായ മൊറോക്കോയിലുള്ള ഫെസ്സിലേക്ക് യാത്ര തിരിച്ചു. ക്രി. വ. 1349 ലാണ് അദ്ദേഹം ഫെസ്സിൽ എത്തിയത്. പക്ഷേ സഞ്ചാരത്തിനുള്ള അദമ്യമായ ആഗ്രഹം അദ്ദേഹത്തെ അസ്വസ്ഥനാക്കി. ഏ.ഡി. 1350ൽ അദ്ദേഹം വീണ്ടും സഞ്ചാരം ആരംഭിച്ചു. ഐബീരിയൻ പെനിസുലയിലെ (സ്പെയിൻ) ഗ്രനഡയായിരുന്നു ഇത്തവണത്തെ ലക്ഷ്യം. എന്നിട്ടും ദാറുൽ ഇസ്ലാമിൽ (ഇസ്ലാമിക ലോകം) പൂർണ്ണമായും സഞ്ചരിക്കാൻ അദ്ദേഹത്തിന് കഴി

ഞ്ഞില്ല എന്ന വ്യഥയിലായിരുന്നു ഈ ലോകസഞ്ചാരി. അദ്ദേഹം ഒരു യാത്രസംഘത്തോടൊപ്പം സഹാറ മരുഭൂമി മുറിച്ചു കടന്ന് മാലിയിലേക്ക് യാത്രപോയി. 30 വർഷത്തെ സുദീർഘമായ വിശ്വപര്യടനത്തിനുശേഷം ക്രി. വ. 1355ന് അദ്ദേഹം സ്വദേശത്ത് തിരിച്ചെത്തി.

### റിഹാല: ഒരു ചരിത്രരേഖ

ഇബ്നു ബത്ത്വൂത്തയുടെ സഞ്ചാരകുറിപ്പുകൾ 14-ാം നൂറ്റാണ്ടിലെ ഇസ്‌ലാമിക ലോകത്തെക്കുറിച്ചുള്ള ചരിത്രം നമുക്ക് നൽകുന്നു. മുസ്‌ലിം ലോകത്തെ ആതിഥ്യമര്യാദ, ആചാരങ്ങൾ, വിദ്യാഭ്യാസ സമ്പ്രദായങ്ങൾ, ഭൂമിശാസ്ത്രം എന്നീ നിരവധി വിവരങ്ങൾ അദ്ദേഹത്തിന്റെ കുറിപ്പുകളിൽ നിന്നും മനസ്സിലാക്കാം.

*ജെയിംസ് പ്രിസ്റ്റൺ എന്ന ഭൂമിശാസ്ത്ര പണ്ഡിതൻ അറബിയിലെഴുതപ്പെട്ട ഇബ്നുബത്ത്വൂത്തയുടെ ഗ്രന്ഥത്തെപറ്റി 25 വർഷം മുമ്പ് എഴുതിയ പുസ്തകത്തിൽ പറയുന്നു: 'ക്രിസ്തീയ ലോകത്ത് ഈ പുസ്തകം കുറച്ച് സ്വാധീനമേ ഉണ്ടാക്കിയുള്ളൂ. പക്ഷേ ഇക്കാലത്ത് പോലും നമ്മുടെ ചില സ്കൂളുകളിൽ ചില മേഖലയിലെ ചൂടിനെപ്പറ്റി വിവരിക്കാൻ ഇബ്നുബത്ത്വൂത്തയുടെ സഞ്ചാരക്കുറിപ്പുകളെയാണ് ആശ്രയിക്കുന്നത്. ആറ് നൂറ്റാണ്ടു മുമ്പ് ജീവിച്ച ഇബ്നുബത്ത്വൂത്തയാണ് വടക്കനാഫ്രിക്കയിലെ മിതശീതോഷ്ണ മേഖലയിലെ ഉഷ്ണത്തേക്കാൾ കുറഞ്ഞത് ഭൂമദ്ധ്യരേഖാ പ്രദേശത്തെ ഉഷ്ണം മാത്രമാണെന്ന് ചൂണ്ടിക്കാട്ടിയത്.'9* ഭൂമിശാസ്ത്രത്തിലും ചരിത്രത്തിലും ഇബ്നുബത്ത്വൂത്തയുടെ പങ്ക് പിൽക്കാലത്താണ് തിരിച്ചറിയപ്പെട്ടത്. ഉദാഹരണത്തിന് യാലീ യൂണിവേഴ്സിറ്റിയും ന്യൂഹെവൻ പബ്ലിക്ക് സ്കൂളിന്റേയും പങ്കാളിത്തത്തോടെ നടത്തുന്ന യാലീ-ന്യൂഹെവൻ ടീച്ചേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിലെ പൗലാ റാൻഷിയാറ്റോ ഇബ്നുബത്ത്വൂത്തയുടെ റിഹാലയുടെ ചരിത്രമൂല്യത്തെക്കുറിച്ചെഴുതുന്നു.

സോഷ്യൽസ്റ്റഡീസ് ക്ലാസിലെ നമ്മുടെ വിദ്യാർത്ഥികളുടെ കഴിവുകൾ പരിശോധിക്കാനും ജനങ്ങളുടെ സ്വപ്നങ്ങളും അവരുടെ അനുഭവങ്ങളും സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലത്തിൽ പഠിക്കാനും ഈ വിവരണങ്ങൾക്കുള്ള പങ്ക് അനന്യമാണ്.10

ജോവാൻ ആർനോ & ഹെലൻ എന്നീ പ്രശസ്തരായ അദ്ധ്യാപകർ പതിനാലാം നൂറ്റാണ്ടിലെ ജനങ്ങളുടെ ചരിത്രത്തെപ്പറ്റി പഠിക്കാനുള്ള ഒരു വിദ്യ ഇബ്നു ബെത്ത്വൂത്തയുടെ സാഹസിക സഞ്ചാരകഥകളിൽ നിന്നും ലഭിക്കുന്നു എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

പതിനാലാം നൂറ്റാണ്ടിലെ മുസ്‌ലിം ലോക ചരിത്രം വ്യക്തിപരമായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ബത്ത്വൂത്ത രചിക്കുയായിരുന്നു. അദ്ദേഹത്തിന്റെ അതുല്യമായ വാങ്മയം വസ്തുതാപരമായും വിവരണപരമായും വിപുലമായ അറിവുകളാണ് നല്കുന്നത്. സൂഫികളുമായുള്ള അദ്ദേഹത്തിന്റെ സംഭാഷണങ്ങളും നിയമ പണ്ഡിതന്മാരിൽ നിന്നുള്ള വിശദീകരണങ്ങളും പ്രാദേശിക സംസ്കാരങ്ങളെയും ആചാരങ്ങളേയുക്കുറിച്ചുള്ള അഗാധവും സൂക്ഷ്മവുമായ വിവരണങ്ങളും അദ്ദേഹത്തിന്റെ സഞ്ചാരക്കുറിപ്പുകളിലുണ്ട്. ഇബ്നുബത്ത്വൂത്തയുടെ ചില വ്യക്തിപരമായ അനുഭവങ്ങളുടെ വിവരണങ്ങളിൽ അതിശയോക്തിപരമായ അംശങ്ങൾ ഉള്ളതുകൊണ്ട് അതൊന്നും വിശ്വാസയോഗ്യമല്ല എന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ വിവരണങ്ങളിൽ പിഴവുകളും അതിവർണ്ണനകളും വ്യക്തിപരവുമായ പക്ഷപാതിത്വങ്ങളും ഉണ്ടായിരിക്കാം. അതുകൊണ്ടു തന്നെ ഏറ്റവും ആധികാരികമായ ഒരു ചരിത്ര രേഖയാക്കണമെന്നുമില്ല. പക്ഷേ, ഇത്തരം വ്യക്തിപരമായ വിവരണങ്ങൾ അക്കാലത്തെ ജനങ്ങളുടെ ജീവിതത്തെ നോക്കിക്കാണാൻ നമുക്ക് ഒരു ഉൾക്കാഴ്ച നല്കുന്നു എന്ന കാര്യം അനിഷേധ്യമാണ്.

പോൾകൊഗൻ തന്റെ 'ഇബ്നുബത്ത്വൂത്തയുടെ ഏഷ്യയിലേയും ആഫ്രിക്കയിലേയുമുള്ള യാത്രകൾ - ക്രി. വ. 1325-1354 (Ibnu Battuta's Travels in Asia and Africa AD 1325-1354) എന്ന പുസ്തകത്തിൽ ഇബ്നുബത്ത്വൂത്തയുടെ സഞ്ചാരക്കുറിപ്പുകൾ ഇസ്‌ലാമിക ലോകത്തെ മനസ്സിലാക്കാൻ എങ്ങനെ ഉപകരിക്കാൻ സാധിക്കുന്നു എന്നതിനെപ്പറ്റി വിവരിക്കുന്നു.

'അവിടത്തെ (മുസ്‌ലിം ലോകം) സ്മാരകങ്ങൾ സന്ദർശിക്കുകയാണെങ്കിൽ അത് ഒരു സൗഭാഗ്യം തന്നെയാണ്. പക്ഷേ, അവിടുത്തെ ജനങ്ങളേയും അവരുടെ ജീവിതരീതികളേയും പറ്റി നാം അജ്ഞരാണ്. അല്ലെങ്കിൽ അറേബ്യൻ രാവുകളിലെ സാങ്കല്പിക ലോകത്തെ അവ്യക്തമായ അനുമാനങ്ങൾ മാത്രമാണ് നമുക്കവയെക്കുറിച്ചുള്ളത്. വിദഗ്ദ്ധൻമാർക്ക് പോലും അവരുടെ ജീവിതത്തെ വസ്തുനിഷ്ഠമായ പുനർ നിർമ്മിക്കാനും അക്കാലത്തെ അവരുടെ ജീവിതത്തെപ്പറ്റി നിർജീവമായ ഒരു കാഴ്ചപ്പാടാണ് നല്കുന്നത്. ചരിത്രവും ജീവചരിത്രങ്ങളും ഒരുപാടുണ്ട്. പക്ഷേ, വായനക്കാർ ജീവസ്സുറ്റ രീതിയിൽ അവരുടെ ഹൃദയതന്ത്രങ്ങളെ തൊട്ടുണർത്തിയ കാതലായ ചരിത്രവസ്തുതകൾ വർണ്ണശബളിമായി അവതരിപ്പിക്കുന്ന ചരിത്രകാരന്മാർ അപൂർവ്വമാണ്. ഇക്കാര്യത്തിൽ ഇബ്നുബത്ത്വൂത്തയുടെ രചനകൾ എല്ലാറ്റിനേയും മികച്ചു നില്ക്കുന്ന വിസ്മയങ്ങളാണ്. 11

#### ഉപസംഹാരം

ഇബ്നുബത്ത്വൂത്ത നടത്തിയ 30 വർഷത്തെ സഞ്ചാരത്തിന്റെ മൂല്യം വേണ്ടവിധത്തിൽ വിലയിരുത്തപ്പെട്ടിട്ടില്ല. ഇക്കാലത്ത് വിജ്ഞാനം എന്നത് പണമുണ്ടാക്കാൻ വേണ്ടിയുള്ള ഒരേർപ്പാടാണ്. എന്നാൽ മദ്ധ്യകാലഘട്ടത്തിൽ ജ്ഞാനത്തിന് വേണ്ടി മാത്രമായിരുന്നു ജ്ഞാനസമ്പാദനം. ലോകജ

ശേഷം പേജ് 43 ൽ

ഭാഗം - 27

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### മൗലവി സാഹിബിന്റെ സ്വഭാവ ഗുണങ്ങൾ (കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വലി (റ) ന്റെ ജീവിതത്തിലെ ഏറ്റവും ഉന്നതവും വളരെ പ്രകടവുമായ സ്വഭാവ ഗുണങ്ങളിൽ ഒന്നായ അല്ലാഹുവിലുള്ള അനന്യ സാധാരണമായ തവക്കുലിനെ കുറിച്ചായിരുന്നു കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചിരുന്നത്. ആ വിവരണങ്ങളുടെ ബാക്കി ഭാഗം തുടരുകയാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽമുസ്‌ലിഹ് മൗഊദ് (റ) അരുൾ ചെയ്യുകയാണു. നിങ്ങൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനെ (റ) നോക്കു ഹുസൂറിന്റെ ഒരാവശ്യവും ഒരിക്കലും പൂർത്തിയാകാതിരുന്നിട്ടില്ല. അതിൽ ഒരുതരത്തിലുള്ള തടസ്സവും താമസവും നേരിടാറുമില്ല. നിനക്കു ആവശ്യമുള്ളപ്പോൾ നാം നിനക്കു നൽകും എന്നതു ഹുസൂറിനോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അരുൾ ചെയ്യുകയാണു. എന്റെ മുന്നിൽ വച്ചുണ്ടായ ഒരു സംഭവം പറയാം. ഒരിക്കൽ ഒരാൾ മൗലവി സാഹിബിന്റെ അടുക്കൽ നൂറു രൂപ കടം ചോദിച്ചു വന്നു. വല്ല കാശും വന്നാൽ തരാമെന്ന നിലയ്ക്കു അയാളോടു കാത്തിരിക്കാൻ പറഞ്ഞു. അൽപ സമയത്തിനു ശേഷം മറ്റൊരാൾ ഇരുനൂറു രൂപ ഹുസൂറിന്റെ പക്കൽ അമാനത്തു വെക്കാനായി എത്തി. മൗലവി സാഹിബിനു അയാൾ പണം നൽകിക്കൊണ്ട് പറഞ്ഞു എനിക്കു ഈ അമാനത്ത് രണ്ടു വർഷം കഴിഞ്ഞു തിരിച്ചു കിട്ടിയാൽ മതി. അതിനു ശേഷം അയാൾ തിരിച്ചു പോവുകയും ചെയ്തു. ഹുസൂർ അമാനത്തു വിവരങ്ങൾ എഴുതി വയ്ക്കുന്ന റജിസ്റ്ററിൽ എല്ലാം എഴുതിയ ശേഷം കടം ചോദിച്ചു വന്ന ആളെ വിളിച്ചു അയാൾക്കു അതിൽ നിന്നും നൂറു രൂപ കടം നൽകി. അതും റജിസ്റ്ററിൽ എഴുതി വച്ച ശേഷം പണം സൂക്ഷിക്കുന്ന സഞ്ചിയും റജിസ്റ്ററും വീട്ടിലേയ്ക്കു കൊടുത്തയക്കുകയും ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) തുടർന്നു പറയുകയാണു കുറച്ചു നേരം കഴിഞ്ഞ ശേഷം രണ്ടു വർഷത്തേക്കു അമാനത്തു വച്ചയാൾ തിരിച്ചു വന്നിട്ടു പറഞ്ഞു, മൗലവി സാഹിബ് ഞാനെന്റെ തീരുമാനം മാറ്റി. അതു കൊണ്ട് ആ ഇരുനൂറു രൂപ തിരിച്ചു തന്നാലും. മൗലവി സാഹിബ് അയാളോടു ഒന്നും പറഞ്ഞില്ല. എപ്പോഴാണു നാട്ടിലേയ്ക്കു തിരിച്ചു പോകുന്നതെന്നു മാത്രം ചോദിച്ചു. ഒരു മണിക്കൂറിനകമെന്നു അയാൾ ഉത്തരം പറഞ്ഞു. മൗലവി സാഹിബ് പറഞ്ഞു. പോകാനുള്ള കുതിര വണ്ടിയൊക്കെ ഏർപാടാക്കിയ ശേഷം വന്നു തന്റെ ഇരുനൂറു രൂപ അമാനത്തു വാങ്ങിച്ചോളൂ. ആ സമയം ഞാൻ മൗലവി സാഹിബിന്റെ അടുക്കൽ തന്നെയുണ്ടായിരുന്നു. മൗലവി സാഹിബ് പറഞ്ഞു നോക്കു ജനങ്ങളുടെ മേൽ വിശ്വാസം അർപിക്കുന്നതു വലിയ അബദ്ധമാണ്. ഞാൻ തെറ്റു ചെയ്തിരിക്കുന്നുവെന്നു ഈ സംഭവത്തിലൂടെ അല്ലാഹു എന്നെ പഠിപ്പിച്ചിരിക്കുകയാണ്. ഇനി എന്റെ മൗലാ കരീം എന്റെ റബ്ബ് എന്നെ എങ്ങിനെയാണു സഹായിക്കുന്നതെന്നു നോക്കിക്കോളൂ. ഒരു മണിക്കൂറിനു മുമ്പു തന്നെ

വേറൊരാൾ വന്നു മൗലവി സാഹിബിനു നൂറു രൂപ കൊണ്ടു കൊടുത്തു. അമാനത്തു വെച്ചയാൾ വന്നപ്പോൾ അയാൾക്കു അമാന ത്തിലുണ്ടായിരുന്ന ബാക്കി നൂറു രൂപയും ചേർത്ത് ഇരുനൂറു രൂപ തിരിച്ചു നൽകുകയും ചെയ്തു.

ഒരിക്കൽ നൂർ ഹോസ്പിറ്റലി ന്റെ ആവശ്യത്തിലേയ്ക്കു സംഭാവ നയ്ക്കായി ഹദ്റത്ത് നാനാ ജാൻ (ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ്) മൗലവി സാഹിബിനെ സമീപിച്ചു എന്നിട്ടു ആശുപത്രിക്കു വേണ്ടിയുള്ള സഹായ ധനത്തിനാ യി നിർബന്ധിച്ചു. മൗലവി സാഹിബ് പറഞ്ഞു എന്റെ കൈയിൽ ഇപ്പോൾ നൽകാൻ ഒന്നുമില്ല. പക്ഷേ, നാനാ ജാൻ, മൗലവി സാഹിബിനെ വെറുതെ വിടാൻ ഒരുക്കമല്ല. അദ്ദേഹം തുടരെത്തുടരെ സഹായ ത്തിന്നായി അഭ്യർഥിച്ചു കൊണ്ടിരു ന്നു. അവസാനം മൗലവി സാഹിബ് ഇരുന്നിടത്തു നിന്നും എഴുന്നേറ്റു അവിടെവിരിച്ചിരുന്ന തുണിയുടെ അടിയിൽ നിന്നും ഒരു പൗണ്ട് എടുത്തു നാനാജാന്നു നൽകിക്കൊ ണ്ട് പറഞ്ഞു മീർ സാഹിബ് ! ഇതിൽ നൂറുദ്ദീന്റെ കരസ്പർശം മാത്രമേ ഏറ്റിട്ടുള്ളു. വേറൊരാളും ഈ പൗണ്ട് സ്പർശിച്ചിട്ടില്ല. മറ്റൊരു സംഭവത്തെ കുറിച്ചു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) വിവരിക്കുക യാണ്. ഒരിക്കൽ ഖലീഫത്തുൽ മസീഹ് അവ്വലി(റ) നു കുറച്ചു പണത്തിന്റെ അത്യാവശ്യം നേരിട്ടു. ബാഹ്യമായി യാതൊരു മാർഗവും കാണാത്തതു കൊണ്ട് അദ്ദേഹം മുസല്ല വിരിച്ചു നമസ്ക്കരിക്കാൻ തുടങ്ങി. നമസ്ക്കാരത്തിൽ തന്റെ ആവശ്യം വളരെ വിനയപുരസ്സരം അല്ലാഹുവിനു മുന്നിൽ സമർപിച്ചു. നമസ്ക്കാരം പൂർത്തിയാക്കി മുസല്ല എടുത്തപ്പോൾ അതിനടിയിൽ നിന്നും ഒരു പൗണ്ട് കിട്ടി.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് വല്ലതും ആഗ്രഹിച്ചാൽ ബാഹ്യ ഉപാധികൾ ഒന്നും ഇല്ലാതെ തന്നെ അല്ലാഹുതആല അതു മൗലവി സാഹിബിനു എത്തിച്ചു കൊടുത്തിട്ടുണ്ട്. ഒരിക്കൽ അദ്ദേഹം സ്വദേശത്തു ഭേരയിൽ തന്റെ അടുത്ത ഒരു സ്നേഹിതനോടു ഒരു പുസ്തകം ആവശ്യപ്പെട്ടു. വായിച്ചു കഴിഞ്ഞാൽ ഉടനെ തിരിച്ചു തരാമെന്നും പറഞ്ഞു. പലപ്രാവശ്യം ചോദിച്ചപ്പോഴൊക്കെ ആദ്യം അയാൾ നൽകാമെന്നു വാഗ്ദാനം ചെയ്തെങ്കിലും അവസാനം നൽകാനാവില്ലെന്നു അയാൾ പറഞ്ഞു. അതുകേട്ട ഉടനെ മൗലവി സാഹിബ് തന്റെ വിഷമം കൊണ്ടോ എന്തോ പൊടുന്നനേ ഇന്നാലില്ലാഹി വ ഇന്നായിലൈഹി റാജി ഊൻ എന്നു ചൊല്ലുകയു ണ്ടായി.

ഏതാനും ദിവസങ്ങൾക്കു ശേഷം മൗലവി സാഹിബിന്റെ പേരിൽ പുസ്തകത്തിന്റെ ഒരു കെട്ട് തപാലിൽ വന്നു. മൗലവി സാഹിബ് പാർസൽ കൈപറ്റി. വളരെ ആശ്ചര്യത്തോടെ അയച്ചയാളുടെ പേരു നോക്കി. പേരില്ല. പിശാവറിൽ നിന്നുമാണു പാർസൽ അയച്ചതെ ന്നു മനസ്സില്ലായി. അദ്ദേഹം പാർസ ൽ തുറന്നു. മൗലവി സാഹിബ് സ്നേഹിതനോടു വായിക്കാൻ ചോദിച്ച പുസ്തകവും അതുമായി ബന്ധപ്പെട്ട അതിന്റെ ശറഹുകളും വ്യാഖ്യാനങ്ങളുമടക്കം കുറെ പുസ്തങ്ങൾ അതിലുണ്ട്. മൗലവി സാഹിബിന്റെ ആശ്ചര്യത്തിന്നതിരി ല്ലായിരുന്നു. പുസ്തകങ്ങളെ സ്നേഹിക്കുകയും സൂക്ഷിക്കുക യും വളരെ ആവേശത്തോടെ പാരായണം ചെയ്യുകയും ചെയ്യുന്ന പലരോടും വിവരം പറയുകയും അതയച്ചയാളെ കുറിച്ചന്വേഷിക്കുക യും ചെയ്തെങ്കിലും ആരാണു അയച്ചതെന്നോ എന്തിനയച്ചുവെ ന്നോ ഉള്ള ഒരുവിവരവും കിട്ടിയില്ല. എങ്കിലും മൗലവിസാഹിബ് പാർസ ൽ അയച്ച വ്യക്തിയെ തേടിക്കൊ ണ്ടിരുന്നു. കുറച്ചു നാളുകൾക്കു ശേഷം യാദൃഛികമായി ഒരിടത്തു വച്ചു ഒരാളെ കണ്ടുമുട്ടി. സാമ്പത്തി കമായി നല്ല കഴിവുള്ളയാളായിരു ന്നു അയാൾ. അതിനു മുമ്പും അദ്ദേഹത്തെ കാണുകയും പരിചയ പ്പെടുകയും ചെയ്തിട്ടുണ്ട്. സംസാര മദ്ധ്യേ ഒരജ്ഞാതൻ തനിക്കു പുസ്തകമയച്ച കാര്യം അദ്ദേഹ ത്തോടും പറഞ്ഞു. അദ്ദേഹം പറഞ്ഞു, ഞാൻ താങ്കളെ പോലെ പുസ്തകങ്ങളുമായി കൂടുതൽ ബന്ധമുള്ള ആളല്ലെങ്കിലും അന്നു താങ്കൾ ചൊല്ലിയ ഇന്നാലില്ലാഹി വ ഇന്നായി ലൈഹി റാജി ഊൻ എന്റെ ഹൃദയത്തിലാണു കൊണ്ടത്. അപ്പോൾ തന്നെ താങ്കളുടെ സ്നേഹിതൻ തരാൻ പറ്റില്ലെന്നു പറഞ്ഞ പുസ്തകവും അതോടൊപ്പ മുള്ള മറ്റു പുസ്തകങ്ങളും വാങ്ങി താങ്കളുടെ പേരിലയക്കാൻ പിശാവ റിലുള്ള എന്റെ ആളുകളോടു ഞാനാണു പറഞ്ഞത്. അവരാണ് താങ്കൾക്കയച്ചത്. അപ്പോഴാണു ആ സംസാരം നടക്കുമ്പോൾ അദ്ദേഹ വും അവിടെ ഉണ്ടായിരുന്ന കാര്യം മൗലവി സാഹിബ് ഓർത്തത്.

ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ പ്രധാന സഹാബാക്കളിൽ ഒരാളായ ഹദ്റത്ത് ഭായി അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനി (റ) വിവരിക്കുകയാണ്. ഞാൻ മുമ്പ് ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ വീടിന്റെ ഒരു ഭാഗത്തായിരുന്നു താമസിച്ചു കൊണ്ടിരുന്നത്. ആ സമയം ഖാദിയാന്റെ ചുറ്റുമുണ്ടായിരുന്ന കുളം നികത്തി നമ്മുടെ സഹോദ രങ്ങൾ വീടുണ്ടാക്കാറുണ്ടായിരുന്നു. മൗലവി സാഹിബിന്റെ ക്ലിനിക്കിനോ ടു ചേർന്നുള്ള സ്ഥലം നികത്തി ഞാനും ഒരു ചെറിയൊരു വീടുണ്ടാ ക്കി. ഒരിക്കൽ ഞാൻ മൗലവി സാഹിബിന്റെ ക്ലിനിക്കിൽ ഇരിക്കു കയായിരുന്നു. സംസാര മദ്ധ്യേ മൗലവി സാഹിബ് പറഞ്ഞു ഭായിജി, ഈ സ്ഥലം രോഗികളെ താമസിപ്പിക്കാൻ വളരെ യോജിച്ച താണ്. എനിക്കത് താങ്കൾ നൽകുക യാണെങ്കിൽ ചെലവായ പണം ഞാൻ താങ്കൾക്കു തരാമായിരുന്നു. ഞാൻ പറഞ്ഞു അങ്ങയുടെ ഇഷ്ടം പോലെ. എത്ര ചെലവായെന്നു മൗലവി സാഹിബ് ചോദിച്ചപ്പോൾ തൊന്നൂറു രൂപയെന്നു ഞാൻ

മറുപടി പറഞ്ഞു. അപ്പോൾ മൗലവി സാഹിബ് പടിഞ്ഞാറു ഭാഗത്തുള്ള വാതിലൂടെ ക്ലിനിക്കിന്റെ പുറകിലേയ്ക്കു വരാൻ എന്നോടു പറയുകയും സ്വയം കിഴക്കു ഭാഗത്തുള്ള വാതിലിലൂടെ പുറകിലേയ്ക്കു വരികയും ചെയ്തു. രണ്ടു പേരും ബുക്ക് ഡിപ്പോയുടെ അടുത്തുള്ള കിണറിനു സമീപം എത്തിയപ്പോൾ മൗലവി സാഹിബ് എനിക്കു നൂറു രൂപയുടെ ഒരു നോട്ടു നൽകിക്കൊണ്ട് പറഞ്ഞു ബാക്കി പത്തു രൂപ എനിക്കു തിരിച്ചു നൽകിയാൽ മതി..

ഹദ്റത്ത് ഭായി അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനി (റ) തുടർന്നു പറയുകയാണു ഇതു മൗലവി സാഹിബിനുള്ള അല്ലാഹുവിന്റെ അമാനുഷികമായ (അദൃശ്യകരമായ, ഗൈബിയായ) സഹായം തന്നേയാണെന്നാണു ഞാൻ മനസ്സിലാക്കുന്നത്. ക്ലിനിക്കിൽ പണം സൂക്ഷിക്കാനുള്ള ഇടമൊന്നുമില്ല. വീട്ടിൽ പണമുണ്ടായിരുന്നുവെങ്കിൽ അല്ലെങ്കിൽ കീശയിൽ പണമുണ്ടായിരുന്നുവെങ്കിൽ എന്നെ ഒരു വാതിലിലൂടെ പറഞ്ഞയച്ച ശേഷം സ്വയം മറ്റൊരു ഭാഗത്തൂടെ വരേണ്ട ആവശ്യമെന്തായിരുന്നു.

ഖുറൈശി അമീർ അഹ്മദ് സാഹിബ് ഭേരവി (റ) നിവേദനം ചെയ്യുകയാണു ഒരിക്കൽ മൗലവി സാഹിബ് ഒരു പുസ്തക വിൽപനശാലയിൽ നിന്നു തപാലിൽ കാഷ് ഓൺ ഡെലിവറിയായി ഒരു പുസ്തകം ഓഡർ ചെയ്തു വരുത്തിയിട്ടുണ്ടായിരുന്നു. പതിനാറു രൂപ വിലയുള്ള ആ പാർസലുമായി പോസ്റ്റുമാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അടുക്കൽ വന്നപ്പോൾ ഹുസൂർ പറഞ്ഞു ഞാൻ വളരെ ഇഷ്ടത്തോടെ ഓഡർ ചെയ്തു വരുത്തിയതായിരുന്നു ഈ പുസ്തകം. പക്ഷേ എന്റെ കൈയിൽ ഇപ്പോൾ നയാപൈസ ഇല്ലാതായിപ്പോയി. എന്നാൽ നിങ്ങൾ നോക്കിക്കോളൂ പതിനാറു രൂപ എന്റെ റബ്ബ് ഇപ്പോൾ അയക്കും. ഞങ്ങൾ കുറച്ചു പേർ അവിടെ തന്നെ ഇരിപ്പുണ്ടായിരുന്നു. അൽപം കഴിഞ്ഞതേയുള്ളു ഒരു ഹിന്ദു സുഖമില്ലാത്ത തന്റെ മകനേയും കൂട്ടി മൗലവി സാഹിബിന്റെ അടുക്കൽ ചികിത്സക്കായി വന്നു. മൗലവി സാഹിബ് അവനെ പരിശോധിച്ച ശേഷം മരുന്നെഴുതിക്കൊടുത്തു. പ്രതിഫലമായി അയാൾ ഒരു പൗണ്ടും ഒരു രൂപയും നൽകി തിരിച്ചു പോയി. അപ്പോൾ തന്നെ ഹുസൂർ അല്ലാഹുവിനു നന്ദി പ്രകാശിപ്പിച്ചു കൊണ്ട് സജദ ശുക്ർ ചെയ്തു. എന്നിട്ടു പറഞ്ഞു ഞാൻ എന്റെ റബ്ബിനോടു എങ്ങനെയാണു നന്ദി പറയേണ്ടത്. അവൻ നിങ്ങളുടെ മുന്നിൽ എന്നെ അപമാനിതനാക്കിയില്ല. നോക്കു അയാൾ ഒന്നും തന്നില്ലെങ്കിലും എന്റെ സ്വഭാവമനുസരിച്ചു ഞാൻ അയാളോടു ഒന്നും ആവശ്യപ്പെടുകയില്ലായിരുന്നു. പക്ഷേ എന്റെ റബ്ബ് അയാളെ നിർബന്ധിച്ചു. അവൻ പറഞ്ഞു എന്റെ നൂറുദ്ദീനു പതിനാറു രൂപയുടെ ആവശ്യമുണ്ട്. കൊടുക്കൂ ഇപ്പോൾ തന്നെ. അയാൾക്കു ഒരു പൗണ്ട് മാത്രം തരാമായിരുന്നു. പക്ഷേ എന്റെ ഇപ്പോഴത്തെ ആവശ്യം പൂർത്തിയാവുകയില്ല. എനിക്കാവശ്യം പതിനാറു രൂപയായിരുന്നു. അതിനാൽ അയാൾ ഒരു പൗണ്ടും കൂടെ ഒരു രൂപയും തന്നു. അതയാൾ തന്നതല്ല. എന്റെ റബ്ബാണു തന്നത്.

ഒരിക്കൽ കശ്മീരിലുള്ള ഒരു സഹോദരൻ അമാനത്തായി നാനൂറു രൂപ മൗലവി സാഹിബിന്റെ പക്കൽ വച്ചിട്ടുണ്ടായിരുന്നു. മൗലവി സാഹിബ് സാധാരണ പോലെ എന്തോ അത്യാവശ്യത്തിനു അതെടുത്ത് ചെലവഴിച്ചു. ഏതാനും ആഴ്ചകൾക്കു ശേഷം പണത്തിന്റെ അത്യാവശ്യമുണ്ടെന്നും ഉടനെ അയച്ചു തരണമെന്നും പറഞ്ഞു കശ്മീരിൽ നിന്നും ആ മാന്യന്റെ കമ്പി സന്ദേശം വന്നു. ആ സമയം മൗലവി സാഹിബ് ക്ലിനിക്കിലിരിക്കുകയായിരുന്നു. മൗലവി സാഹിബ് അവിടെയിരുന്നു പ്രസ്തുത അമാനത്തു എങ്ങനെ തിരിച്ചയക്കുമെന്നു ആലോചിച്ചു കൊണ്ടിരിക്കുമ്പോൾ ബീഹാറിലെ ശാഹ്പൂരിൽ നിന്നും അവിടത്തെ രണ്ടു ഹിന്ദു പ്രമാണിമാർ മൗലവി സാഹിബിനെ കാണുവാനായി വന്നു. അവർ കാണിക്കയായി ഒരു തളികയിൽ പഴങ്ങളും മറ്റൊരു തളികയിൽ നാനൂറ് രൂപയും കൊണ്ടു വന്നിട്ടുണ്ടായിരുന്നു. അവരത് മൗലവി സാഹിബിനു മുന്നിൽ ആദരപൂർവ്വം സമർപിച്ചു.

മറ്റൊരിക്കൽ മൗലവി സാഹിബിന്റെ അടുത്ത ബന്ധുവാണെന്നു തോന്നുന്നു അബ്ദുൽ ഹൈയ് എന്നു പേരുള്ള ഒരു സഹോദരൻ മൗലവി സാഹിബിനോടു പറഞ്ഞു ഞാനൊരാൾക്കു നാൽപതു രൂപ കടക്കാരനാണ്. മൗലവി സാഹിബ് പറഞ്ഞു നീ ഇന്നു മുതൽ കൃത്യം പതിനഞ്ചു ദിവസങ്ങൾക്കു ശേഷം എന്റെ അടുക്കൽ വന്നോളൂ. നാൽപതു രൂപ ഞാൻ തരാം. പറഞ്ഞതു പോലെ അബ്ദുൽ ഹൈ സാഹിബ് പതിനഞ്ചു ദിവസങ്ങൾക്കു ശേഷം വന്നു. അബ്ദുൽ ഹൈ സാഹിബ് പറയുകയാണു അതൊരു ഞായറാഴ്ച ദിവസമായിരുന്നതിനാൽ മൗലവി സാഹിബിനു അന്നു മണിയോഡർ വരുമെന്നു പ്രതീക്ഷിക്കാനില്ല. അന്നു എവിടെ നിന്നും ഒരു പണവും വന്നില്ല. ഞാൻ മൗലവി സാഹിബിനോടൊപ്പം തന്നെ ഉണ്ട്. വൈകുന്നേരം മൗലവി സാഹിബ് കോട്ടും വാസ്ക്കറ്റും അഴിച്ചുവെച്ചു വുസു എടുക്കാനായി പോയപ്പോൾ ഞാൻ പതുക്കെ കോട്ടിന്റേയും വാസ്ക്കറ്റിന്റേയും കീശ നന്നായി പരിശോധിച്ചു. കീശയിൽ ഒരു പൈസ പോലുമുണ്ടായിരുന്നില്ല. എല്ലാം കാലിയായിരുന്നു. മൗലവി സാഹിബ് വുസു എടുത്തു വന്ന ശേഷം വാസ്ക്കറ്റും കോട്ടും ധരിച്ചു. പിന്നീട് കോട്ടിന്റെ പോക്കറ്റിൽ നിന്നും നാൽപതു രൂപ എടുത്തു എനിക്കു തന്നു. ഞാൻ ചിരിക്കാൻ തുടങ്ങി. മൗലവി സാഹിബ് ചോദിച്ചു എന്താ ചിരിക്കുന്നത്.

ഞാൻ പറഞ്ഞു മൗലവി സാഹിബിന്റെ എല്ലാ ആവശ്യങ്ങളും അല്ലാഹു പൂർത്തിയാക്കാറുണ്ടെന്നു പറയുന്നത് എത്ര ശരിയാണ്. അതുകൊണ്ട് ചിരിച്ചു പോയതാണ്. കാരണം ഞാൻ വാസ്ക്കറ്റും കോട്ടും ഇപ്പോൾ പരിശോധിച്ചിരുന്നു അതിൽ ഒന്നും ഉണ്ടായിരുന്നില്ല. അതു കേട്ടപ്പോൾ ഹുസൂറും ചിരിച്ചു എന്നിട്ടു പറഞ്ഞു ഞാനുമായുള്ള അല്ലാഹുവിന്റെ ഇടപാട് ഒരു പ്രത്യേക രീതിയിലുള്ളതാണ്. അതിനെ കുറിച്ചു എനിക്കും അല്ലാഹുവിനുമല്ലാതെ മറ്റാർക്കും അറിയിയില്ല.

ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷകനായ ഹദ്റത്ത് മലിക് ഗുലാം ഫരീദ് സാഹിബ് എം.എ (റ) വിവരിക്കുകയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) തന്റെ അവസാന നാളുകളിൽ രോഗിയായിരുന്ന അവസരത്തിൽ മകൻ അബ്ദുൽ ഹൈയ് സാഹിബിനെ ഖുർആൻ പഠിപ്പിക്കുന്ന അവസരത്തിൽ ഉപദേശിച്ചു കൊണ്ട് പറഞ്ഞു എന്റെ സമയം ആസന്നമായിരിക്കുകയാണ്. ഭാവിയിൽ നിനക്കു എന്തെങ്കിലും ആവശ്യം നേരിടുകയോ വിഷമങ്ങൾ ഉണ്ടാവുകയോ ചെയ്താൽ അല്ലാഹുവിനോടു ഇങ്ങനെ ദുആ ചെയ്യുക. ഏയ് നൂറുദ്ദീൻ കാ ഖുദാ (അല്ലയോ നൂറുദ്ദീന്റെ ദൈവമേ) നീ എപ്രകാരം നൂറുദ്ദീന്റെ ആവശ്യങ്ങൾ പൂർത്തിയാക്കിയിരുന്നുവോ അതു പോലെ നീ എന്നെയും സഹായിക്കേണമേ എന്റെ വിഷമങ്ങൾ അകറ്റേണമേ. ഇത്തരത്തിൽ അല്ലാഹു നിന്റെ ആവശ്യങ്ങൾ പൂർത്തിയാക്കുമെന്നു തന്നേയാണു എന്റെ ഉത്തമ വിശ്വാസം. അപ്പോഴേക്കും ശബ്ദം ഇടറിയിരുന്നു. ഈ കാര്യം ഹുസൂർ തന്റെ ശിഷ്യരോടും മറ്റ് സഹായികളോടും എപ്പോഴും പറയാറുണ്ടായിരുന്നു

## ഖുർആനോടുള്ള സ്നേഹവും ആദരവും

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വലി (റ) ന്റെ ജീവിതത്തിലെ ഏറ്റവും ഉന്നതവും ഉൽകൃഷ്ടവുമായ സ്വഭാവഗുണങ്ങളിലൊന്നാണു മുകളിൽ ചുരുക്കി വിവരിച്ച അല്ലാഹുവിലുള്ള അദ്ദേഹത്തിന്റെ അനന്യ സാധാരണമായ തവക്കുൽ. ഹുസൂറിന്റെ ജീവിതത്തിലെ രണ്ടാമത്തെ ഉൽകൃഷ്ട സ്വഭാവമാണു ഖുർആനോടുള്ള അദമ്യവും നിസ്തുല്യവും അതിരുകളില്ലാത്തതുമായ സ്നേഹവും ആദരവും.

അദ്ദേഹത്തിന്റെ തീവ്രമായ ആവികാരത്തെ അതേ അളവിൽ പൂർണമായും നീതിപൂർവം എഴുത്തിലൂടെ വെളിപ്പെടുത്താൻ കഴിവുള്ള തൂലികയില്ല എന്നുതന്നെ പറയാം. ആ പുണ്യാത്മാവ് പല പല അവസരങ്ങളിൽ ഖുർആനെ കുറിച്ചു അങ്ങേയറ്റം വൈകാരികമായി പ്രസ്താവിച്ച അതേ വാക്കുകളിലൂടെ അതു പ്രകടിപ്പിക്കാനാണു ഞാൻ ശ്രമിക്കുന്നത്. ആ പുണ്യാത്മാവ് അരുൾ ചെയ്യുകയാണ്. എനിക്കു ലോകത്തു ഖുർആനേക്കാൾ പ്രിയപ്പെട്ട ഒരു വസ്തുവും ഇല്ല. ഞാൻ വായിച്ച ആയിരക്കണക്കിനു ഗ്രന്ഥങ്ങളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടതു അല്ലാഹുവിന്റെ ഈ ഗ്രന്ഥം തന്നേയാണ്. ഞാൻ മറ്റു ഗ്രന്ഥങ്ങൾ ധാരാളമായി വായിച്ചിട്ടുണ്ട്. അതെല്ലാമെനിക്കു ഖുർആനേക്കാൾ പ്രിയപ്പെട്ടതു കൊണ്ടല്ല മറിച്ചു ഖുർആനെ മനസ്സിലാക്കാൻ അതൊക്കെ സഹായികളായിത്തീരാം എന്ന ഉദ്ദേശ്യത്തിലും വികാരത്തിലുമാണ് വായിച്ചത്. എനിക്കു ഖുർആൻ മജീദിനോടുള്ള പ്രേമവും പ്രതിപത്തിയും എത്രയാണെന്നു പറയുവാൻ എനിക്കാവുകയില്ല. ഖുർആൻ വചനങ്ങളിലെ അക്ഷരങ്ങളോടു പോലും എനിക്കു അടങ്ങാത്ത പ്രേമമാണ്. എന്റെ ഹൃത്തടത്തിൽ ഖുർആൻ എന്ന ഒരു പൂങ്കാവനമുണ്ട്. എന്റെ അധരങ്ങളിലൂടെ ഖുർആൻ എന്ന അരുവിയാണു ഒഴുകുന്നത്. ഞാൻ ചിലപ്പോൾ ഖുർആനിലടങ്ങിയിരിക്കുന്ന അഗാധജ്ഞാനങ്ങളും അല്ലാഹുവിനെ കുറിച്ചുള്ള അറിവുകളും കണ്ട് അത്ഭുതപരതന്ത്രനാകാറുണ്ട്.

ഖുർആൻ എന്റെ ആഹാരമാണു. എന്റെ സന്തോഷത്തിന്റേയും സമാധാനത്തിന്റേയും യഥാർഥ ഉപാധിയാണത്. ഒരു ദിവസം ഖുർആൻ പല രീതിയിൽ അനവരതം പാരായണം ചെയ്യാത്തിടത്തോളം എനിക്കു മന:സംതൃപ്തിയും ശാന്തിയും ലഭിക്കാറില്ല. കുട്ടിക്കാലം മുതൽ ഖുർആനെകുറിച്ചു ചിന്തിക്കുന്ന ഒരു ഹൃദയം അല്ലാഹു എനിക്കു നൽകിയിട്ടുണ്ട്. ഞാൻ ദീർഘനേരം ഖുർആനിൽ വിവരിക്കപ്പെട്ട തത്ത്വജ്ഞാനങ്ങളെ സംബന്ധിച്ചും അതിന്റെ മഹത്വങ്ങളെ കുറിച്ചും വിചിന്തനം ചെയ്യാറുണ്ട്.

ഖുർആൻ മജീദിനോടു എനിക്കു പ്രേമമാണു. അടങ്ങാത്ത സ്നേഹവും മോഹവുമാണു. അതെന്റെ ഭക്ഷണവും ഭോജനവുമാണ്. ക്ഷീണിക്കുകയും ബലഹീനനാവുകയും ചെയ്യുമ്പോൾ ഖുർആൻ പാരായണത്തിലൂടെ ഞാൻ ഊർജ്ജവും ശക്തിയും ആരോഗ്യവും വീണ്ടെടുക്കാറുണ്ട്. ഞാൻ ഖുർആൻ ധാരാളമായി പാരായണം ചെയ്യുകയും പഠിക്കുകയും ചെയ്തിട്ടുണ്ട്. ചെയ്യാറുണ്ട്. ദിവസത്തിന്റെ ഇരുപത്തിനാലു മണിക്കൂറിൽ ഒരു പ്രാവശ്യമെങ്കിലും ഖുർആൻ സ്വന്തമായി പാരായണം ചെയ്യാതിരുന്നാൽ, അതു പോലെ മറ്റുള്ളവരെ പഠിപ്പിക്കാതിരുന്നാൽ എനിക്കു മനസ്സമാധാനം ലഭിക്കുകയില്ല. ഉറങ്ങുന്നതിനു മുമ്പ് മകൻ അബ്ദുൽ ഹൈയ് വന്നു ഖുർആന്റെ അര ജുസു എന്നെ ഓതി കേൾപിച്ചില്ലെങ്കിൽ ഞാനവനു ഒരു വിലയും കൽപിക്കുകയില്ല. ചുരുക്കത്തിൽ ഖുർആനില്ലാത്ത അവസ്ഥയിൽ ഒരു നിമിഷം പോലും എനിക്കു ജീവൻ നിലനിർത്താനാവുകയില്ല. അതെന്റെ ആഹാരമാണു ഊർജ്ജമാണ്. ജീവൻ നിലനിർത്താനുള്ള

ഉപാധിയാണ്.

ഒരിക്കൽ മൗലവി സാഹിബ് അരുൾ ചെയ്തു മരണശേഷം എനിക്കു അല്ലാഹു സ്വർഗവും മറ്റു പരലോകാനുഗ്രഹങ്ങളും നൽകിയ നുഗ്രഹിച്ചാലും ഞാൻ അല്ലാഹു വിനോടു ഖുർആൻ ആവശ്യപ്പെടും. എന്നിട്ടു ഞാൻ ഹശ്റിലെ മൈതാനത്തു ഖുർആൻ പാരായണം ചെയ്യുകയും മറ്റുള്ളവരെ ഓതി കേൾപിക്കുകയും പഠിപ്പിക്കുകയും ചെയ്യും. മുകളിൽ ചേർത്ത വാക്കുകളും പ്രസ്താവനകളും എല്ലാം തന്നെ ഖുർആനോടുള്ള ഹുസൂറിന്റെ അങ്ങേയറ്റത്തെ ആത്മാർഥ സ്നേഹത്തിന്റേയും പ്രേമത്തിന്റേയും മോഹത്തിന്റേയും പ്രതിഫലനമാണു കാണിക്കുന്നത്. ഇതിനെ പൊള്ളയായ വാചക കസർത്തുകളായി ആരും ധരിക്കുകയില്ല. കാരണം ഈ വാക്കുകളെ അന്വർഥമാക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന നൂറുക്കണക്കിനല്ല ആയിരക്കണക്കിനു സംഭവങ്ങൾ ഹുസൂറിന്റെ ജീവിതത്തിലുടനീളം നമുക്ക് കാണുവാൻ സാധിക്കും.

ഖാദിയാനിൽ വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന ഖുർആൻ ദറസിനായി ഒരിക്കൽ ഹുസൂർ മസ്ജിദ് അഖ്സയിലേയ്ക്കു പോവുകയായിരുന്നു. വഴിയിൽ ഗുലാം റസൂൽ സാഹിബ് പഠാന്റെ കടയുടെ അടുത്തെത്തിയപ്പോൾ ഒരാൾ വന്നിട്ടു പറഞ്ഞു ഹുസൂർ സൂഫി ഗുലാം മുഹമ്മദ് സാഹിബ് ബി.എ. ഖുർആൻ മന:പ്പാഠം പൂർത്തിയാക്കിയിരിക്കുന്നു. ഹുസൂർ സന്തോഷാധിക്യത്താൽ കടയുടെ തിണ്ണയിൽ സജദ ശുക്ർ ചെയ്തു.

ഹദ്റത്ത് സഫറുല്ലാഹ് ഖാൻ സാഹിബി (റ)ന്റെ പിതാവ് ഹദ്റത്ത് നസുല്ലാഹ് ഖാൻ സാഹിബ് (റ) ഖുർആൻ ഹൃദിസ്ഥമാക്കിയത് ബാറിൽ പ്രാക്റ്റീസ് ചെയ്യുന്ന അവസരത്തിലായിരുന്നു. ഈ സന്തോഷ വാർത്ത അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനെ അറിയിച്ചപ്പോൾ ഹുസൂർ വളരെയേറെ സന്തോഷം പ്രകടിപ്പിക്കുകയും അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്തു. എന്നിട്ട് അവിടെ കൂടിയിരുന്നവരോടു പറഞ്ഞു നോക്കൂ, നസ്റുല്ലാഹ് ഖാൻ, നൂറുദ്ദീനെ എത്ര കണ്ടാണു സ്നേഹിക്കുന്നതെന്നു മനസ്സിലായില്ലേ? നൂറുദ്ദീൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന, ഇഷ്ടപ്പെടുന്ന, തന്റെ എല്ലാമെല്ലാമെന്നു കരുതുന്ന പ്രിയപ്പെട്ട ഖുർആൻ മന:പ്പാഠമാക്കിയിരിക്കുന്നു. അതിലൂടെ അദ്ദേഹം നൂറുദ്ദീന്റെ സ്നേഹത്തിനു പാത്രമാവുകയും അദ്ദേഹത്തോടുള്ള എന്റെ സ്നേഹവും പ്രിയവും നസ്റുല്ലാഹ് ഖാൻ ഉറപ്പുവരുത്തുകയും ചെയ്തിരിക്കുന്നു.

മറ്റൊരിക്കൽ പള്ളിയിൽ മൗലവി സാഹിബ് ദറസിനായി എഴുന്നേറ്റു നിന്നു. അന്നു ആ ദറസിൽ ഖുർആൻ ഓതിപ്പൂർത്തിയാകുമായിരുന്നു. ആ സുദിനത്തിൽ സന്തോഷ സൂചകമായി എല്ലാവർക്കും വിതരണം ചെയ്യുവാനായി കരുതിയിരുന്ന മിഠായിയുടെ ഒരു വലിയ പാക്കറ്റ് മുന്നിൽ തന്നെ വച്ചിട്ടുണ്ടായിരുന്നു. അതു കണ്ടപ്പോൾ മൗലവി സാഹിബ് പറഞ്ഞു ഈ മിഠായി ഇവിടെ നിന്നു എടുത്തു മാറ്റു. എന്നിട്ടു പറഞ്ഞു നിങ്ങൾക്കു ഖുർആൻ ഓതിപ്പൂർത്തിയാക്കിയതിന്റെ സന്തോഷമാണല്ലേ? നൂറുദ്ദീനു ദു:ഖവും ആശങ്കയുമാണുള്ളത്. ജീവിതത്തിൽ ഇനിയും ഖുർആൻ ഓതിപ്പൂർത്തിയാകാനുള്ള അവസരം ലഭിക്കുമോ എന്ന ആശങ്ക.

ഹുസൂർ രോഗിയായാലും ശക്തമായ പനിപിടിച്ചു കിടന്നാലും ഖുർആൻ ദറസ് ഒഴിവാക്കിയിരുന്നില്ല. ഒരിക്കൽ മസ്ജിദ് അഖ്സയിൽ ഖുർആൻ ദറസിന്റെ അവസരത്തിൽ ഹുസൂറിനു വളരെയധികം ബലഹീനത അനുഭവപ്പെടുകയും കൈ കാലുകൾ തളരുകയും തണുക്കുകയും ചെയ്തു. നടക്കാൻ പോയിട്ടു നിൽക്കാൻ പോലുമുള്ള ശക്തിയില്ലാതായി. സഹോദരന്മാർ കട്ടിൽ കൊണ്ടു വന്നു ഹുസൂറിനെ അതിൽ കിടത്തി വീട്ടിലേയ്ക്കു കൊണ്ടു പോകാൻ തുടങ്ങി. മസ്ജിദ് മുബാറക്കിന്റെ അടുത്തെത്തിയപ്പോൾ ഹുസൂർ പറഞ്ഞു എന്നെ വീട്ടിൽ കൊണ്ടു പോകരുത് മസ്ജിദ് മുബാറക്കിൽ കൊണ്ടു പോയാൽ മതി. അങ്ങനെ എല്ലാവരും താങ്ങിയെടുത്ത് മസ്ജിദ് മുബാറക്കിന്റെ (മച്ചിന്റെ) മുകളിൽ തുറസ്സായ സ്ഥലത്തു എത്തിച്ചു. അവിടന്നു മഗ്രിബ് നമസ്ക്കാര ശേഷം ഖുർആൻ ഒരു റുക്കൂയിന്റെ ദറസ് നൽകിയ ശേഷം മാത്രമാണു ഹുസൂർ തന്നെ വീട്ടിലെത്തിക്കാൻ സമ്മതിച്ചുള്ളു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വളരെ പ്രധാന ശിഷ്യരിൽ ഒരാളായ ഹദ്റത്ത് റോശൻ അലി സാഹിബ് വിവരിക്കുകയാണ്. വസീറാബാദിൽ ഞാനെന്റെ മാതൃ സഹോദരനായ ഹാഫിസ് ഗുലാം റസൂൽ സാഹിബിന്റെ മേൽനോട്ടത്തിൽ ഖുർആൻ ഹൃദിസ്ഥമാക്കിക്കൊണ്ടിരുന്ന ആ കാലത്തൊരിക്കൽ ഞാനൊരു സ്വപ്നം കണ്ടു. വളരെ അഭിവന്ദ്യനും ആദരണീയനുമായ ഒരു വ്യക്തി ഒരു കപ്പ് പാലുമായി എന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു ഇതു കുടിച്ചോളൂ. ഞാനാ കപ്പു വാങ്ങി അതിന്റെ വലിയ ഭാഗം കുടിച്ചു. കപ്പ് തിരിച്ചു കൊടുത്തപ്പോൾ ആ വ്യക്തി പറഞ്ഞു ഇനിയും കുടിക്കൂ. ഞാൻ വീണ്ടും കുടിച്ചു. എനിക്കാ കാലത്തു ആ സ്വപ്നത്തിന്റെ അർഥം മനസ്സിലായിട്ടില്ലായിരുന്നു. പിന്നീട് ഖാദിയാനിൽ വന്നപ്പോൾ ഞാൻ സ്പനത്തിൽ കണ്ട ആദരണീയനായ ആ വ്യക്തി ഹദ്റത്ത് ഖലീഫത്തുൽ മസീഹാണെന്നു ഞാൻ തിരിച്ചറിഞ്ഞു. ചില സമയങ്ങളിൽ രാത്രി മുഴുവനും അദ്ദേഹം എന്നെ ഖുർആൻ പഠിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിനു അൽപം പോലും ക്ഷീണമോ മുഷിപ്പോ അനുഭവപ്പെട്ടിരുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ)

ശേഷം പേജ് 42 ൽ

ന്റെ ആത്മീയ ശക്തി പ്രഭാവത്താൽ മൗലവി ഹക്കീംനൂറുദ്ദീൻ സാഹിബിനു ഖുർആന്റെ സാധാരണ അറിവുകൾക്കു പുറമെ മറഞ്ഞിരിക്കുന്ന അഗാധ ജ്ഞാനങ്ങളുടെയും വലിയൊരു ഖജനാവ് അല്ലാഹു തഅല നൽകിയിട്ടുണ്ടായിരുന്നു. അതിന്റെ വെളിച്ചത്തിൽ അദ്ദേഹം നടത്തുന്ന ഖുർആൻ ദറസുകൾ തുല്യതയില്ലാത്തവയായിരുന്നു. മൗലവി സാഹിബിന്റെ ദറസിനെ കുറിച്ചു ഖമറുൽ അമ്പിയാ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ എം.എ (റ) പറയുകയാണ്. മസ്ജിദ് അഖസയിൽ മൗലവി സാഹിബ് നടത്തിയിരുന്ന ഖുർആൻ ദറസിൽ ചിലപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉം വന്നിരിക്കാറുണ്ടായിരുന്നു. മൗലവി സാഹിബ് ആ ദറസിൽ ഖുർആന്റെ വളരെ മഹനീയവും ഉന്നതവുമായ തഫ്സീറായിരുന്നു നൽകിയിരുന്നത്. അല്ലാഹുവിന്റെ കാരുണ്യത്തെ വെളിപ്പെടുത്തുന്ന സംഭവങ്ങളുടെ വിശദീകരണം നടത്തുമ്പോൾ ജനങ്ങൾക്കു നന്മയിൽ മുന്നേറാനുള്ള പ്രചോദനവും ഉപദേശവും നൽകിയിരുന്നു. അതുപോലെ അല്ലാഹുവിന്റെ ശിക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവരിക്കുമ്പോൾ ജനഹൃദയങ്ങളിൽ ഭയവും ഭീതിയും ഉണ്ടാക്കാനും ശ്രമിച്ചിരുന്നു. അതു പോലെ മൗലവി സാഹിബിന്റെ ദറസ് എല്ലാ പ്രായക്കാരും ഇഷ്ടപ്പെട്ടിരുന്നു. അഹ്മദിയാജമാഅത്തിന്റെ ഖുർആൻ തഫ്സീറിന്റെ വലിയ ഭാഗം പ്രത്യക്ഷമായോ പരോക്ഷമായോ ഹദ്റത്ത് മൗലവി സാഹിബിന്റെ വ്യാഖ്യാനങ്ങളിലും കണ്ടെത്തലുകളിലും അധിഷ്ടിതമാണെന്നത് തികച്ചും ഒരു യാഥാർഥ്യമാണ്. മൗലവി സാഹിബിന്റെ ദറസ് ഒരു മഹാ സാഗരമാണ്. അതിന്റെ ഒരു ഭാഗത്തു ആഞ്ഞടിക്കുന്ന തിരമാലകളാണുള്ളത് മറ്റൊരു ഭാഗം നിശ്ചലവും അഗാധവുമാണ്. അതിനാൽ തങ്ങളുടെ കഴിവും ശക്തിയുമനുസരിച്ചു ഓരോരുത്തർക്കും അതിൽ നിന്നും ഫലമെടുക്കാൻ സാധിച്ചിരുന്നു. ദറസിന്നിടയിൽ ശ്രോതാക്കളുടെ ചോദ്യങ്ങൾക്കു അദ്ദേഹം എപ്പോഴും പുഞ്ചിരിച്ചു കൊണ്ട് മാത്രമാണു മറുപടി നൽകിയിരുന്നത്. അതുപോലെ ചോദ്യകർത്താക്കളുടെ താൽപര്യവും അഭിരുചിയുമനുസരിച്ചു ചിലപ്പോൾ മൗലവി സാഹിബ് പല തമാശകളും പറയാറുണ്ടായിരുന്നു.

ഹദ്റത്ത് മിർസാ ബഷീർ അഹ്മദ് സാഹിബ് എം.എ (റ) തുടർന്നു പറയുകയാണു ഞാൻ ബി.എയ്ക്കു കോളജിൽ പ്രവേശനം നേടിയ ശേഷം ആ പഠനം തൽക്കാലം നിർത്തി വെക്കുകയും മൗലവി സാഹിബിന്റെ അടുക്കൽ ചെന്നു മുഴുവൻ ഖുർആനും അർഥസഹിതം ചെറിയ തഫ്സീറോടു കൂടി പഠിക്കുകയും ചെയ്തിരുന്നു. പിന്നീട് ഏതാനും മാസങ്ങൾക്കു ശേഷമാണു ബി.എ. പഠനം തുടർന്നത്. മൗലവി സാഹിബിന്റെ ഖുർആൻ ക്ലാസ്സിൽ മറ്റുള്ളവരും ധാരാളമായി പങ്കെടുക്കാറുണ്ടായിരുന്നു. ആലോചിക്കുമ്പോൾതന്നെ മനസ്സിലും ആത്മാവിലും ആയിരമായിരം പൂക്കളും പൂത്തിരികളും വിരിയിച്ചിരുന്ന ആ ക്ലാസ്സുകൾ എപ്പോഴും ഹൃദയങ്ങളെ കുളിരണിയിച്ചിരുന്നു. ആ ആത്മീയ വിരുന്നിന്റെ മനോഹാരിതയും വശ്യതയും പറഞ്ഞറിയിക്കാനാവാത്തതാണ്. മൗലവി സാഹിബിനു ഖുർആനോടുണ്ടായിരുന്ന സ്നേഹവും പ്രതിപത്തിയും അവാചീനമായിരുന്നുവല്ലോ. ഖുർആന്റെ മഹത്വവും മഹനീയതയും മറ്റു മതഗ്രന്ഥങ്ങൾക്കില്ലാത്ത സവിശേഷതയും ആയിരത്തി അഞ്ഞൂറ് വർഷം കടന്നു പോയിട്ടും ഒരു പുള്ളിക്കു പോലും വ്യത്യാസമില്ലാതെ തുടരുന്നതും ഓരോ കാലത്തിന്റേയും ആവശ്യങ്ങൾക്കനുസരിച്ചുള്ള അധ്യാപനങ്ങൾ ഉൾകൊള്ളുന്നതുമായ ആ ദൈവിക ഗ്രന്ഥത്തിന്റെ മഹത്വം എത്ര തന്നെ വിവരിച്ചാലും മൗലവി സാഹിബിനു മതിവരാറില്ല. ആ കാര്യം മറ്റൊരു രീതിയിൽ പറഞ്ഞാൽ കവികൾ തന്റെ പേമഭാജനത്തെ മുന്നിലിരുത്തി പ്രണയിനിയുടെ സൗന്ദര്യവും അംഗലാവണ്യവും വർണിക്കുന്നതു പോലെയായിരുന്നു മൗലവി സാഹിബിന്റെ ഖുർആനെ കുറിച്ചുള്ള വർണന. (തുടരും)

## അല്ലാഹുവിന്റെ കാരുണ്യവും മനുഷ്യന്റെ ദൗർബല്യവും

നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയവരുടെ മാർഗ്ഗങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുവാനും (അതിലേക്ക്) നിങ്ങളെ വഴിനടത്താനും നിങ്ങൾക്ക് കരുണ ചെയ്യുവാനും അല്ലാഹു ഉദ്ദേശിക്കുന്നു. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു. നിങ്ങൾക്ക് കാരുണ്യം ചെയ്യണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. എന്നാൽ നിങ്ങൾ ദുർമാർഗ്ഗത്തിലേക്ക് പൂർണ്ണമായും ചാഞ്ഞുപോകണമെന്നാണ് സേഛകളെ പിന്തുടരുന്നവർ ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് ഭാരത്തെ ലഘൂകരിച്ചു തരുവാൻ അല്ലാഹു ഉദ്ദേശിക്കുന്നു. കാരണം മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. (അന്നിസാഅ്. 4:27,28,29)

# കടംവാങ്ങി മുടിഞ്ഞ ശ്രീലങ്ക

മുസാഫിർ



ഇന്ത്യാമഹാരാജ്യത്തിന്റെ തെക്കെമുനമ്പിൽ ഒരു കണ്ണീർതുള്ളി പോലെ നിൽക്കുന്ന കൊച്ചു ദ്വീപുരാഷ്ട്രമായ ശ്രീലങ്ക കേരളത്തെക്കാൾ കുറഞ്ഞ ജനസംഖ്യയുള്ള ഒരു രാജ്യമാണ്. നമ്മുടെ പല പ്രശ്നങ്ങളുമായി സമാനതകളുള്ളതും എന്നാൽ ചരിത്രത്തിൽ സമാനതകളില്ലാത്ത പ്രതിസന്ധിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന രാജ്യമായി ശ്രീലങ്ക മാറിയിരിക്കുന്നു. ഒരു കാലത്ത് ഗൾഫ് വരുന്നതിന് മുമ്പ് മലയാളികളുടെ പണം വാരുന്ന സ്വപ്ന ഭൂമിയായിരുന്നു സിലോൺ എന്ന് അറിയപ്പെട്ട ശ്രീലങ്ക എന്നും നാം ഓർക്കണം. ആ ശ്രീലങ്കയുടെ സാമ്പത്തിക തകർച്ചയും അരാചകത്വവും ഞെട്ടിപ്പിക്കുന്നതും വേദനാജനകവുമാണ്. വിഭവദൗർലഭ്യം സാമ്പത്തിക പ്രയാസവും അനുഭവിക്കുന്ന പല മൂന്നാംലോക രാജ്യങ്ങൾക്കും ശ്രീലങ്ക ഒരു പാഠപുസ്തകമാണ്. പലിശക്ക് കടം വാങ്ങൽ ഭ്രമം വ്യക്തികളെയെന്ന പോലെ ഒരു രാജ്യത്തെ എങ്ങനെ നശിപ്പിക്കും എന്നതിന്റെ ക്ലാസിക്ക് ഉദാഹരണമാണ് ശ്രീലങ്ക. സാമ്പത്തിക ശാസ്ത്രത്തിലും അതിന്റെ പ്രായോഗിക ബലതന്ത്രങ്ങളിലും വിവരമില്ലാത്തവരും പ്രതിലോമകരമായ അധികാരസ്വപ്നങ്ങൾ വെച്ചു പുലർത്തുന്ന വംശീയവാദികളുമായ ഭരണാധികാരികൾ എടുക്കുന്ന തിരുമണ്ടൻ തീരുമാനങ്ങളും കൂടിയായപ്പോൾ തകർച്ച പൂർണ്ണമാവുന്നു. കടക്കെണിയിലായ ശ്രീലങ്ക ഇപ്പോൾ ഒരു നിസ്വ രാഷ്ട്രവും ജനത ദരിദ്രരുമായി ത്തീർന്നിരിക്കുന്നു. ശ്രീലങ്കൻ പ്രസിഡന്റ് ഗോട്ടഭയ രാജപക്സെയും പ്രധാനമന്ത്രി മഹിന്ദ രാജപക്സെയും വൻ ജനരോഷം അഭിമുഖീകരിക്കുകയാണ്. ലങ്കൻ ജനത ഇന്ത്യയിലേക്ക് ചേക്കേറുമോ എന്ന ഭീതിയിൽ ഇന്ത്യ അതിർത്തിയിൽ ജാഗ്രതപാലിക്കാൻ നിർദ്ദേശിച്ചിരിക്കയാണ്.

പലിശക്ക് കടംവാങ്ങൽ ഭ്രമം, സാമ്പത്തിക അച്ചടക്കമില്ലായ്മ, അശാസ്ത്രീയ ആസൂത്രണം, കോർപറേറ്റ്-വിദേശമൂലധനത്തിന് കീഴ്പ്പെടൽ, സ്വജന പക്ഷപാതം, ജനങ്ങളിൽ വർഗ്ഗീയഭ്രാന്തും വംശീയതയും സൃഷ്ടിക്കൽ എന്നിങ്ങനെ ശ്രീലങ്ക അനുവർത്തിച്ച നാശത്തിന്റെ വഴികൾ നിരവധിയാണ്. നമ്മുടെ മറ്റൊരു അയൽ രാജ്യമായ പാകിസ്താനും സമാനഗതി ആസന്നമാണെന്ന സൂചന വന്നു കഴിഞ്ഞു. ഇപ്പോൾ അറബ് രാജ്യങ്ങളുടെ ഉദാരമായ സംഭാവനകളാണ് അവരെ രക്ഷിച്ചു നിർത്തുന്നത്.

2.2 കോടി ജനസംഖ്യയുള്ള ശ്രീലങ്ക ഭക്ഷ്യക്ഷാമം ഇന്ധന ക്ഷാമം, മരുന്ന് ക്ഷാമം, വൈദ്യുതി ക്ഷാമം തുടങ്ങിയ സകല ക്ഷാമങ്ങളുടെയും കൊടിയ വറുതിയിൽ പൊറുതിമുട്ടുകയാണ്. 2022 ഏപ്രിൽ മാസത്തെ വിലനിലവാരം ഒരു ചായക്ക് 100 രൂപയും (ഇന്ത്യൻ രൂപ 27) വെളിച്ചെണ്ണക്ക് കിലോക്ക് 1400



പ്രസിഡന്റ് ഗോട്ടഭയ രാജപക്സെ

രൂപ, മൂട്ടക്ക് 33, പാൽ 1 ലി. 275, അരി കിലോക്ക് 200–240 രൂപ, ഇറച്ചി 1,261 രൂപ നിത്യോപയോഗ സാധനങ്ങളുടെ വില പ്രകാശവേഗത്തിൽ കുതിക്കുകയാണ്. ഒരു ഡോളറിന് ശ്രീലങ്കൻ രൂപയുമായുള്ള വിനിമയ നിരക്ക് ഏകദേശം 300 രൂപക്ക് മുകളിലാണ്. ഗവൺമെന്റിന്റെ കൈയ്യിൽ പണമില്ലാതായപ്പോൾ ലങ്കൻ കേന്ദ്ര ബാങ്ക് 1.20 ലക്ഷം കോടി രൂപ മൂല്യമുള്ള പുതിയ നോട്ടുകൾ അടിച്ചിറക്കിയതും (ഇന്ത്യൻ നിരക്കിൽ 26,000 കോടി രൂപ). വിദേശ നാണ്യം ആകർഷിക്കാൻ രാജ്യത്തെ ശ്രീലങ്കൻ രൂപയുടെ മൂല്യം 15% കുറച്ചതും പണപ്പെരുപ്പത്തെ കൂടുതൽ ഗുരുതരമാക്കി. ശ്രീലങ്ക ഇക്കൊല്ലം മാത്രം തിരിച്ചടക്കേണ്ടത് 690 കോടി ഡോളറാണ് (ഏകദേശം 52,633 കോടി ഇന്ത്യൻ രൂപ). എന്നാൽ അവരുടെ പക്കൽ ശരാശരി 200 കോടി ഡോളർ (15,256 കോടി ഇന്ത്യൻ രൂപ) മാത്രമാണ് വിദേശനാണ്യ കരുതൽ ശേഖരമുള്ളത്. ഒരു പരമാധികാര രാജ്യം അതിന്റെ കടബാദ്ധ്യത തിരിച്ചടക്കുന്നതിൽ പരാജയപ്പെടുകയോ തിരിച്ചടവ് നിരാകരിക്കുയോ ചെയ്യുന്ന അവസ്ഥയാണ് പരമാധികാര കടബാദ്ധ്യതാ വീഴ്ച്ച (Sovereign Default) എന്ന് പറയുക. ആ അവസ്ഥയിലാണ് ഇപ്പോൾ ശ്രീലങ്ക. അതായത് അവർ അന്താരാഷ്ട്രാ വേദിയിൽ പാപ്പർ സ്യൂട്ടായിരിക്കുന്നു. അന്താരാഷ്ട്രാ നാണയ നിധി (IMF) യിൽ നിന്നുമാണ് ശ്രീലങ്ക വായ്പ വാങ്ങിക്കൊണ്ടിരുന്നത്. ഇന്നും അവരുടെ കടബാദ്ധ്യത കൂടുതലുള്ളത് IMFനാണ്. നിരവധി ഉപാധികളും നിയമങ്ങളും പാലിക്കേണ്ടിവരുമെന്നതിനാൽ IMF യിൽ നിന്നും കടമെടുക്കാൻ അഴിമതിക്കാരായ ഭരണാധികാരികൾക്ക് മടിയാണ്. ശ്രീലങ്കക്ക് മുന്നിൽ ഇനി ഐ എം എഫ് മാത്രമാണ് ഒരു പോം വഴി. ഇപ്പോൾ ദേശീയ വരുമാനത്തിന്റെ 101 ശതമാനമാണ് വിദേശക്കടം പെരുകിയത്!! ശ്രീലങ്കക്ക് ഈ കടങ്ങളെല്ലാം ഉദാരമായി കൊടുത്തിരുന്നത് ചൈനയിലെ എക്സിം ബാങ്കുകളായിരുന്നു. (എക്സ്പോർട്ട് - ഇംമ്പോർട്ട് ബാങ്കുകൾ). അതുകൊണ്ടാണ് ജനങ്ങളുടെ കണ്ണഞ്ചിക്കുമാറ് തലങ്ങും വിലങ്ങും എക്പ്രസ്സ് ഹൈവേകൾ, പടുകൂറ്റൻ കെട്ടിടങ്ങൾ, സീ പോർട്ടുകൾ, എയർപോർട്ടുകൾ, സ്റ്റേഡിയങ്ങൾ, ബൊട്ടാണിക്കൽ ഗാർഡൻ, കോൺഫറൻസ് സെന്റർ മുതലായ അതിശയിപ്പിക്കുന്ന നിർമിതികൾ പണിതത്. അതൊന്നുംതന്നെ ലാഭകരമല്ലാത്ത മുതൽമുടക്കുകളായിരുന്നു. ചൈനീസ് വായ്പ്പയിലെ കാണാചരടുകൾ ആർത്തിപണ്ടാരങ്ങളായ ഭരണാധികാരികൾ അവഗണിച്ചതിൽ അത്ഭുതമില്ല. ലങ്കയുടെ തെക്കുകിഴക്ക് ഭാഗത്ത് ഇന്ത്യാ സമുദ്ര തീരത്തുള്ള ഹംബൻതോട്ടയിൽ ചൈന ഒരു പടുകൂറ്റൻ തുറമുഖം നിർമ്മിക്കുകയുണ്ടായി. രാജപക്സേ കുടുബത്തിന്റെ സ്വകാര്യസ്ഥലത്താണ് തുറമുഖം നിർമ്മിച്ചത്. 2017 ൽ ഈ തുറമുഖം വൻ നഷ്ടത്തിലായതിനെ തുടർന്ന് 99 വർഷത്തേക്ക് ചൈനക്ക് പാട്ടത്തിന് നൽകിയിരിക്കയാണ്. ലോകത്തിലെ ഏറ്റവും തിരക്കേറിയ കപ്പൽ പാതയുടെ നിയന്ത്രണമാണ് കടം തേടി നടന്ന ശ്രീലങ്കയിൽ നിന്നും എളുപ്പത്തിൽ ചൈന സ്വന്തമാക്കി



പ്രധാനമന്ത്രി മഹിന്ദ രാജപക്സെ

യത്. ഭാവിയിൽ ഇത് ചൈന സൈനികത്താവളമാക്കുമോ എന്ന ഭീതിയിലാണ് അമേരിക്കയും ഇന്ത്യയും ജപ്പാനും.

ഏഷ്യാ യൂറോപ്പ് ആഫ്രിക്കാ ഭൂഖണ്ഡങ്ങളെ യോജിപ്പിച്ചുകൊണ്ട് പൗരാണിക കാലത്ത് നിലനിന്നിരുന്ന വ്യാപാരപാതയായ വൺ ബെൽട്ട് വൺ റോഡ് (One Belt One Road). നിക്ഷേപ പദ്ധതിയുടെ ഭാഗമായുള്ള ഒരു വൻ ആഗോള റോഡ് ശൃംഖലയാണ് വൺബെൽട്ട് വൺറോഡ്. ചൈനീസ് ആധിപത്യം ലോകത്ത് ഉറപ്പിക്കാനുള്ള ഒരു പദ്ധതിയാണ് ഇതെന്ന ആരോപണവുമുണ്ട്. അതിന്റെ ഭാഗമായുള്ള ചൈന പാകിസ്താൻ സാമ്പത്തിക ഇടനാഴിയിലെ തെക്കുപടിഞ്ഞാറൻ പാക് സംസ്ഥാനമായ ബലൂചിസ്ഥാനിൽ നിർമ്മിച്ച തുറമുഖമാണ് ഗ്വാദർ. 40 വർഷത്തേക്കാണ് ചൈനീസ് ഓവർസീസ് ഹോൾഡിംങ്ങ് കമ്പനിക്ക് പാകിസ്താൻ ഈ തുറമുഖം കൈമാറിയത്. ഗ്വാദർ പാകിസ്താന്റെ ഹംബൻതോട്ടയാണ്!!. ഇതും ഇന്ത്യക്ക് സുരക്ഷാ ഭീഷണിയാണെന്ന് പറയപ്പെടുന്നു. ദരിദ്ര രാജ്യങ്ങൾക്ക് പണം കടം നൽകി അധമർണ രാജ്യത്തിന്റെ ഭൂമി സ്വന്തമാക്കുന്ന ഈ ചൈനീസ് നയം ചൈനീസ് കടക്കെണി നയതന്ത്രം (Debt-trap diplomacy)

എന്ന പേരിൽ പലപ്പോഴും വിമർശിക്കപ്പെട്ടിട്ടുള്ളതാണ്. ചൈനീസ് മേധാവിത്വം ലോകത്ത് ഉറപ്പിക്കാനുള്ള പദ്ധതിയാണ് ഇതെന്നാണ് അമേരിക്കൻ ആക്ഷേപം. അമേരിക്കയിൽ നിന്ന് പണം കിട്ടാതായപ്പോൾ പാകിസ്താനും ഇത് പോലെ ചൈനയിൽ നിന്നും കടം വാങ്ങികൂട്ടിയിട്ടുണ്ട്. കടം കൊടുക്കുന്ന ചൈനയേക്കാൾ സ്വന്തം താൽപര്യങ്ങൾ പണയപ്പെടുത്തി പലിശക്ക് കടം ഇരന്നു വാങ്ങുന്ന രാജ്യങ്ങളാണ് ഇക്കാര്യത്തിൽ ഏറെ അപരാധി.

2020 ൽ നടന്ന തിരഞ്ഞെടുപ്പിൽ 225 അംഗ പാർലമെന്റിൽ 145 സീറ്റുകളും സ്വന്തമാക്കിയാണ് രാജപക്സെ കുടുംബപാർട്ടിയായ ശ്രീലങ്ക പൊതുജന പേരമുന അടങ്ങുന്ന പീപ്പിൾസ് ഫ്രീഡം അലയൻസ് മുന്നണി അധികാരത്തിൽ വന്നത്. ഗോബട്ടയ രാജപക്സെ പ്രസിഡണ്ട്, മറ്റു സഹോദരന്മാരായ മഹീന്ദ് രാജപക്സെ പ്രധാന മന്ത്രി, ബേസിൽ രാജപക്സെ ധനമന്ത്രി, ചമൽ രാജപക്സെ ജലസേചന മന്ത്രി, മഹിന്ദയുടെ മകൻ നമൽ രാജപക്സെ ടൂറിസം മന്ത്രി എന്നിങ്ങനെ 26 അംഗ മന്ത്രി സഭയിൽ രാജപക്സെ കുടുബാധിപത്യം പ്രകടമായിരുന്നു. ഇപ്പോഴത്തെ പ്രതിസന്ധിയിൽ ജനരോഷം സഹിക്കവയ്യാതായപ്പോൾ ഘടകകക്ഷികൾ മന്ത്രിസഭക്ക് പിന്തുണ പിൻവലിക്കുകയും മന്ത്രിമാർ രാജിവെക്കുകയും ചെയ്തിരിക്കുന്നു. പ്രതിപക്ഷത്തെ കൂടി ഉൾപ്പെടുത്തി മന്ത്രി സഭരൂപീകരിക്കാൻ ശ്രമിച്ചെങ്കിലും പ്രതിപക്ഷം ഗോബട്ടെയുടെ രാജികൊണ്ടല്ലാതെ പ്രശ്നം അവസാനിക്കില്ല എന്ന നിലപാട് സ്വീകരിച്ച് പ്രക്ഷോഭത്തിന്റെ മാർഗ്ഗത്തിലാണ്.


ഏറെക്കുറെ പൂർണ്ണമായും ഇറക്കുമതി സമ്പദ് വ്യവസ്ഥയാണ് ശ്രീലങ്കയുടെത്. ബ്രിട്ടീഷ് ഭരണകാലത്ത് നിലവിൽവന്ന തേയില, കാപ്പി, റബ്ബർ മുതലായ തോട്ടവിളകളാണ് അവരുടെ വിദേശ നാണ്യം ലഭിക്കുന്ന മുഖ്യമായ കാർഷിക കയറ്റുമതി ഉൽപന്നങ്ങൾ. രാസവള ഇറക്കുമതി നിരോധിച്ച് രാജ്യത്തെ ജൈവകൃഷിയിലേക്ക് തിരിയാൻ തീരുമാനിച്ച പ്രസിഡന്റാണ് ധാന്യവിളകളെ കൂടി ബാധിക്കുന്ന ഭക്ഷ്യക്ഷാമം ഉണ്ടാക്കിയത്. രാസവളം ഇറക്കുമതി നിരോധിക്കുന്നത് വഴി വിദേശനാണ്യം ലാഭിച്ച് ജൈവകൃഷി ഉത്പന്നങ്ങൾ കയറ്റുമതി ചെയ്ത് അവ വർദ്ധിപ്പിക്കാമെന്ന മലർപ്പൊടിക്കാരന്റെ മണ്ടൻ സ്വപ്നമാണ് ലങ്കയെ കെണിയിലകപ്പെടുത്തിയത്. രാസവള നിരോധനം ഭക്ഷ്യോത്പാദനത്തെ ഗുരുതരമായി ബാധിച്ചു. ഉദ്പാദനം കുത്തനെ കുറഞ്ഞു. ഭക്ഷ്യക്ഷാമം രൂക്ഷമായി. അതോടൊപ്പം കോവിഡ് മഹാമാരിയുടെ താണ്ഡവം ടൂറിസം മുഖ്യവരുമാനങ്ങളിലൊന്നായ ശ്രീലങ്കയെ മാരകമായി ബാധിക്കുകയായിരുന്നു.

സാമ്പത്തിക പ്രതിസന്ധി പൊടുന്നനെ ഉണ്ടായ ഒരു പ്രതിഭാസമല്ല. നിരവധി പ്രതിലോമകരവും ജനാധിപത്യവിരുദ്ധവുമായ പ്രവണതകൾ ശ്രീലങ്കൻ ഭരണകൂടം അനുവർത്തിക്കുകയുണ്ടായി. അതിൽ മുഖ്യമായതാണ് സിംഹള-ബുദ്ധിസ്റ്റ് ദേശീയ തീവ്രവാദം. അതിന്റെ ഭാഗമായി മൂന്ന് പതിറ്റാണ്ടുകൾ ദീർഘിച്ച തമിഴ്പുലികളുമായുള്ള ആഭ്യന്തര സംഘർഷമായിരുന്നു ശ്രീലങ്ക അഭിമുഖീകരിച്ചിരുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം 2009 ൽ നടത്തിയ ശക്തമായ സൈനിക നീക്കത്തിലൂടെ വിമതരായ തമിഴരുടെ ഭാഗത്ത് നിന്ന് ആഭ്യന്തരയുദ്ധം നയിച്ച എൽ ടി ടിയെ ഏതാണ്ട് അവസാനിപ്പിക്കാൻ ഭരണകൂടത്തിന് കഴിഞ്ഞു. അതിന് ശേഷം വികസന കുതിപ്പിലേക്ക് ശ്രീലങ്ക നയിക്കപ്പെടുമെന്നായിരുന്നു പലരും ധരിച്ചിരുന്നത്. ബുദ്ധമത വിശ്വാസികളായ സിംഹളദേശീയത പിന്നീട് 9 ശതമാനം വരുന്ന മുസ്ലികൾക്കെതിരെ തിരിഞ്ഞു. അത് ഇസ്ലാമോഫോബിയയായി മാറി. ഹലാൽ ഭക്ഷണത്തിനെതിരെ രൂക്ഷമായ സമരമാണ് അതിന് ശേഷം ബുദ്ധമതാനുയായികൾ അവിടെ നടത്തിയത്. പശുതങ്ങളുടെ വിശുദ്ധ മൃഗമാണെന്ന് പറഞ്ഞു ബുദ്ധിസ്റ്റുകൾ മാംസാഹാരത്തിനെതിരെ പ്രക്ഷോഭമാരംഭിച്ചു. ഹിജാബ് നിരോധമായിരുന്നു അടുത്തത്. 2021 മാർച്ചിൽ ലങ്കയുടെ സുരക്ഷാ മന്ത്രി സരത് വീരശേഖര ബുർക്ക മതതീവ്രവാദത്തിന്റെ അടയാളമായതിനാൽ നിരോധിക്കണമെന്ന് പറഞ്ഞു. പിന്നീട് മാറ്റി പറഞ്ഞെങ്കിലും ഇത്തരം ഇസ്ലാം-മുസ്ലിം വിരുദ്ധ വിദ്വേഷ പ്രസംഗങ്ങൾ പതിവായിരുന്നു. ഈ വർഗ്ഗിയ ലഹരിയിൽ വിലക്കയറ്റമോ കടക്കെണിയോ തൊഴിലില്ലായ്മയോ അവർക്ക് ഒരു പ്രശ്നമല്ലായിരുന്നു. ഇതിന്റെ പ്രതികരണമെന്നോണം 2019 ൽ മുസ്ലിം മത ഭീകരവാദികൾ ഈസ്റ്റർ ദിനത്തിൽ ബോംബ് സ്ഫോടനം നടത്തിയായിരുന്നു ഇതിനോട് പ്രതികരിച്ചത്. ഈ സ്ഫോടനവും കോവിഡും ശ്രീലങ്കൻ ടൂറിസത്തിന്റെയും സാമ്പത്തിക മേഖലയുടെയും നട്ടെല്ല് തകർത്തു. അത് ഇപ്പോൾ രാജ്യം സ്വയം പാപ്പരായി പ്രഖ്യാപിക്കുന്ന അവസ്ഥയിലെത്തിയിരിക്കുന്നു.

രാജ്യവികസനത്തിന് കർശനമായ അച്ചടക്കം പാലിച്ചുകൊണ്ടുള്ള കഠിനമായ പ്രയത്നമാണ് ആവശ്യം. ദുർവ്യയം ഒഴിവാക്കിക്കൊണ്ടുള്ള അഴിമതിരഹിതമായ സൽഭരണമാണ് അടിസ്ഥാനപരമായി രാജ്യത്ത് ക്ഷേമം കൊണ്ടുവരിക. നല്ല ജനങ്ങൾക്കും നല്ല സമൂഹത്തിനും മാത്രമേ നല്ല ഭരണാധികാരികളെ തിരഞ്ഞെടുക്കാനാവൂ. ഇതൊരു സാർവ്വത്രിക ലോകതത്വമാണ്. പലിശ ധനം ഒരിക്കലും ദീർഘകാലാടിസ്ഥാനത്തിൽ വികസനം കൊണ്ട് വരില്ല. വികസ്വര രാജ്യങ്ങളെ സഹായിക്കുന്ന രീതിയിലുള്ള പങ്കാളിത്ത മൂലധനമായിരിക്കണം വികസിത രാജ്യങ്ങൾ കടമായി നൽകേണ്ടത്.

**ശേഷം പേജ് 42 ൽ**

# പി പി ഇബ്രാഹിം കുട്ടി സാഹിബ്



കോഴിക്കോട്: പഴങ്ങാടി സ്വദേശി പി പി ഇബ്രാഹിം കുട്ടി 2021 ഏപ്രിൽ 14 ന് വഫാത്തായി. (ഇന്നാലില്ലാഹി) **ഭാര്യ:** പി. പി ആയിശാബി. **മക്കൾ:** പി പി സാദിക്കലി (മർഹൂം), പി. പി. സാജിത, പി പി ശക്കീല. **മരുമക്കൾ:** ഹസീന (മുറിയക്കണ്ണി), എസ്. എം ശരീഫ് (വിരാജ് പേട്ട), പി. കെ മഹ്മൂദ് (മർക്കര) അല്ലാഹു പരേതന് ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.


# പി പി സാദിക്കലി സാഹിബ്



കോഴിക്കോട്: പി.പി. ഇബ്രാഹിം കുട്ടി സാഹിബിന്റെ (മർഹൂം) മകൻ പി.പി. സാദിക്കലി (മുറിയക്കണ്ണി) 2021 മാർച്ച് 6ന് വഫാത്തായി. അല്ലാഹു പരേതന് ജന്നത്തുൽ ഫിർദൗസ് നൽകുമാറാകട്ടെ. **ഭാര്യ:** ഹസീന. **മക്കൾ:** സജ്ന ബാനു, സജിൽ അഹ്മദ്. **മരുമകൾ:** അതുല്യ.

*പി.പി. സാജിത*

# സി അബ്ദുർറസ്സാഖ് സാഹിബ്



കാവശ്ശേരി ജമാഅത്തിലെ സൗമ്യ സാന്നിദ്ധ്യമായിരുന്ന സി. അബ്ദുർ റസ്സാഖ് സാഹിബ് (74) കഴിഞ്ഞ ഡിസംബർ 31 ന് വഫാത്തായി. ഇന്നാലില്ലാഹി ..........

കാവശ്ശേരിയിൽ ജമാഅത്ത് രൂപീകരണത്തെ തുടർന്ന് നാട്ടുകാരുടെ സാമൂഹിക ബഹിഷ്ക്കരണം നിലനിന്നിരുന്ന 1986 ലാണ് അദ്ദേഹം ധൈര്യപൂർവ്വം ബൈയ്യത്ത് ചെയ്തത്. **ഭാര്യ:** റുഖിയ സാഹിബ, **മക്കൾ:** അബൂബക്കർ, സൽമ, അസ്മാബി, ഉമർ, ആരിഫ, ഐഷാബി, ഉസ്മാൻ, അലി അഹ്മദ്, ആസിഫ. **മരുമക്കൾ:** മറിയ, മുഹമ്മദ് , ഉമർ, നിയാസ് കടലായി, സമീർ മൗലവി, ഷിഹാബുദ്ധീൻ (കോയമ്പത്തൂർ) എന്നിവരാണ്. അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ.

# എം സി സൈനബി സാഹിബ

കണ്ണൂർ ജമാഅത്തിലെ ആദ്യകാല അഹ്മദിയായ മർഹൂം കെ. എം ഇബ്രാഹിം കുഞ്ഞി സാഹിബിന്റെ പേരമകളും കണ്ണൂർ സിറ്റി ജമാഅത്തിലെ പരേതനായ കുനിമൽ ഹമീദ് സാഹിബിന്റെ ഭാര്യയുമായ നിറുവട്ടകത്ത് ഹൗസിൽ എം സി സൈനബി സാഹിബ (92) മണ്ണാർക്കാട് മകളുടെ വസതിയിൽ വെച്ച് 15/2/2022 ന് വഫാത്തായി. ഇന്നാലില്ലാഹി....... **മക്കൾ:** എം സി അബ്ദുൾ ഗഫൂർ സാഹിബ് (ദുബൈ), എം സി ഖദീജ സാഹിബ (ദുബൈ), എം സി റഹ്മത്ത് സാഹിബ (റിട്ട: വൈസ് പ്രിൻസിപ്പിൾ ദീനുൽ ഇസ്‌ലാം സഭ ഇംഗ്ലീഷ് മീഡിയം ഹൈയർ സെക്കണ്ടറി സ്കൂൾ), എം സി ഷക്കീല സാഹിബ (മണ്ണാർക്കാട്) **മരുമക്കൾ:** പരേതനായ എം അബ്ദുർ റഹ്മാൻ സാഹിബ് (സീനിയർ ജേർണലിസ്റ്റ്, കണ്ണൂർ), എ പി എം ഷറഫുദ്ദീൻ സാഹിബ് (തലശ്ശേരി), എ പി എം സിത്താറ സാഹിബ(തലശ്ശേരി), ടി. അബ്ദുശ്ശുക്കൂർ സാഹിബ് (മണ്ണാർക്കാട്). പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനു ഗ്രഹിക്കട്ടെ.

**പേജ് 41 ൽ നിന്ന് തുടർച്ച**

ഇതിന് അന്തർദേശീയ സഹകരണ വും ലോക ജനതക്കിടയിൽ മാനവീയമായ അവബോധവും ദാരിദ്രനിർമ്മാർജനം എല്ലാ മനുഷ്യരുടെയും ബാദ്ധ്യതയാണ് എന്ന ചിന്തയും ആവശ്യമാണ്. ഇതിന് മൂലധന ശക്തികളുടെ സ്വാർത്ഥതക്ക് വശംവദമായിപ്പോവുന്ന അന്തർദേശീയ ലോകക്രമം മാറ്റപ്പെടേണ്ടതുണ്ട്.

പലിശ നിഷിദ്ധമാക്കിയ വിശുദ്ധ ഖുർആന്റെ വചനം ഓർത്തുകൊണ്ട് ഉപസംഹരിക്കാം

**'ജനങ്ങളുടെ ധനത്തിൽ വർധനവുണ്ടാകുന്നതിന് വേണ്ടി നിങ്ങൾ പലിശയായി നൽകുന്ന ധനം, അതിൽ വർദ്ധനവുണ്ടായേക്കാം, അല്ലാഹുവിന്റെ പക്കൽ അത് വർദ്ധിക്കുന്നില്ല. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചു നിങ്ങൾ കൊടുക്കുന്ന സക്കാത്ത് (മനുഷ്യസേവനത്തിന് കൊടുക്കുന്ന ധനം വർദ്ധനവുണ്ടാക്കുന്നു) അപ്പോൾ അവർ തന്നെയാണ് ഇരട്ടിപ്പിക്കുന്നവർ (30:40). വിശ്വാസികളെ പല ഇരട്ടിയായി സ്വയം വർദ്ധിപ്പിക്കുന്ന പലിശമുതൽ നിങ്ങൾ തിന്നരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾ വിജയം പ്രാപിക്കുന്നതിന് വേണ്ടി (3: 131)'**

പേജ് 32 ൽ നിന്ന് തുടർച്ച

നങ്ങളുടെ സാംസ്കാരിക വൈവിദ്ധ്യങ്ങൾ മനസ്സിലാക്കാനും പഠിക്കാനും ഇബ്നുബത്ത്വൂത്തയുടെ സഞ്ചാരകുറിപ്പികൾ യുവജനങ്ങൾക്ക് പ്രചോദനമായിത്തീരും. അവരുടെ ജ്ഞാനചക്രവാളം വികസിപ്പിക്കാനും അത് ഉതകും. ഒരാൾ സഞ്ചരിച്ചുകൊണ്ട് സമ്പാദിക്കുന്ന ജ്ഞാനം പുസ്തകങ്ങളിൽ നിന്നും മാസ്മീഡിയയിൽ കൂടിയും ലഭിക്കുന്ന അറിവിനേക്കാൾ വിശ്വസനീയവും അനുഭവസമ്പന്നവുമാണ്. സംസ്കാരങ്ങൾ തമ്മിലുള്ള സങ്കീർണ്ണതകൾ ഇത്തരം യാത്രകൾ ലഘൂകരിക്കും. ഇബ്നു ബത്ത്വൂത്തക്ക് പാസ്പോർട്ടിനെക്കുറിച്ചും കസ്റ്റംസിനെക്കുറിച്ചും ചിന്തിക്കേണ്ടതില്ലായിരുന്നു. പക്ഷേ, നാം ഒരു കാര്യം മനസ്സിലാക്കണം. അദ്ദേഹത്തിന്റെ യാത്രാപഥം എളുപ്പമായിരുന്നില്ല. കഴുതപ്പുറത്തും, കുതിരപ്പുറത്തും ഒട്ടകപ്പുറത്തും കപ്പലുകളിലും അദ്ദേഹം സഞ്ചരിച്ചു. കൊടുങ്കാറ്റിന്റേയും, രോഗങ്ങളുടെയും, കടൽകൊള്ളക്കാരുടെയും, കവർച്ചക്കാരുടെയും നിരന്തര ഭീഷണിയെ തൃണവൽഗണിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ സഞ്ചാര പഥത്തിലൂടെ ദൃഢനിശ്ചയത്തോടെ ഇബ്നു ബത്ത്വൂത്തയുടെ ധീരതയും നിഷ്കളങ്കമായ വിജ്ഞാന പ്രതിബദ്ധതയും വിജ്ഞാനം പാനം ചെയ്യാൻ ജ്ഞാന സമുദ്രമന്വേഷിച്ചുള്ള പ്രയാണവും എല്ലാവർക്കും പ്രചോദനമാണ്.

**Ref:**


1. http//wwwfamous muslims. com.
2. Dunn Ross 'the Mamluks, the Adventures of Ibn Bathuta, University of California Press - 1986 p. 45.
3. Ibid. P. 79
4. Ibid P. 97
5. Ibid P. 124
6. Ibid P.179
7. Ibid P. 259
8. http/www ucalgary.com
9. James e preston Martin J. Geoffiery Geography in the middle ages. 2nd Edn P.52.
10. http//nchs.ucla-edu/uniti
11. http//wwwfamousmuslims.com.





ഖലീഫത്തുൽ മസീഹ് ആഹ്വാനം ചെയ്ത സ്റ്റോപ് വാർ കാംമ്പയിന്റെ ഭാഗമായി കോഴിക്കോട് ബീച്ചിൽ കോഴിക്കോട് ജില്ലാ അമീർ കെ.എം. അഹ്മദ് കോയാ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന പരിപാടി. റഫീക്ക് സാഹിബ്, മൗലവി ഹനീഫ് സാഹിബ്, മൗലവി മുനവ്വർ സാഹിബ്, ഡോ. സലാഹുദ്ദീൻ സാഹിബ് എന്നിവർ സമീപം.




എറണാകുളം അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ സംഘടിപ്പിച്ച സെമിനാറിൽ സത്യദൂതൻ എഡിറ്റർ എ എം മുഹമ്മദ് സലീം പ്രസംഗിക്കുന്നു. അഡ്വ. വി.ജെ.മാത്യു, ജില്ലാ അമീർ ടി.കെ അബൂബക്കർ, ഡോ.ബി. ഇഫ്തിഖാർ അഹ്മദ്, മൗലവി സുൽത്താൻ നസീർ എന്നിവർ സമീപം




കോഴിക്കോട് അൻസാറുല്ലാഹ് റിഫ്രഷർ കോഴ്സ് ജില്ലാ അമീർ കെ. എം. അഹ്മദ് കോയ ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ നാസിം മരക്കാർ സാഹിബ് ജില്ലാ മുബല്ലിഗ് മൗലവി നിസാർ അഹ്മദ് എന്നിവർ വേദിയിൽ

Published on 07.05.2022

Pages 44

Vol: 94 Issue. 05

Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2021-23

Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment

The Sathyadoothan Monthly




# സത്യദൂതൻ

## 97 –ാം വർഷത്തിലേക്ക്

# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും. **QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ നമ്പറും (Subscription No.) ഫോൺ നമ്പറും എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാലകളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്നതാണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

**Phone No: 9447086862 (G. Pay)**

വാർഷിക വരിസംഖ്യ 300 രൂപ.

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.

ISLAM INTERNATIONAL PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim